# സത്യദൂതൻ

2014 മെയ് | ലക്കം 5

വില ₹ 20



## ബുദ്ധമതം

മത പുരുഷന്മാരിൽ വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു ദൈവ പ്രവാചകനാണ് ശ്രീ ബുദ്ധൻ (അ) ബുദ്ധന്റെ ജീവിത യാഥാർത്ഥ്യവും സന്ദേശവും അഹ്മദിയ്യാ ഖലീഫ വിലയിരുത്തുന്നു.



Baitul Awwal_ Cape Town_ South Africa




Central Ahmadiyya Muslim Mosque_ Ilaro_ Ogun_ Nigeria




The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2014 മെയ്
ഹി.ശ.1394 – ഹിജറത്ത്
1435 – റജബ് – ശഅബാൻ
പുസ്തകം 86 ലക്കം 5
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**ലോകത്തിന് പരിചയപ്പെടുത്തുക;**
**ദൈവം കാണുന്നവനാണ്,**
**കേൾക്കുന്നവനാണ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 ഏപ്രിൽ 18 –ാം തീയതിനടത്തിയ ഖുത്ബയുടെ സംഗ്രഹം



**11**
**ബുദ്ധമതം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
മത പുരുഷന്മാരിൽ വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു ദൈവ പ്ര വാചകനാണ് ശ്രീ ബുദ്ധൻ(അ).* ബുദ്ധന്റെ ജീവിത യാഥാർഥ്യവും സന്ദേശവും അഹ്മദിയ്യാ ഖലീഫ വിലയിരുത്തുന്നു.

**19**
**ഹദ്റത്ത് അഹ്മദി(അ)ന് പ്രതിഭാശാലികളുടെ പുരസ്ക്കാരങ്ങൾ**
മുഹമ്മദ് ഉമർ

**23**
**മലക്കുകൾ**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)

**25**
**അഹ്റാരികളുടെ വ്യാമോഹവും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിജയവും**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**30**
**സിറിയയുടെ മതപൈതൃകം**
ഫസൽ അഹ്മദ്, യു.കെ
സിറിയ കുറച്ചുവർഷങ്ങളായി ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുന്നു. ദൗർഭാഗ്യകരമായ രാഷ്ട്രീയ സാഹചര്യങ്ങളും വിനാശകരമായ ആഭ്യന്തരയുദ്ധവും ഒരു ലക്ഷത്തിനുമേൽ ആളുകളുടെ മരണത്തിനിടയാക്കി. എന്നാൽ സഹസ്രാബ്ദങ്ങളായി ഈ രാജ്യം അനവധി സംസ്കാരങ്ങളുടെയും മതങ്ങളുടെയും സംഗമഭൂമിയായി നിലകൊള്ളുന്നു. സിറിയയിൽ മതത്തിന്റെ വളർച്ചയും വീഴ്ചയുമാണ് ഈ ലേഖനത്തിലൂടെ വരച്ചുകാട്ടുന്നത്.

**36**
മാലദ്വീപിലെ സ്വപ്നമത്സ്യം–4
**ആധുനിക മാലിയിലേയ്ക്ക്**
എ.ക്യു മഹ്ദി

**38**
**ശ്രീകൃഷ്ണൻ ഒരു മുസ്‌ലിം പുനർവായന**
പി. കെ വേണുഗോപാൽ

**41**
**മാപ്പിന്റെ മഹാസാഗരമായി മാറിയ ഒരു മാതാവ്**
മുസാഫിർ

**43**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അല്ലാഹുവിന്റെ ദിക്റിനും (അവങ്കൽനിന്നു) ഇറങ്ങിയ സത്യത്തിന്നും വേണ്ടി ഹൃദയങ്ങളിൽ ഭയഭക്തി യുണ്ടാവാനും മുമ്പു ഗ്രന്ഥം നൽകപ്പെട്ടവരെ പോലെ ആകാതിരിക്കാനും വിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ? അവരിൽ ഒരു ദീർഘകാലം കഴിഞ്ഞപ്പോൾ അവരുടെ ഹൃദയങ്ങൾ കടുത്ത്പോയി. അവരിലധികപേരും ആജ്ഞാലംഘകരായി തീർന്നു. (57:16)





## നബിവചനം

തീർച്ചയായും ജനങ്ങളിൽ ഒരു കാലം വരും, അന്ന് ഇസ്ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം അവശേഷിക്കും. അവരുടെ പള്ളികൾ ജനപ്പെരുപ്പമുള്ളതായിരിക്കുമെങ്കിലും അവ ഭക്തി ശൂന്യങ്ങളായിരിക്കും. അവരുടെ ആലിംകൾ ആകാശത്തിന് കീഴിൽ ഏറ്റവും നികൃഷ്ട ജീവികളായിരിക്കും. ഫിത്ന അവരിൽ നിന്നും പുറപ്പെടുകയും ഫിത്ന അവരിലേക്ക് തന്നെ മടങ്ങിചെല്ലുകയും ചെയ്യും**(മിശ്ക്കാത്ത്)**

## വാഗ്ദത്ത മസീഹിന്റെ വചനം

ഏതൊരുവന്റെ കയ്യിൽ എന്റെ ജീവൻ ഇരിക്കുന്നുവോ ആ സർവശക്തനെ സത്യം ചെയ്തുകൊണ്ടു ഞാൻ പറയുന്നു. ബുഖാരിയിലും മറ്റു സിഹാഹുകളിലും രേഖപ്പെടുത്തപ്പെട്ട ഹദീസുകളിലൂടെ തിരുനബി(സ) സുവിശേഷമറിയിച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു. **(മൽഫൂസാത്ത്)**



എഡിറ്റോറിയൽ

# മുസ്‌ലിംകൾ മറന്നുപോയ ഇസ്‌ലാമിന്റെ രക്ഷാമാർഗം

ഇസ്‌ലാം മതം അവസാനകാലത്ത് ജീർണതക്കും അധഃപതനത്തിനും വിധേയമാവുമെന്നും ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ് മുതലായ ദുഷ്ട ശക്തികൾ മുസ്‌ലിം സമൂഹത്തെ വലയം ചെയ്യുമെന്നും മുസ്‌ലിംകൾ മലവെള്ളത്തിലെ ചണ്ടികൾ പോലെ ദുർബലരാകുമെന്നും യഹൂദരെ പോലെ മുസ്‌ലിം സമൂഹത്തിൽ ഭിന്നത ഉണ്ടാകുമെന്നും മറ്റുമുള്ള നിരവധി പ്രവചനങ്ങൾ ഖുർആനിലും ഹദീസുകളിലും കാണാം. ദുരിതങ്ങളും ദുരന്തങ്ങളും വലയം ചെയ്യുന്ന ആ വിനാശകാലത്ത് മുസ്‌ലിം സമുദായത്തിന്റെ രക്ഷകനായി ഇബ്നു മറിയമിനേയും ഇമാം മഹ്ദിയേയും അല്ലാഹു നി യോഗിക്കുമെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിം ലോകം നുറ്റാണ്ടുകളായി വിശ്വസിക്കുന്നത്. പഴയകാല വയളുകളിലും മത പ്രഭാഷണങ്ങളിലും ഉലമാക്കന്മാരുടെ എഴുത്തുകളിലും ഈയൊരു പരിഹാര മാർഗമല്ലാതെ മറ്റൊരു പരിഹാര മാർഗത്തെപറ്റിയും പരാമർശിക്കപ്പെട്ടിട്ടില്ല. സമൂഹം ജീർണിക്കുമ്പോൾ ദൈവനിയുക്തനായ ഒരാൾ വന്നാണ് പുനരുജ്ജീവനം നടത്തുക എന്ന പതിവാണ് വിശുദ്ധഖുർആൻ അടക്കം ലോകത്തുള്ള എല്ലാ പൂർവ മത ഗ്രന്ഥങ്ങളും പറയുന്നത്. രാഷ്ട്രീയ കക്ഷികളുടെയും മറ്റു ഭൗതിക പ്രസ്ഥാനങ്ങളുടെയും മാതൃകയിൽ രൂപീകരിച്ച മതകക്ഷികൾക്കും സംഘടനകൾക്കും ആത്മീയമായി ജീർണിച്ച ഏതെങ്കിലുമൊരു സമൂഹത്തിന്റെ പുനരുജ്ജീവന ദൗത്യം ദൈവം ഏൽപ്പിച്ചതായോ അല്ലെങ്കിൽ അവരുടെ സ്വന്തം പരിശ്രമ ഫലമായി അങ്ങനെ സംഭവിച്ചതായോ മതചരിത്രത്തിൽ തെളിവുകളില്ല.

പക്ഷേ നാം ഇന്ന് കാണുന്ന മുസ്‌ലിം സമുദായത്തിൽ മതപുനരുജ്ജീവന-പരിഷ്ക്കരണ ദൗത്യം സ്വയം ഏറ്റെടുത്ത മുസ്‌ലിം മതകക്ഷികളുടെ ബാഹുല്യമാണ്. അല്ലാഹു ഖുർആനിൽ മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്തതും പതിമൂന്നു നൂറ്റാണ്ടുകളായി മുസ്‌ലിം സമൂഹത്തിന്റെ എല്ലാമെല്ലാമായി തുടർന്നുവന്നതുമായ ഖിലാഫത്ത് വ്യവസ്ഥ കഴിഞ്ഞ നൂറ്റാണ്ടോടുകൂടി ഇല്ലാതായി. ആ ശൂന്യത നികത്തി ഇസ്‌ലാം മതത്തെ രക്ഷപ്പെടുത്താനാണ് ഇരുപതാം നുറ്റാണ്ടിന്റെ ആരംഭത്തിൽ ഈ കക്ഷികളെല്ലാം സ്വയം രംഗപ്രവേശനം ചെയ്തത്. ഇസ്‌ലാമിനെ പ്രാദേശിക സംഘടനകളാക്കി പരസ്പരം വീറോടെ പൊരുതുക എന്നതാണ് ഈ മുസ്‌ലിം കക്ഷികളുടെ പൊതു ശൈലി. അവരുടെ ഈ പ്രവർത്തനത്തിൽ ഒരു മുസ്‌ലിം കക്ഷിയുടെ ഏറ്റവും വലിയ ശത്രു മറ്റാരുമല്ല; അപര മുസ്‌ലിം കക്ഷി തന്നെ എന്നതാണ് അവസ്ഥ!!. പ്രാദേശികമായി സംഘടിപ്പിക്കപ്പെട്ട ഈ കക്ഷികളുടെ പരസ്പര പോരാട്ടവും വിദ്വേഷ പ്രസംഗങ്ങളും അടിപിടിയും സംഘട്ടനങ്ങളും പള്ളിപിടുത്തവും മദ്രസപൂട്ടിക്കലുമെല്ലാം നാട്ടിൽ പലപ്പോഴും ക്രമസമാധാന പ്രശ്നമാകാറുണ്ട്. പരിശുദ്ധ ഇസ്‌ലാം മതത്തിന്റെ പേരിൽ മുസ്‌ലിം കക്ഷികൾ നടത്തുന്നത് നരക ശിക്ഷക്ക് അർഹമായ പ്രർത്തനങ്ങളാണ് അല്ലാതെ പുനുരുജീവനമല്ല എന്ന് വ്യക്തം. കക്ഷികളെപറ്റിയും കക്ഷിത്വത്തെ സംബന്ധിച്ചും റസൂൽ തിരുമേനി(സ) പറഞ്ഞത് എത്ര വാസ്തവം !! അവിടുന്ന് അരുളി.

***'ഒരു ജോഡി ചെരിപ്പ് അന്യോന്യം സാദൃശ്യമുള്ളതായിരിക്കുന്ന പ്രകാരം ഇസ്രായീൽക്കാരിൽ സംഭവിച്ചതെല്ലാം തീർച്ചയായും എന്റെ ഉമ്മത്തിലും സംഭവിക്കും. .......ഇസ്രായീൽകാർ എഴുപത്തിരണ്ടു കക്ഷികളായി പിരിഞ്ഞു. എന്റെ ജനമാകട്ടെ എഴുപത്തി മൂന്നു കക്ഷികളായി പിരിയും. അവരിൽ ഒരു കൂട്ടരൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അവർ (സഹാബികൾ) ചോദിച്ചു അല്ലയോ ദൈവദൂതരെ, ആ കക്ഷി ഏതാണ്? തിരു നബി(സ) പറഞ്ഞു: ഞാനും എന്റെ സഹാബിമാരുമുള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ തന്നെ.' (മിശ്ക്കാത്ത്)*** അതുകൊണ്ട് ഇസ്‌ലാമിന്റെ രക്ഷക്കുള്ളവരാണ് തങ്ങളെന്ന് പറയുന്ന കക്ഷികളെ പറ്റി റസൂൽ തിരുമേനി(സ) പറഞ്ഞ അഭിപ്രായം മുസ്‌ലിം സഹോദരരെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. റസൂൽ തിരുമേനി (സ) തന്നെ സ്വയം സാദൃശ്യപ്പെടുത്തി ***ഞാനും എന്റെ സഹാബി മാരുമുള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ*** എന്ന് വ്യക്തമായ സൂചന നൽകി പറഞ്ഞത് നുബുവ്വത്ത് കൊണ്ട് അനുഗൃഹീതനായ ഒരു ദൈവനിയോഗ വാദിയും അദ്ദേഹത്തിന്റെ അനുചരസംഘവുമാണ്. അതാണ് അല്ലാഹു ഇക്കാലത്ത് നിയോഗിച്ചയച്ച വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് അഹ്മദും (അ) അദ്ദേഹം സ്ഥാപിച്ചതും ഖിലാഫത്ത് കൊണ്ടനുഗൃഹീതമായ അഹ്മദിയ്യാ ജമാ അത്തും. ഈ സത്യത്തെ സംബന്ധിച്ച് മുസ്‌ലിം സഹോദരന്മാർ ചിന്തിക്കണമെന്ന് അഭ്യർഥിച്ചു കൊണ്ട് ഉപസംഹരിക്കുന്നു.



ഹദ്റത്ത് അഹ്മദ് (അ)

# സ്തുതിയെ വെറുക്കുക


തദ്കിറത്തുൽഔലിയ (മുസ്‌ലിം സൂഫിവര്യന്മാരുടെ കഥകൾ) യിൽ ഒരു സംഭവം വായിക്കുകയുണ്ടായി. ഒരിക്കൽ ഒരു ആൾകൂട്ടത്തിൽ വെച്ച് വൃദ്ധനായ ഒരാൾ തനിക്ക് പണത്തിന്റെ ആവശ്യം നേരിട്ടതായി അറി യിച്ചു. ഈ അപേക്ഷ കേട്ടയാൾ അപേക്ഷിച്ച വ്യക്തി ഒരു വിശുദ്ധനെന്ന് കരുതി അയാൾക്ക് ആയിരം ഉറുപ്പിക നൽകി. ഇത് സ്വീകരിച്ച വൃദ്ധൻ പണം നൽകിയ ആളുടെ ഔദാര്യത്തേയും മഹാമനസ്കത യേയും വളരെയേറെ പ്രശംസിച്ചു. പക്ഷേ ആ സന്ദർഭത്തിൽ പണം നൽകിയ വ്യക്തി വളരെയേറെ വ്യസനിക്കുകയാണുണ്ടായത്. അയാൾ കരുതിയത് താൻ ഈ ലോകത്ത് വെച്ച് വളരെയേറെ പ്രശംസിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പരലോകത്ത് വെച്ച് തനിക്ക് എന്ത് പ്രതിഫലമാണ് ലഭിക്കുക?. പരലോകത്തുള്ള പ്രതിഫലം കൂടി അതോടെ നഷ്ടമായിയെന്ന് അയാൾ കരുതി. അയാൾ ഉടൻ തന്നെ ജനകൂട്ടത്തിലേക്ക് തിരിച്ചു ചെന്നു. എന്നിട്ട് ആ പണം അയാളുടെ മാതവിന്റേതായിരുന്നു വെന്നും അത് തരാൻ അവർക്ക് ഇഷ്ടമല്ലായിരുന്നുവെന്നും പറഞ്ഞു. അങ്ങിനെ പണം വൃദ്ധന് അയാൾക്ക് തിരിച്ചു കൊടുത്തു. തുടർന്ന് ജനങ്ങളെല്ലാം അയാളെ വെറുക്കുകയും ശപിക്കുകയും ചെയ്തു. അയാൾ ഒരു കള്ളനാണെന്നും പണം നൽകാൻ ഇഷ്ടപെടാത്തയാളാണെന്നും പറഞ്ഞു. നേരം വൈകിയപ്പോൾ വൃദ്ധനായ മനുഷ്യൻ വീട്ടിലേക്ക് പോയി. അപ്പോൾ ഇയാൾ ആയിരം രൂപയുമായി വൃദ്ധന്റെ വീട്ടിലെത്തി. പൊതുജന മദ്ധ്യേസ്തുതിക്കപ്പെട്ടതിനാൽ എന്റെ പ്രവർത്തിയുടെ പരലോകത്തുള്ള പ്രതിഫലം നഷ്ടപ്പെടുമെന്ന് ഞാൻ കരുതി. അതുകൊണ്ടാണ് അപ്രകാരം ചെയ്തതെന്ന് പറഞ്ഞു. ഈ പണം താങ്കൾ എടുത്തുകൊള്ളൂ. താങ്കൾ ഇഷ്ടമുള്ളത് ചെയ്തു കൊൾക. പക്ഷേ ഒരു ഉപാധിമാത്രം ഈ വിവരം മറ്റാരോടും പറയരുത്. ഇത് കേട്ടപ്പോൾ വൃദ്ധൻ കരഞ്ഞു കൊണ്ട് പറഞ്ഞു: നേരത്തെ ഉണ്ടായ സംഭവത്തിൽ ജീവിതാവസാനം വരെ ആളുകൾ നിങ്ങളെ ശപിച്ചു കൊണ്ടേയിരിക്കും. അവർക്കെല്ലാം അറിയുക നേരത്തെ സംഭവിച്ചതാണ്. പക്ഷേ നിങ്ങൾ പണം തിരിച്ചു തന്ന കാര്യം ആരും അറിയില്ലല്ലോ

തിന്മയിലേക്ക് ചായുന്ന നഫ്സെ അമ്മാറക്കെതിരായ യുദ്ധത്തിൽ ഒരു സത്യവിശ്വാസി അവന്റെ ചിന്തകൾ മറച്ചു വെക്കാൻ ആഗ്രഹിക്കുകയും അവയെ രഹസ്യമാക്കി വെക്കുകയും ചെയ്യുന്നു. പക്ഷേ ദൈവം ആ രഹസ്യചിന്തകൾ പുറത്ത് കൊണ്ട് വരുന്നു. തിന്മ ചെയ്യുന്ന ഒരാൾ തന്റെ തിന്മകൾ മറച്ചു വെക്കാൻ ശ്രമിക്കുന്നത് പോലെ ഒരു സത്യവിശ്വാസി തന്റെ സൽക്കർമങ്ങളും രഹസ്യമാക്കിവെക്കുന്നു. അയാൾ ആരാധിക്കുകയും പ്രാർഥിക്കുകയും ചെയ്യും പക്ഷേ മറ്റുള്ളവർ അത് കാണുമോ എന്ന് ഭയക്കുന്നു. യഥാർഥ സത്യവിശ്വാസി ഒരുതരത്തിലുള്ള മൂടിയിടാൻ ആഗ്രഹിക്കുന്നു (അതായത് മറ്റുള്ളവർ കാണുന്നതിൽ നിന്നും മറയിടുന്നു)

സത്യവിശ്വാസത്തിന് പല നിലകളുമുണ്ട്. പക്ഷേ ശക്തിമത്തായ പ്രവർത്തനങ്ങൾക്ക് തഖ്‌വയുടെ ആവശ്യ മുണ്ട്. (സത്യവിശ്വാസത്തിന്റെ ആദ്യഘട്ടം) ഒരു മുത്തഖി (സത്യ വിശ്വാസത്തിന്റെ പ്രഥമഘട്ടത്തിലുള്ള ആൾ) നിരന്തരമായി യുദ്ധത്തിൽ (തിന്മയുടെ ആത്മാവുമായി) ഏർപ്പെടുന്ന ആളായിരിക്കാം. സാലിഹ് ഈ ഘട്ടം തരണം ചെയ്ത ആളായിരിക്കും.

ശേഷം പേജ് 10 ൽ

# ലോകത്തിന് പരിചയപ്പെടുത്തുക; ദൈവം കാണുന്നവനാണ്, കേൾക്കുന്നവനാണ്



(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 ഏപ്രിൽ 18-ാം തീയതി നടത്തിയ ഖുത്ബ യുടെ സംഗ്രഹം

**ഹ**ദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ലിഖിതങ്ങളിൽ അല്ലാഹുവിന്റെ യാഥാർഥ്യമെന്താണെന്നും അവന്റെ സ്ഥാനമെന്താണെന്നും വിവരിച്ചിരിക്കുന്നു. സർവശക്തികളുടേയും ഉടമസ്ഥനും ഏകനും പങ്കുകാരനില്ലാത്തവനുമായ സ്ഥാനമാണ് അവനുള്ളത്. സകല സൃഷ്ടികളുടേയും സ്രഷ്ടാവ് അവൻ തന്നെയാണ്. സകല വസ്തുക്കൾക്കും നാശമുണ്ട്. പക്ഷേ, അവന് നാശമില്ല. ഈ പ്രപഞ്ചത്തിന്റെ നാഥനായ അല്ലാഹുവിൽ എത്തുന്നതിനുള്ള മാർഗം മുഹമ്മദു മുസ്തഫാ(സ)യുടെ അസ്തിത്വമാണെന്നും ആ മഹാത്മാവ് പറഞ്ഞിരിക്കുന്നു. നബി(സ) തിരുമേനി മുഖേന മാത്രമേ അല്ലാഹുവിന്റെ അടുത്ത് എത്താൻ കഴിയുകയുള്ളു. അവന്റെ സൗന്ദര്യത്തിലും അനുഗ്രഹങ്ങളിലും അവന് തുല്യനായി ആരുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു: 'അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങൾ കാണുന്നതിന് നിഷ്കളങ്കമായി അവന്റെ മുമ്പിൽ കുനിയേണ്ടത് നിർബന്ധമാണ്. അവനെ ആരാധിക്കേണ്ടത് നിർബന്ധമാണ്. ഈ അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ അല്ലാഹു ഓടിവന്ന് മനുഷ്യനെ ആലിംഗനം ചെയ്യുന്നതാണ്. അവന്റെമേൽ തന്റെ അനുഗ്രഹമഴ വർഷിക്കുന്നതാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ വേദനയോടെ പറഞ്ഞു: 'നിങ്ങളുടെ ദീനും ദുൻയാവും മനോഹരമായിത്തീരുന്നതിനുവേണ്ടി അത്തരം അല്ലാഹുവുമായി നിങ്ങൾ ബന്ധം സ്ഥാപിക്കുക.' അല്ലാഹുവിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് ആ മഹാത്മാവ് ഒരിടത്ത് പറഞ്ഞു: 'അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു. എന്നുവച്ചാൽ, ഉയർച്ചകളിലും താഴ്ചകളിലും കാണപ്പെടുന്ന എല്ലാ ഓരോ പ്രകാശവും അത് ആത്മാക്കളിലായാലും ശരീരങ്ങളിലായാലും വസ്തുനിഷ്ഠമായാലും പ്രതിരൂപപരമായാലും പ്രത്യക്ഷമായാലും പരോക്ഷമായാലും ബൗദ്ധികമായാലും ഇതരമായാലും അല്ലാഹുവിന്റെ മാത്രം അനുഗ്രഹങ്ങളിൽനിന്നുള്ള ദാനമാകുന്നു. സർവലോക രക്ഷിതാവായ അല്ലാഹുവിന്റെ പൊതുവായ അനുഗ്രഹം എല്ലാ വസ്തുക്കളേയും ആവരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അവന്റെ അനുഗ്രഹത്തിൽനിന്ന് ഒരു വസ്തുവും ഒഴിഞ്ഞു പോയിട്ടില്ലെന്നുമുള്ള വസ്തുതയാണ് ഇത് സൂചിപ്പിക്കു

ന്നത്.'

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'വിശുദ്ധ ഖുർആനിൽ നമ്മുടെ അല്ലാഹു തന്റെ ഗുണവിശേഷങ്ങളെ കുറിച്ച് പറയുന്നു, **ഖുൽ ഹുവല്ലാഹു അഹദ് -അല്ലാഹുസ്സമദ്- ലം യലിദ്- വലം യൂലദ്- വലംയകുല്ലഹൂ കുഫുവൻ അഹദ്-** അതായത് നിങ്ങളുടെ ദൈവം തന്റെ സത്തയിലും ഗുണവിശേഷങ്ങളിലും ഏകനാകുന്നു. ഒരു സത്തയും അവന്റെ സത്ത പോലെ അനാദ്യവും അനന്തവുമായിട്ടില്ല. ഏതെങ്കിലും വസ്തുവിന്റെ ഗുണവിശേഷങ്ങൾ അവന്റെ ഗുണവിശേഷങ്ങൾ പോലെയുമില്ല. മനുഷ്യന്റെ അറിവ് ഏതെങ്കിലും അധ്യാപകനെ ആശ്രയിച്ചുനില്ക്കുന്നു. അതാണെങ്കിൽ പരിമിതവുമാണ്. എന്നാൽ, അവന്റെ *(അതായത് അല്ലാഹുവിന്റെ)* അറിവ് ഒരു അധ്യാപകനേയും ആശ്രയിച്ചുനില്ക്കുന്നില്ല. എന്നല്ല അത് അപരിമിതവുമാണ്. മനുഷ്യന്റെ ശ്രവണം വായുവിനെ ആശ്രയിച്ചു നില്ക്കുന്നു. അത് പരിമിതവുമാണ്. എന്നാൽ, ദൈവത്തിന്റെ ശ്രവണം സ്വപ്രഭാവത്തിൽനിന്നുള്ളതാണ്. അത് അപരിമിതവുമാണ്. മനുഷ്യന്റെ കാഴ്ച സൂര്യനേയോ മറ്റേതെങ്കിലും പ്രകാശത്തേയോ ആശ്രയിച്ചുനില്ക്കുന്നു. അത് പരിമിതവുമാണ്. എന്നാൽ, അല്ലാഹുവിന്റെ കാഴ്ച സ്വപ്രഭാവത്തിൽനിന്നുള്ളതാണ്. അത് അപരിമിതവുമാണ്. അപ്രകാരംതന്നെ മനുഷ്യന്റെ സൃഷ്ടിക്കാനുള്ള കഴിവ് ധാതുക്കളേയും കാലത്തേയും ആശ്രയിച്ചു നില്ക്കുന്നു. അത് പരിമിതവുമാണ്. പക്ഷേ, അല്ലാഹുവിന്റെ സൃഷ്ടിപ്പ് ഒരു ധാതുവിനേയും കാലത്തേയും ആശ്രയിച്ചിട്ടുള്ളതല്ല. അത് അപരിമിതവുമാണ്. കാരണം അവന്റെ എല്ലാ ഗുണവിശേഷങ്ങളും അതുല്യവും സമാനതകളില്ലാത്തതുമാണ്. അവനു സമനായി ആരുമില്ല. അവന്റെ ഗുണവിശേഷങ്ങൾക്ക് തുല്യമായും ഒന്നുമില്ല. അവൻ ഒരു ഗുണവിശേഷത്തിൽ കുറവുള്ളവനാണെങ്കിൽ എല്ലാ ഗുണവിശേഷങ്ങളിലും കുറവുള്ളവനായിരിക്കും. അതിനാൽ അവന്റെ ഏകത്വം നിലനിൽക്കുകയില്ല. അവന്റെ സത്തപോലെതന്നെ അവന്റെ എല്ലാ ഗുണവിശേഷങ്ങളും അതുല്യവും സമാനതകളില്ലാത്തതുമായിരിക്കണം.'

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'മുകളിൽ പ്രതിപാദിച്ച ആയത്തിന്റെ തുടർന്നുള്ള അർഥം ഇപ്രകാരമാണ്. 'അല്ലാഹു ആരുടേയും പുത്രനല്ല. അവനൊട്ടു പുത്രനുമില്ല. കാരണം അവൻ തന്റെ സത്തയിൽ സർവഗുണസമ്പന്നനാണ്. അവന് പിതാവിന്റെ ആവശ്യമില്ല. പുത്രന്റേയും ആവശ്യമില്ല.' ഇതു വിശുദ്ധ ഖുർആൻ പഠിപ്പിച്ച ഏകദൈവത്വ സിദ്ധാന്തമാണ്. ഈമാനിന്റെ അച്ചുതണ്ടാണ്.

പിന്നീട് അല്ലാഹുവിന്റെ ഏകത്വത്തിന് വിശുദ്ധഖുർആനിൽനിന്നുതന്നെ ബുദ്ധിപരമായ തെളിവ് നല്കിക്കൊണ്ട് പറയുന്നു: 'പിന്നീട് അതിനുശേഷം അവൻ പങ്കുകാരാരുമില്ലാത്തവനാണെന്നതിന് ബുദ്ധിപരമായ ഒരു തെളിവ് വിവരിച്ചു. **ലവ് കാന ഫീഹിമാ ആലിഹത്തൻ ഇല്ലല്ലാഹു ലഫസദത്താ** (21:23)**വമാ കാന മഅഹൂ മിൻ ഇലാഹിൻ** (23:92)- അതായത് ആകാശഭൂമികളിൽ അവനെക്കൂടാതെ മറ്റൊരു ദൈവം ഉണ്ടായിരുന്നെങ്കിൽ ഇരുവരും തെറ്റിപ്പിരിയുമായിരുന്നു. കാരണം ദൈവങ്ങളുടെ ആ ബഹുത്വം പരസ്പരം എതിർ പ്രവർത്തനം നടത്തുമെന്നത് ഉറപ്പാണ്. ആ ഭിന്നിപ്പും ആ ചേരിതിരിവും കൊണ്ട് പ്രപഞ്ചത്തിൽ കുഴപ്പങ്ങൾക്ക് വഴി തുറക്കും. വെവ്വേറെ സ്രഷ്ടാവുണ്ടായിരുന്നെങ്കിൽ ഓരോരുത്തരും അവരവരുടെ സൃഷ്ടികളുടെ ക്ഷേമകാര്യത്തിലായിരിക്കും ശ്രദ്ധിക്കുക. സ്വന്തം ആളുകളുടെ സൗഖ്യത്തിനായി അന്യരെ നശിപ്പിക്കാൻ മുതിരുകയും ചെയ്യും. അങ്ങനെ അതും ലോകത്തിന്റെ നാശത്തിന് കാരണമായിത്തീരും. അതുകൊണ്ട് ഒന്നിലധികം ദൈവമുണ്ടാകുന്ന പ്രശ്നമേ ഉദിക്കുന്നില്ല.'

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഇസ്‌ലാം മതത്തിന്റെ സകല കല്പനകളുടേയും യഥാർഥ ഉദ്ദേശ്യം, ഇസ്‌ലാം എന്ന പദത്തിൽ പറഞ്ഞിരിക്കുന്ന ആ യാഥാർഥ്യം വരെ കൊണ്ടെത്തിക്കുക എന്നതാണ്. ഇതേ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ പ്രിയപ്പെട്ടവനാക്കുന്നതിന് പ്രേരണ നല്കുന്ന അധ്യാപനങ്ങൾ വിശുദ്ധഖുർആനിലുണ്ട്. ചിലയിടത്ത് അവന്റെ സൗന്ദര്യവും അഴകും കാണിക്കുന്നു. ചിലയിടത്ത് അവന്റെ ഉപകാരങ്ങളെ ഓർമിപ്പിക്കുന്നു. കാരണം ആരോടെങ്കിലുമുള്ള സ്നേഹം മനസ്സിൽ കുടിയിരിക്കുന്നത് ഒന്നുകിൽ സൗന്ദര്യം മുഖേനയായിരിക്കും. അല്ലെങ്കിൽ ഉപകാരം മുഖേനയായിരിക്കും. അല്ലാഹു തന്റെ എല്ലാ ഗുണവിശേഷങ്ങളുടേയും അടിസ്ഥാനത്തിൽ പങ്കുകാരാരുമില്ലാത്ത ഏകനാണ്. അവനിൽ ഒരു കുറവുമില്ല. സമ്പൂർണമായ ഗുണവിശേഷങ്ങളുടെ സമുച്ചയമാണവൻ. *(എല്ലാ ഗുണവിശേഷങ്ങളും അവനിൽ സമ്പൂർണമായി സമ്മേളിച്ചിരിക്കുന്നു).* എല്ലാ പരിശുദ്ധ ശക്തിപ്രഭാവങ്ങളുടേയും പ്രതീകമാണവൻ. *(അതായത് എല്ലാ പരിശുദ്ധ ശക്തികളുടേയും വെളിപ്പെടൽ അവനിൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്നു).* എല്ലാ സൃഷ്ടികളുടേയും ഉത്ഭവസ്ഥാനമാണവൻ. എല്ലാ കൃപാദാനത്തിന്റേയും ഉറവിടമാണവൻ. *(എല്ലാ കൃപയും അവനിൽനിന്ന് ലഭിക്കുന്നു).* എല്ലാ രക്ഷാശിക്ഷയുടേയും അധികാരിയാണവൻ. എല്ലാ കാര്യങ്ങളുടേയും മടക്കസ്ഥാനമാണവൻ. അവൻ അകലത്തുള്ളവനാണെങ്കിലും അടുത്തുള്ളവനാണ്. അടുത്താണെങ്കിലും അവൻ അകലത്താകുന്നു. അവൻ എല്ലാത്തിലും മേലെയാകുന്നു. എന്നാൽ, അവന്റെ കീഴെ മറ്റാരെങ്കിലും ഉണ്ടെന്നും പറഞ്ഞുകൂടാ. അവൻ എല്ലാ വസ്തുക്കളെക്കാളും അധികം മറഞ്ഞിരിക്കുന്നവനാണ്. എന്നാൽ, അവനെക്കാൾ കൂടുതൽ പ്രത്യക്ഷനായവൻ ആരെങ്കിലു

മുണ്ടോ എന്ന് പറയാൻ പറ്റുകയില്ല. അവൻ തന്റെ സത്തയാൽ ജീവനുളളവനാണ്. എല്ലാ ഓരോവസ്തുവും അവനോടൊപ്പം സജീവമാണ്. *(ഹയ്യ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സജീവനും ജീവദാതാവും എന്നാണ്).* സ്വന്തം സത്തയിൽ നിലനില്ക്കുന്നവനാണവൻ. എല്ലാ ഓരോ വസ്തുവും അവനോടൊപ്പം നിലകൊളളുന്നു. എല്ലാ ഓരോ വസ്തുവിനേയും അവൻ വഹിച്ചുകൊണ്ടിരിക്കുന്നു. അവൻ വഹിച്ചിട്ടില്ലാത്തതായ ഒരു വസ്തുവുമില്ല. *(അതായത് എല്ലാ വസ്തുക്കളുടേയും ബന്ധനം അല്ലാഹുവിന്റെ സത്തയിൽതന്നെയാണുളളത്).* സ്വയംഭൂവായിട്ടുള്ളത് അവനല്ലാതെ മറ്റൊന്നുമില്ല. അവനെക്കൂടാതെ സ്വയം ജീവിക്കാൻ കഴിയുന്നതും ഒന്നുമില്ല. അവൻ എല്ലാ ഓരോ വസ്തുവിനേയും വലയം ചെയ്തിരിക്കുന്നു. എന്നാൽ, എങ്ങനെയാണ് വലയം ചെയ്തിരിക്കുന്നതെന്ന് പറയാൻ സാധ്യമല്ല. അവൻ ആകാശത്തിന്റേയും ഭൂമിയുടേയും എല്ലാ ഓരോ വസ്തുവിന്റേയും പ്രകാശമാണ്. എല്ലാ ഓരോ പ്രകാശവും അവന്റെ കൈയാൽ വിളങ്ങുകയും അവന്റെ തന്നെ സത്തയുടെ പ്രതിച്ഛായയുമാണ്. അവൻ സകല ലോകത്തിന്റേയും പരിപാലകനാണ്. അവനാൽ വളർച്ച പ്രാപിച്ചിട്ടില്ലാത്തതും സ്വയവെ വളർച്ച പ്രാപിച്ചിട്ടുളളതുമായ ഒരു ആത്മാവുമില്ല. അവനിൽനിന്ന് ശക്തിലഭിച്ചിട്ടില്ലാത്തതും സ്വയവെ ശക്തിയുളളതുമായ ഒരു ആത്മാവുമില്ല. അവന്റെ കാരുണ്യങ്ങൾ രണ്ടു തരത്തിലുണ്ട്. ഏതെങ്കിലും പ്രവർത്തകന്റെ പ്രവർത്തനഫലമൊന്നും കൂടാതെ പണ്ടുപണ്ടേമുതൽ പ്രകടമായിക്കഴിഞ്ഞിട്ടുളളതാണ് ഒന്ന്. ഉദാഹരണമായി ഭൂമി, ആകാശം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വെളളം, അഗ്നി, വായു, അതുപോലെ നമ്മുടെ സൗഖ്യത്തിനായി സൃഷ്ടിച്ചിട്ടുള്ള എല്ലാ അണുക്കളും. അപ്രകാരംതന്നെ ഏതേതെല്ലാം വസ്തുക്കളാണോ നമുക്ക് ആവശ്യമുണ്ടായിരുന്നത് അതെല്ലാം നമ്മൾ ജനിക്കുന്നതിനു മുമ്പേ നമുക്ക് സംഘടിപ്പിച്ചു തന്നിരിക്കുന്നു. നമ്മൾതന്നെയും ഇല്ലാതിരുന്ന കാലത്താണ് ഈ സംവിധാനമെല്ലാം ഇവിടെ ഒരുക്കിയത്. നമ്മുടെ ഒരു പ്രവർത്തനത്തിന്റേയും ഫലമായിട്ടല്ല. തന്റെ കർമഫലമായിട്ടാണ് സൂര്യനുണ്ടായതെന്ന് ആർക്കാണ് പറയാൻ കഴിയുക. ഭൂമി തന്റെ ശുദ്ധകർമത്തിന്റെ ഫലമായിട്ടുണ്ടായതാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? മനുഷ്യരും അവരുടെ കർമങ്ങളും ഉണ്ടാകുന്നതിനുമുമ്പേ പ്രകടമായ കാരുണ്യമാണിത്. അത് ജനങ്ങളുടെ കർമഫലമായിട്ടുണ്ടായതല്ല. രണ്ടാമത്തെ കാരുണ്യമെന്നു പറയുന്നത് കർമങ്ങൾക്കനുസരിച്ച് വഴിക്കുവഴിയായി ഉണ്ടാകുന്നതാണ്. *(കർമങ്ങൾ ചെയ്യുമ്പോൾ, സൽക്കർങ്ങൾ ചെയ്യുമ്പോൾ അതിനുള്ള പ്രതിഫലം നല്കുന്നു).*

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഇപ്പോൾ അല്ലാഹുവിന്റെ അടുത്ത് എത്തുന്നതിന് ഒരേയൊരു വഴിയെയുളളൂ. ഇക്കാലഘട്ടത്തിൽ ആ വഴി നബി(സ)തിരുമേനിയുടെ വ്യക്തിത്വമാണ്.'

വീണ്ടും പറയുന്നു: 'ആ സർവശക്തനും സത്യവാനും സമ്പൂർണനുമായ ദൈവത്തിന് നമ്മുടെ ആത്മാവും നമ്മുടെ ഓരോ അണുവും സുജൂദ് ചെയ്യുന്നു. അവന്റെ കൈയാൽ എല്ലാ ഓരോ ആത്മാവും സൃഷ്ടികളുടെ എല്ലാ ഓരോ അണുവും അവന്റെ എല്ലാ കഴിവുകളോടുംകൂടി പ്രകടമായി. അവന്റെ അസ്തിത്വത്താലാണ് എല്ലാ ഓരോ അസ്തിത്വവും നിലകൊളളുന്നത്. അവന്റെ അറിവിൽനിന്നും അവന്റെ നിയന്ത്രണത്തിൽനിന്നും അവന്റെ സൃഷ്ടിയിൽനിന്നും പുറത്ത് ഒരു വസ്തുവുമില്ല. ആയിരോപിയായിരം സ്വലാത്തും സലാമും റഹ്മത്തുകളും ബർക്കത്തുകളും ആ പരിശുദ്ധ നബി(സ)തിരുമേനിയുടെ മേൽ ഇറങ്ങുമാറാകട്ടെ. ആ മഹാത്മാവു മുഖേന നാം ആ ജീവനുളള ദൈവത്തെ പ്രാപിച്ചു. അവൻ നേരിട്ട് സംസാരിച്ച് തന്റെ അസ്തിത്വത്തിനുളള അടയാളം സ്വയം നമുക്ക് തന്നു. അമാനുഷികമായ അടയാളങ്ങൾ കാണിച്ച് തന്റെ പണ്ടേയുളള സമ്പൂർണ ശക്തിയുടേയും കഴിവുകളുടേയും തിളക്കമാർന്ന മുഖം നമുക്കു കാണിക്കുന്നു. നമുക്ക് ദൈവത്തെ കാണിച്ചുതന്ന റസൂലിനെ നാം പ്രാപിച്ചു. തന്റെ സമ്പൂർണ ശക്തികൊണ്ട് എല്ലാ വസ്തുക്കളേയും സൃഷ്ടിച്ച അല്ലാഹുവിനെ പ്രാപിച്ചു. അവന്റെ ശക്തിപ്രഭാവം എത്രമാത്രം മാഹാത്മ്യം ഉൾക്കൊളളുന്നതാണ്. അതുകൂടാതെ ഒരു വസ്തുവും ആകൃതി പ്രാപിച്ചിട്ടില്ല. അവന്റെ സഹായമില്ലാതെ ഒരു വസ്തുവിനും നിലനില്ക്കാനും സാധ്യമല്ല. നമ്മുടെ സത്യവാനായ ആ ദൈവം അസംഖ്യം അനുഗ്രഹങ്ങൾ ചെയ്യുന്നവനാണ്. അസംഖ്യം ശക്തികൾ ഉൾക്കൊളളുന്നവനാണ്. അസംഖ്യം സൗന്ദര്യമുളളവനാണ്. അസംഖ്യം ഉപകാരങ്ങൾ ചെയ്യുന്നവനാണ്. അവനല്ലാതെ മറ്റൊരു ദൈവവുമില്ല.

അല്ലാഹുവിൽ വിശ്വസിക്കാത്തവരെ സംബന്ധിച്ച് ആ മഹാത്മാവ് പറയുന്നു: 'ദൈവത്തിന്റെ അസ്തിത്വം അദൃശ്യങ്ങളിൽ അദൃശ്യവും പിന്നിന്റെ പിന്നിലുളളതും അതിസൂക്ഷ്മവുമാണ്. മനുഷ്യബുദ്ധിയ്ക്ക് സ്വന്തം കഴിവുകൊണ്ട് അവനെ അന്വേഷിച്ച് കണ്ടെത്താൻ കഴിയുകയില്ല.*(അവൻ മറഞ്ഞിരിക്കുന്ന അസ്തിത്വമാണ്. ബുദ്ധികൊണ്ട് അവനെ കണ്ടെത്താൻ കഴിയില്ല. നിരീശ്വരവാദികൾ ചോദിക്കുന്നത് ബുദ്ധികൊണ്ട് എങ്ങനെ ദൈവത്തെ മനസ്സിലാക്കാമെന്നാണ്. ബുദ്ധികൊണ്ട് മാത്രം മനസ്സിലാകണമത്രെ!)*ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'സ്വന്തം കഴിവുകൊണ്ട് ദൈവത്തെ കണ്ടെത്താൻ കഴിയില്ല. ബുദ്ധിപരമായ ഒരു തെളിവും അവന്റെ അസ്തിത്വത്തിന് അഖണ്ഡിതമായ തെളിവാകുകയില്ല. കാരണം ബുദ്ധിയുടെ പാച്ചിലും ശ്രമവും കൊണ്ട് എത്രമാത്രം പ്രയോജനമുണ്ടാകുമെന്നുവച്ചാൽ ഈ ലോകത്തെ നിർമിതവസ്തുക്കളെ കണ്ടുകൊണ്ട്

അതിന് ഒരു നിർമാതാവ് ഉണ്ടായിരിക്കാം എന്ന അവസ്ഥയിലെത്താൻ കഴിയും. *(ഏതെങ്കിലും വസ്തുവിനെ കണ്ടാൽ അതിനെ ഉണ്ടാക്കിയിട്ടുള്ള ആരെങ്കിലും ഉണ്ടാവണം എന്ന നിലവരെ മാത്രമേ ബുദ്ധിയ്ക്കെത്താൻ കഴിയൂ).* എന്നാൽ ആവശ്യകതയുടെ അനുഭവം മറ്റൊന്നാണ്. ഏതൊരു ദൈവത്തിന്റെ ആവശ്യകതയാണോ അംഗീകരിക്കപ്പെട്ടത് അവനെ സംബന്ധിച്ച് ഗോചരജ്ഞാനംവരെ എത്തുകയെന്നതും അവൻ യഥാർഥത്തിൽ ഉണ്ടെന്ന് ദൃഢബോധം വരുന്നതും മറ്റൊരു കാര്യമാണ്. *(ഒരുദൈവത്തിന്റെ ആവശ്യകതയുണ്ട്. അവൻ ഉണ്ടുതാനും. അതായത് ഇല്ലെങ്കിൽ ഇത് തികച്ചും വേറൊരു കാര്യമാണ്.)* ബുദ്ധിയുടെ മാർഗം ന്യൂനവും അപൂർണവും സംശയമുള്ളതുമാണ്. അതുകൊണ്ട് എല്ലാ ഓരോ തത്ത്വജ്ഞാനിക്കും ബുദ്ധികൊണ്ടു മാത്രം ദൈവത്തെ തിരിച്ചറിയാൻ കഴിയില്ല. ബുദ്ധികൊണ്ട് ദൈവത്തെ തിരിച്ചറിയാൻ ആഗ്രഹിക്കുന്നവരിൽ പലരും അവസാനം നിരീശ്വരവാദികളായിത്തീരുന്നു.

അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസം ഉണ്ടാക്കിപ്പിക്കുന്നതിനുവേണ്ടി എല്ലാ കാര്യങ്ങളിലും മനുഷ്യന്റെ ശ്രദ്ധ അല്ലാഹുവിൽ മാത്രം വെക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ വേദനയോടെ പറയുന്നു: 'സർവശക്തനായ ഒരു ദൈവമുണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവിലേക്ക് ഓടിവരിൻ! ഇതു നിങ്ങൾക്കു ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാൻ ഈ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏത് ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ!

ആ ജീവസുറ്റ ദൈവത്തിന്റെ സന്ദേശം ഇക്കാലഘട്ടത്തിന്റെ ഇമാമിനേയും നബി(സ)തിരുമേനിയുടെ സത്യവാനായ പ്രേമിയേയും പിൻപറ്റിക്കൊണ്ട് ലോകത്തിന് എത്തിച്ചുകൊടുക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ജീവനുള്ള ദൈവമുണ്ടെന്ന് ലോകത്തിന് ബോധ്യം വരുത്തിക്കൊടുക്കുന്നവരായിത്തീരട്ടെ. ഇപ്പോഴും അവൻ കേൾക്കുന്നു. അടയാളം കാണിക്കുകയും ചെയ്യുന്നു. അവനിലേക്ക് മടങ്ങുക. അവനിലേക്ക് വരിക. നമ്മൾതന്നെയും ആ ദൈവവുമായി ബന്ധം ഉണ്ടാക്കുന്നവരായി മാറട്ടെ. ആ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരായി തീരട്ടെ. അവനോടുള്ള ആരാധനയുടെ കടമ നിർവഹിക്കുന്നവരാകട്ടെ. അവന്റെ ഗുണവിശേഷങ്ങളെ കുറിച്ച് ശരിയായ അറിവ് കരസ്ഥമാക്കുന്നവാരാകട്ടെ. അവന്റെ പാരിതോഷികങ്ങൾക്ക് അനന്തരാവകാശികൾ ആകട്ടെ. നമ്മുടെ മക്കളും നമ്മളും അന്യാരാധനയിൽനിന്ന് എപ്പോഴും സുരക്ഷിതരായിരിക്കട്ടെ. ആമീൻ.

വിവ. മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ)

---

ശേഷം പേജ് 10 ൽ

ഒരു മുത്തഖി പ്രകടനാത്മകതയുമായി നിരന്തരം യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കേണ്ട കാര്യത്തെ പറ്റി നേരത്തെ പറഞ്ഞു കഴിഞ്ഞു. ചിലപ്പോൾ പ്രകടനാത്മകതയും ആത്മസംയമനവും തമ്മിൽ സംഘട്ടനത്തിൽ വരുന്നു. ഒരാൾക്ക് ദേഷ്യം (അകാരണമായി) പിടിക്കുകയാണെങ്കിൽ ഇത് ദൈവത്തിന്റെ ഗ്രന്ഥത്തിലുള്ള തിനെതിരാണ്. ഒരു പക്ഷേ അയാൾക്ക് ദ്വേഷ്യം വന്നത് അയാളെ മറ്റൊരാൾ ചീത്ത പറഞ്ഞത് കൊണ്ടായിരിക്കാം. അയാളുടെ സ്വാർഥപരമായ അഹങ്കാരമാണ് അത് കേട്ടപ്പോൾ ആദ്യം മുന്നോട്ട് വന്നത്. എന്നാൽ തഖ്വ അദ്ദേഹത്തോടാവശ്യപ്പെടുന്നത് ദ്വേഷ്യത്തിൽ നിന്നും വിട്ടു നിൽക്കാനാണ്. ഖുർആൻ പറയുന്നു:

വ്യർഥമായ കാര്യങ്ങളുടെ അരികിലൂടെ കടന്നു പോകുന്നതിനാൽ (അതിൽ പ്രവേശിക്കാതെ മാന്യന്മാരായി അവർ നടന്നു പോകുന്നതാണ്. (25: 73)

അത്പോലെ മുത്തഖിയും അക്ഷമക്കെതിരെ യുദ്ധം ചെയ്യേണ്ടതുണ്ട്. തഖ്വയുടേയും സത്യവിശ്വാ സത്തിന്റെയും വഴിയിൽ സഞ്ചരിക്കുന്ന ഒരാൾക്ക് ധാരാളം പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടി വരും. അദ്ദേഹത്തിന് തന്റെ അഭിലഷിതമായ ലക്ഷ്യത്തിലെത്തിച്ചേരുക എന്നത് വളരെയേറെ പ്രയാസകരമായിരിക്കും. ഇക്കാരണത്താലാണ് അയാൾ അക്ഷമനാകുന്നത്. ഉദാഹരണത്തിന് ഒരു കിണറിന് അൻപത് മുഴം ആഴത്തിൽ കുഴിക്കേണ്ടതുണ്ടെന്ന് കരുതുക. രണ്ടോ നാലോ മുഴം കുഴിച്ച് ഈ പ്രവൃത്തിഉപേക്ഷിക്കുകയാണെങ്കിൽ ഇത് വ്യക്തമായ അവിശ്വസ്തതയത്രെ മറ്റൊന്നുമല്ല. (ലഭിക്കേണ്ട ഫലത്തെക്കുറിച്ചുള്ള അവിശ്വസ്തത) തഖ്വയുടെ അടിയിലുള്ള അവസ്ഥ ഇത് പോലെയാണ് മാർഗദർശനത്തിനായുള്ള ദൈവിക നിയമങ്ങൾ നിറവേറ്റപ്പെടണമെങ്കിൽ ഒരു പരിധിവരെ അതെത്തിക്കേണ്ടതുണ്ട്. അക്ഷമനാകാൻ പാടില്ല. (മൽഫൂസാത്ത്)

# ബുദ്ധമതം

മത പുരുഷന്മാരിൽ വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു ദൈവ പ്രവാചകനാണ് ശ്രീ ബുദ്ധൻ(അ).* ബുദ്ധന്റെ ജീവിത യാഥാർഥ്യവും സന്ദേശവും അഹ്മദിയ്യാ ഖലീഫ വിലയിരുത്തുന്നു.



ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് നാലാമൻ

തങ്ങളുടെ കൂട്ടത്തിൽ ദൈവത്തിന്റെ അസ്തിത്വത്തെ പറ്റി യാതൊന്നും പറയാത്ത ഒരു ജീവിത ദർശനമാണ് ബുദ്ധമതം എന്നാണ് ലോകത്ത് ബുദ്ധമതത്തെ പറ്റിനിലനിൽക്കുന്ന പൊതുവെയുള്ള ധാരണ. ഈ ധാരണ ഭാഗികമായി മാത്രം ശരിയാണ്. സമകാലീന ലോകത്ത് നിലനിൽക്കുന്ന ബുദ്ധമതത്തെ സംബന്ധിച്ച് പോലും, അവരിൽപ്പെട്ട ഒരു കക്ഷിയും ദൈവത്തിലോ ദൈവങ്ങളിലോ വിശ്വസിക്കുന്നില്ല എന്ന് പറയുന്നത് ശരിയല്ല. ബുദ്ധമതത്തിലെ മഹായാന മതക്കാരും തെരാവാദി*കളും മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന ആത്യന്തിക ജ്ഞാനത്തിൽ മാത്രമാണ് വിശ്വസിക്കുന്നത്. ആ ജ്ഞാനം കൊണ്ടാണ് ബുദ്ധൻ(അ) പൂർണനായത് എന്നും അവർ വിശ്വസിക്കുന്നു. ദൈവത്തിനു പകരമായി അവർ ധാരാളം അന്ധവിശ്വാസങ്ങളിലും പൈശാചിക ശക്തികളിലും വിശ്വസിക്കുന്നുണ്ട്. ബുദ്ധമതക്കാർ ദൈവ നിഷേധികളാണ് എന്ന സങ്കൽപം ഒരർഥത്തിൽ തെറ്റാണ്. മറ്റേതൊരു വെളിപാട് മതത്തെയും പോലെ ദൈവത്തിന്റെ ഏകത്വത്തിൽ ഊന്നിക്കൊണ്ട് ആരംഭിച്ച ഒരു മതമാണ് ബുദ്ധമതമെന്ന് അതിന്റെ പ്രാഥമിക സ്രോതസ്സിൽ നിന്നുള്ള മതിയായ തെളിവുകളോടെ നമുക്ക് തെളിയിക്കാനാവും.

ബുദ്ധമതത്തിൽ ബുദ്ധന്റെ (ക്രി. മു 563-483) സ്ഥാനത്തെക്കുറിച്ചു പറയുമ്പോൾ അദ്ദേഹം മറ്റു ദേവൻമാരെപ്പോലെ ബുദ്ധമതത്തിൽ ആരാധിക്കപ്പെടുന്നില്ല. ബുദ്ധമതത്തിൽ ബുദ്ധന് നൽകപ്പെട്ട ബഹുമാനവും മറ്റു മതങ്ങളിൽ ദൈവത്തിന് അർപ്പിക്കപ്പെടുന്ന ആരാധനയും തമ്മിൽ വളരെ കുറഞ്ഞ വ്യത്യാസം മാത്രമേയുള്ളൂ. ബുദ്ധമതക്കാർ ബുദ്ധനെ ബഹുമാനിക്കുകയും ഭജിക്കുകയും ലോകത്തിലെ മറ്റു ബിംബാരാധകരായ മത

* (അ): എന്നത് അലൈഹിസ്സലാം എന്നതിന്റെ ചുരുക്കമാണ്. 'ദൈവത്തിന്റെ സമാധാനം അദ്ദേഹത്തിൽ ഉണ്ടാവട്ടെ' എന്നാണ് അതിന്റെ അർഥം. ദൈവ ദൂതൻമാരുടെ പേര് കേൾക്കുമ്പോൾ മുസ്‌ലിംകൾ ഇങ്ങനെ പ്രാർഥിക്കും. അതിനുള്ള സൂചനയാണ് (അ) എന്നത്. (വിവ:)

* മഹായാന, തെരാവാദി: ബുദ്ധമതത്തിലെ 18 ചിന്താസരണികളിൽ പ്രമുഖങ്ങളായ രണ്ട് വിഭാഗങ്ങളാണ് മഹായാന, തെരാവാദി എന്നിവ. മഹായാന വിഭാഗക്കാർ ബുദ്ധമതത്തിലെ കൂടുതൽ പരിഷ്ക്കരണ വാദികളും ഉദാരവാദികളുമാണ്. മഹായാന എന്നതിനർഥം വലിയ വാഹനം എന്നാണ്. ചൈന, കൊറിയ, ജപ്പാൻ, തിബത്ത് എന്നിവിടങ്ങളിലാണ് മഹായാനികൾ ഉള്ളത്. തെരാവാദികൾ പാലി ഭാഷ ആധികാരിക മതസാഹിത്യമായി കരുതുന്നവരും പഴയ ആചാരങ്ങൾ കർശനമായി പാലിക്കുന്നവരുമാണ്. തെരാവാദി എന്ന പാലി പദത്തിനർഥം പഴമക്കാരുടെ വഴി എന്നാണ്. ശ്രീലങ്ക, മ്യാൻമാർ, തായ്‌ലാന്റ്, കംബോഡിയ, ലാവോസ് എന്നിവിടങ്ങളിൽ തെരാവാദി ബുദ്ധമതക്കാരാണ്(വിവ:)

സ്ഥരെപ്പോലെ അദ്ദേഹത്തിന്റെ പ്രതിമക്കു മുമ്പിൽ ശിരസ്സ് നമിക്കുകയും സാഷ്ടാംഗപ്രണാമം അർപ്പിക്കുകയും ചെയ്യുന്നു.വാസ്തവത്തിൽ ഏറെക്കുറെ എല്ലാ ബുദ്ധമതസ്ഥരും ദൈവത്തെ നിഷേധിക്കുന്നുവെങ്കിലും ദൈവത്തെപ്പോലെ ഏതെങ്കിലും ഒരു മൂർത്തിയെ ഭജിക്കാനുള്ള ആഗ്രഹം അവരുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്നു. ഇതാണ് ബുദ്ധനോടുള്ള ബഹുമാനത്തിലൂടെ അവർ പ്രകടിപ്പിക്കുന്നത്. അന്തഃസ്ഥിതവും അപ്രതിരോധ്യവുമായ ദൈവത്തിനോടുള്ള ആരാധനാ ഭാവം മനുഷ്യന്റെ ആന്തരാത്മാവിൽ ഉല്ലേഖനം ചെയ്യപ്പെട്ടതാണ്. അത് മനുഷ്യനെ ദൈവത്തെയല്ലെങ്കിൽ മറ്റെന്തെങ്കിലുമൊന്നിനെ ആരാധിക്കാൻ പ്രേരിപ്പിക്കുന്നു. ദൈവത്തെ ആ പേരിൽ ഔപചാരികമായി അംഗീകരിക്കാതെ ഈ ശൂന്യത ബുദ്ധമതത്തിൽ ഇങ്ങനെ നികത്തപ്പെടുന്നു.

ബുദ്ധമതത്തിന്റെ തിബത്തൻ രൂപത്തിൽ അതിമാനുഷരായ ദേവൻമാരുടെയും ദുർമൂർത്തികളുടെയും അസ്തിത്വം അവരുടെ വിശ്വാസത്തിന്റെ ഭാഗമാണെന്ന് മാത്രമല്ല അവരുമായി വിനിമയ ബന്ധത്തിലേർപ്പെടാമെന്നും അവർ ദൃഢമായി വിശ്വസിക്കുന്നു. ഉദാഹരണത്തിന് പുതിയ പഞ്ചൻലാമയുടെ* തിരഞ്ഞെടുപ്പിൽ ഇത്തരത്തിൽ ധാരാളം ചടങ്ങുകളും ആചാരങ്ങളും നിർവഹിക്കപ്പെടുന്നു. തിബത്തൻ കുഞ്ഞുങ്ങളിൽ നിന്നും ഭാവിയിലെ പഞ്ചൻലാമ ആരായിരിക്കണമെന്നതിനെ സംബന്ധിച്ച് ദൈവത്തിൽ നിന്ന് മാർഗദർശനം ലഭിക്കാനാണ് ഇവ നിർവഹിക്കപ്പെടുന്നത്.

ദൈവ നിഷേധികൾ എന്നറിയപ്പെടുന്ന ബുദ്ധമത വിഭാഗക്കാർ ബുദ്ധൻ സ്വയം തന്നെ ദൈവത്തെ നിഷേധിച്ച ആളായിരുന്നുവെന്ന് ആരോപിക്കുന്നു. ബുദ്ധന്റെ സമകാലികരായ ഹിന്ദുപണ്ഡിറ്റുകൾ ബുദ്ധനോട് കാണിച്ച ശത്രുത ചൂണ്ടിക്കാട്ടിയാണ് അവർ തങ്ങളുടെ വാദത്തിന് പിന്തുണ തേടുന്നത്. ബുദ്ധൻ തങ്ങളുടെ ദൈവങ്ങളോട് കാണിച്ച അവജ്ഞയാണ് ഹിന്ദു പണ്ഡിറ്റുകൾ ബുദ്ധനോട് ശത്രുത കാണിക്കാനുള്ള കാരണം. ബുദ്ധനെ പീഡിപ്പിക്കുന്നതിലേക്ക് നയിച്ച തെറ്റുധാരണകൾ എന്തൊക്കെയായിരുന്നുവെന്ന് ബുദ്ധമതക്കാർ തന്നെ പൊതുവെ വിശകലനം ചെയ്ത് പഠിക്കാൻ മിനക്കെടാറില്ല. അവരെ സംബന്ധിച്ചിടത്തോളം ബുദ്ധൻ സമ്പൂർണാർഥത്തിൽ ദൈവം എന്ന ആശയം തിരസ്കരിച്ചു എന്ന് വിശ്വസിച്ചാൽ മാത്രം മതി.

നാം ഇപ്പോൾ ചരിത്രവസ്തുതകൾ പുനഃപരിശോധിക്കുകയും ബുദ്ധന്റെ വിശുദ്ധ ഗ്രന്ഥങ്ങളിൽ നിന്ന് പ്രസക്തമായ ചില ഭാഗങ്ങൾ ഉദ്ധരിക്കുകയും ചെയ്യുന്നതാണ്. അത് അത്തരത്തിലുള്ള എല്ലാ ആരോപണങ്ങളിൽ നിന്നും അദ്ദേഹത്തെ മുക്തമാക്കുന്നതാണ്: ഈ രണ്ട് വീക്ഷണങ്ങളുടെയും വക്താക്കൾ ചരിത്രപരമായ തെളിവുകളെ പറ്റി അപര്യാപ്തങ്ങളാണെന്ന് പറയും. ഈയൊരു കുറവ് ഏറെക്കുറെ മറ്റു സാഹചര്യ തെളിവുകൾകൊണ്ട് പരിഹരിക്കാവുന്നതാണ്.

ബുദ്ധന്റെ തത്ത്വശാസ്ത്രവും അധ്യാപനങ്ങളും ആചാരങ്ങളും അദ്ദേഹത്തിന്റെ മരണത്തിന് ശേഷം അഞ്ഞൂറു വർഷക്കാലം പ്രചരിച്ചത് വാമൊഴിയിലൂടെ മാത്രമായിരുന്നു. മഹാനായ അശോക* ചക്രവർത്തി (ക്രി.മു. 273–232) പാറകളിലും സ്തൂപങ്ങളിലും രേഖകളായി കൊത്തിവെച്ചതൊഴികെ ഇതായിരുന്നു സ്ഥിതി. തന്റെ ആത്മീയഗുരുവായ ബുദ്ധന് ശേഷം മുന്നൂറ് വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതാണ് അശോകചക്രവർത്തിയുടെ കാലം. ഈ വസ്തുത വളരെ പ്രധാനമാണ്. കാരണം അശോകന്റെ വീക്ഷണത്തിലുള്ള ഈ ലിഖിതങ്ങൾ ബുദ്ധന്റെ തത്ത്വശാസ്ത്രത്തേയും ജീവിതത്തേയും പറ്റി ഒരു വിധി പ്രസ്താവം നടത്താൻ വളരെ സഹായകരമായ രേഖയാണ്.അതിനേക്കാളുപരി ബുദ്ധമതം യാതൊന്നും തന്നെ ലിഖിത രൂപത്തിൽ എഴുതി സൂക്ഷിക്കാത്ത ഒരു കാലത്ത് ബുദ്ധന്റെ അദ്ധ്യാപനങ്ങളിൽ നിന്നും താൻ മനസ്സിലാക്കിയത് രേഖപ്പെടുത്തി വെച്ചത് അശോകൻ മാത്രമാണ്. മറ്റൊരു കാര്യം ബുദ്ധന്റെ യഥാർഥ പ്രതിനിധി എന്ന നിലയിൽ അശോകന്റെ ആധികാരികതയെ ആരും തന്നെ ചോദ്യം ചെയ്തിട്ടില്ല എന്നതാണ്. അവശേഷിക്കുന്ന പ്രശ്നം വിവിധ വ്യാഖ്യാനങ്ങളുടേതാണ്.

ബുദ്ധന്റെ വിഷയം പരിഗണിക്കുമ്പോൾ ബുദ്ധന്റെ സമാധിക്ക് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് അത് എഴുതി സൂക്ഷിക്കാൻ തുടങ്ങിയത് എന്ന കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ വസ്തുത കാര്യമായ അഭിപ്രായ വ്യത്യാസങ്ങളില്ലാതെ എല്ലാ ഗവേഷകൻമാരും അംഗീകരിക്കുന്നു. ബുദ്ധനെ പറ്റിയുള്ള അറിവ് തലമുറ തലമുറയായി കൈമാറ്റം ചെയ്യപ്പെട്ടു വരികയാണുണ്ടായത്. അതിനാൽ ബുദ്ധന്റെ വ്യക്തിത്വവും ജീവിത ശൈലിയും തുടക്കം മുതൽ ഇന്ന് വരെ ഇത്തരം നൈരന്തര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതാണ്.

ബുദ്ധനെ പറ്റിയും ബുദ്ധമതത്തെക്കുറിച്ചും അറിയാൻ ഈ രണ്ടു സ്രോതസ്സുകളേയും ആശ്രയിക്കാമെന്ന് ന്യായമായും കരുതാം. ഒന്ന്, പാരമ്പര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ബുദ്ധന്റെ ജീവിത മാതൃകകൾ, മറ്റൊന്ന് സ്തൂപങ്ങളിലെ ലിഖിത രേഖകളുമാണ്. ഇവ രണ്ടും സ്വീകരണയോഗ്യമായ രണ്ട് ശക്തമായ തെളിവുകളാണ്. ഇവ രണ്ടിനുമെതിരായി വിയോജിപ്പുള്ള വീക്ഷണങ്ങൾ ഭയലേശമന്യേ തിരസ്കരിക്കാം. ഈ രണ്ടു പ്രാഥമിക സ്രോതസ്സുകൾ തമ്മിൽ തന്നെ പര

* **പഞ്ചൻലാമ:** തിബത്തിലെ ബുദ്ധമതത്തിന്റെ രണ്ടാമത്തെ പരമാചാര്യനു നൽകുന്ന സ്ഥാനപ്പേരാണ് പഞ്ചൻലാമ. ഒന്നാമത്തെയാൾ ദലൈലാമയാണ്. 16–ാം ശതകം മുതൽ ഈ പേര് ഉപയോഗത്തിലുണ്ട്. നിരവധി നിമിത്തങ്ങളിലും ശകുനങ്ങളിലും അവർ വിശ്വസി ക്കുന്നു. 1959 ൽ തിബറ്റിനെ ചൈന ആക്രമിച്ചപ്പോൾ ദലൈലാമ ഇന്ത്യയിലേക്ക് അഭയാർഥിയായി വന്നു. ചൈനീസ് അനുകൂലികളാണ് പഞ്ചൻലാമകൾ.(വിവ:)

സ്പരം വിയോജിക്കുന്നുവെങ്കിൽ ഒന്ന് സ്വീകരിക്കുകയും മറ്റൊന്ന് തിരസ്ക്കരിക്കുകയും ചെയ്യുന്നത് വളരെ സൂക്ഷിച്ചു വേണം.

ബുദ്ധന്റെ ജീവചരിത്രം സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ലോകത്തിന്റെ പല ഭാഗത്തും അവതരിച്ച പ്രവാചകൻമാരിൽ നിന്നും ഭിന്നമല്ലാത്ത ഒരു ജീവിത രീതിയായിരുന്നു അദ്ദേഹത്തിന്റേത് എന്ന് നമുക്ക് കാണാവുന്നതാണ്. ലോകത്ത് അവതരിച്ച പ്രവാചകൻമാരുടെ സ്വഭാവത്തിലും ജീവിത ശൈലിയിലും ഒരു സാർവലൗകികത കാണാനാവും. ബുദ്ധന്റെ ജീവിതത്തിലും അത് നമുക്ക് തിരിച്ചറിയാവുന്നതാണ്.

ബുദ്ധമതത്തിന്റെ അടിസ്ഥാന വിശ്വാസങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ ബുദ്ധൻ പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങളെ പറ്റിയുള്ള വ്യാഖ്യാനങ്ങളിൽ നിന്നാണ് പ്രശ്നങ്ങൾ ഉത്ഭവിക്കുന്നത്. ബുദ്ധൻ ഒരു നാസ്തികനായിരുന്നു എന്ന പൊതു വീക്ഷണവുമായി നാം വിയോജിക്കുന്നു. ബുദ്ധമതം ഒരു ദിവ്യവെളിപാടിലൂടെ അവതരിച്ച മതമാണെന്ന് നാം കരുതുന്നു. ബുദ്ധമതത്തിന്റെ സ്ഥാപകൻ തീർച്ചയായും ഒരു നിരീശ്വരവാദിയല്ല. മറ്റെല്ലാ പ്രവാചകൻമാരേയും പോലെ ദൈവസന്ദേശം പ്രചരിപ്പിക്കാൻ ദൈവത്താൽ പ്രേഷിതനായ ഒരു മനുഷ്യനാണ്.

ബുദ്ധമതത്തെക്കുറിച്ച് ആഴമുള്ള പഠനങ്ങൾ നടത്താതെ ഇപ്പോഴത്തെ ലോകമതങ്ങൾക്കിടയിൽ ബുദ്ധമതത്തിന് നൽകപ്പെട്ട സ്ഥാനത്തെ ന്യായീകരിക്കാൻ പണ്ഡിതൻമാർ ധാരാളം എഴുതിക്കൂട്ടിയിട്ടുണ്ട്. ആ കൃത്യം നിർവഹിക്കാൻ മതത്തെപറ്റി സാർവലൗകികമായി അംഗീകരിച്ച നിർവചനം മാറ്റിത്തിരുത്തേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ എഴുത്തുകളിൽ ദൈവരഹിതമായ ഒരു തത്ത്വശാസ്ത്രത്തെയും മതത്തെയും ലോകമതങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി. ദൈവ നിഷേധത്തിൽ നിന്നും ആരംഭിക്കുന്ന ഒരു ജീവിത സംഹിത എന്തുകൊണ്ട് മതത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു എന്ന വസ്തുത ഒരു ചോദ്യമായി അവശേഷിക്കുന്നു. നമ്മുടെ വീക്ഷണത്തെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ ബുദ്ധന്റെ ദൈവവിശ്വാസത്തെ പറ്റി ഒരു തടസ്സ വാദവും ഉന്നയിക്കപ്പെടുന്ന പ്രശ്നമേ ഇല്ല. ബുദ്ധമതത്തിന് ദൈവികമായ ഉറവിടമില്ല എന്ന ധാരണയെ നാം നിരാകരിക്കുന്നു. നമ്മുടെ വാദമുഖത്തിന് ഉപോൽബലകമായി ബുദ്ധമതക്കാർ ആശ്രയിക്കുന്ന സുസ്ഥാപിത സ്രോതസ്സുകൾ തന്നെയാണ് നാമും അടിസ്ഥാനമാക്കുന്നത്. ഇത് നമ്മുടെ വ്യാഖ്യാനവും സ്വീകാര്യയോഗ്യമായ ഉറച്ച അടിത്തറയുള്ളതാണെന്ന് തെളിയിക്കുന്നു. നാം ആവർത്തിച്ചു പറയുന്നത്, ബുദ്ധമതം മറ്റു മതങ്ങളിൽ നിന്നും ഒറ്റപ്പെട്ട ഒന്നല്ല. മറിച്ച് അതിന്റെ അടിസ്ഥാനം ദൈവത്തിൽ നിന്നും വെളിപ്പെട്ട മറ്റു മതങ്ങളുടെ സ്വഭാവമുള്ളതാണ്.

ബുദ്ധമതത്തിന്റെ പ്രചുരപ്രചാരം സിദ്ധിച്ച തെറ്റായ ഈ ദൈവരഹിത ഉത്ഭവം പ്രചരിപ്പിച്ചത് പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ പാശ്ചാത്യ പണ്ഡിതൻമാരാണ്. ബുദ്ധമതത്തെക്കുറിച്ചുള്ള അവരുടെ ജ്ഞാനം വലിയതോതിൽ പാലിഭാഷയിൽ നിന്നും ബുദ്ധമത പണ്ഡിതൻമാർ ചെയ്ത വിവർത്തനങ്ങളെ ആശ്രയിച്ചുള്ളതാണ്. ഈ ബുദ്ധമത പണ്ഡിതൻമാർ അവരുടെ പക്ഷപാതപരമായ വീക്ഷണം തങ്ങളുടെ വിവർത്തനങ്ങളിൽ കുത്തിച്ചെലുത്തുകയുണ്ടായി. അവരാകട്ടെ ദൈവരഹിത തത്ത്വശാസ്ത്രത്താൽ സ്വാധീനിക്കപ്പെട്ടവരായിരുന്നു. അവരിൽ ചിലർക്ക് സ്രോതസ്സ് ഭാഷയായ പാലി അറിയാം. വിശ്വസനീയമായ ബുദ്ധമത സ്രോതസ്സുകളിൽ നിന്നും നേരിട്ട് പഠിച്ച് നിഷ്പക്ഷമായ അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിനു പകരം അവർ നിലവിലുള്ള ഭൂരിപക്ഷ ബുദ്ധമത വിഭാഗത്തിന്റെ വിശ്വാസങ്ങളിലേക്ക് പൂർണമായി ചാഞ്ഞ് പക്ഷം ചേരുകയാണുണ്ടായത്.പാശ്ചാത്യ പണ്ഡിതൻമാരുടെ പൊതുവേയുള്ള ഈ പ്രവണതക്ക് വിരുദ്ധമായി ഖാദിയാനിലെ മിർസാ ഗുലാം അഹ്മദ്(അ)(1835–1908) ഒറ്റപ്പെട്ട ശബ്ദം ഉയർത്തുകയുണ്ടായി. പാശ്ചാത്യ പണ്ഡിതൻമാരുടെ വീക്ഷണങ്ങളിൽ നിന്ന് കടക വിരുദ്ധമായ ഒരു അഭിപ്രായമാണ് അദ്ദേഹം അവതരിപ്പിച്ചത്. തന്നെ ഒരു പ്രത്യേക ദൗത്യത്തിന് വേണ്ടി പ്രവാചകനായി നിയോഗിച്ച ദൈവത്തിന്റെ അസ്തിത്വത്തിൽ ബുദ്ധന് അടിയുറച്ച വിശ്വാസമുണ്ടായിരുന്നുവെന്ന് അദ്ദേഹം ശക്തമായി വിശ്വസിച്ചിരുന്നു. മറ്റെല്ലാ പ്രവാചകൻമാരേയും പോലെ ബുദ്ധനും പിശാചിന്റെ അസ്തിത്വത്തിൽ വിശ്വസിച്ചിരുന്നതായി അദ്ദേഹം തെളിയിച്ചു. അതുപോലെ സ്വർഗ നരകങ്ങളിലും മാലാഖമാരിലും പുനരുത്ഥാനങ്ങളിലും അദ്ദേഹം വിശ്വസിച്ചു. എന്നിരിക്കെ ബുദ്ധൻ ദൈവത്തിൽ വിശ്വസിക്കാത്ത ആളായിരുന്നു എന്ന വാദം തികച്ചും വ്യാജാരോപണമാണ്. ബുദ്ധൻ നിരാകരിച്ചത് വേദാന്തത്തെയാണ്* (ഹിന്ദു വിശുദ്ധഗ്രന്ഥങ്ങളിലെ സിദ്ധാന്തങ്ങൾ). ഹിന്ദുമതത്തിലുള്ളത് പോലുള്ള മനുഷ്യ ദൈവങ്ങളിലുള്ള വിശ്വാസത്തെയാണ് അദ്ദേഹം നിഷേധിച്ചത്. അദ്ദേഹം ബ്രാഹ്മണരെ കഠിനമായി എതിർത്തു. ദൈവികാദ്ധ്യാപനങ്ങൾക്ക് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി ബ്രാഹ്മണൻമാർ മലീമസമാക്കുകയായിരുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ ആക്ഷേപം. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ ശബ്ദം ഏറെക്കാലം ഒറ്റപ്പെട്ട് നിന്നില്ല. പാശ്ചാത്യ ഗവേഷകരുടെയും പണ്ഡിതൻമാരുടെയും രണ്ടാം തലമുറയിൽ നിന്നും ഹദ്റത്ത്മിർസാ ഗുലാം അഹ്മദി

---

*** അശോകചക്രവർത്തി(ക്രി.മു** 273–232): മൗര്യ സാമ്രാജ്യത്തിലെ പ്രശസ്തനായ ചക്രവർത്തി. മുഴുവൻ പേര് ദേവാനാം പ്രിയ പ്രിയദർശീ രാജ അശോകൻ. കലിംഗ യുദ്ധത്തിന് ശേഷം പശ്ചാത്താപ വിവശനായ അശോകൻ ബുദ്ധമതം സ്വീകരിച്ചു. ഭാരതത്തിലും സിലോണിലും ബുദ്ധമതം പ്രചരിപ്പിക്കുന്നതിന് നേതൃത്വം നൽകി.(വിവ:)

നെ(അ) പിന്തുണച്ചു കൊണ്ട് മറ്റുള്ളവരും മുന്നോട്ടു വന്നു. അവരിൽ ഏറ്റവും പ്രഗല്ഭൻ മഹാനായ ഫ്രഞ്ച് പണ്ഡിതൻ ഡോ. ഗുസ്താവ് ലീബോൺ (Dr.Gustav Le Bon 1841–1931) ആണ്. അദ്ദേഹം എഴുതുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ. യൂറോപ്യൻ പണ്ഡിതൻമാർ ഇന്ത്യൻ സ്മാരകങ്ങളുടെ പഠനം തീർത്തും അവഗണിച്ചിരിക്കുന്നു. നാം ബുദ്ധമതത്തെക്കുറിച്ച് പഠിച്ചത് ഇന്ത്യൻ വിജ്ഞാനീയങ്ങളിൽ വിദഗ്ധരായവരിലൂടെയാണല്ലോ. പക്ഷേ, അവരാരും ഇന്ത്യ സന്ദർശിച്ചിട്ടില്ല. അവർ പുസ്തകങ്ങളിലൂടെയാണ് ഈ മതത്തെക്കുറിച്ച് പഠിച്ചത്. വിധിയുടെ നിർഭാഗ്യകരമായ വഴിത്തിരിവെന്ന് പറയട്ടെ ബുദ്ധന്റെ മരണത്തിന് ശേഷം അഞ്ചോ ആറോ നൂറ്റാണ്ടുകൾക്ക് ശേഷം എഴുതപ്പെട്ട ഒരു തത്ത്വശാസ്ത്ര വിഭാഗത്തിന്റെ രചനകളാണ് അവർക്ക് പഠിക്കാൻ അവസരമുണ്ടായത്. ഇത് അവരുടെ മതപരമായ ദൈനംദിന ആചാരാനുഷ്ഠാനങ്ങളുമായി യാതൊരു പൊരുത്തവുമില്ലാത്തവയാണ്. അഗാധമായ അവരുടെ ഭൗതികാതീതമായ ചിന്തകൾ യൂറോപ്യൻമാരെ അദ്ഭുതപ്പെടുത്തുകയുണ്ടായി. വാസ്തവത്തിൽ അവയൊന്നും പുതിയതായിരുന്നില്ല. ഈ ഇന്ത്യൻ ഗ്രന്ഥങ്ങളെക്കുറിച്ച് നല്ലത് പോലെ അറിഞ്ഞു തുടങ്ങിയ കാലം മുതൽ ഇവയെല്ലാം കാണപ്പെട്ടിരുന്നത് ബ്രാഹ്മണന്മാരുടെ കാലഘട്ടത്തിൽ തത്ത്വശാസ്ത്രം മാത്രം കൈകാര്യം ചെയ്തിരുന്ന ഒരു വിഭാഗത്തിന്റെ രചനകളിൽ മാത്രമാണ്.

ഡോ. ലീബോൺ അദ്ദേഹത്തിന്റെ വിമർശനത്തിൽ ഇതുവരെ ശരിയായ വീക്ഷണം പുലർത്തിയതായിട്ടാണ് കാണപ്പെടുന്നത്. പക്ഷേ, താഴെ കാണുന്ന പാഠഭാഗത്തു നിന്നും വ്യക്തമാവുന്നത് അദ്ദേഹവും അതേ തെറ്റുകൾ ആവർത്തിക്കുന്നു എന്നാണ്. അതായത് അദ്ദേഹത്തിന് ലഭിച്ച സങ്കൽപം യഥാർഥ ബുദ്ധ മതത്തിൽ നിന്നുള്ളതല്ല. അതായത് സ്തൂപങ്ങളിൽ ആലേഖനം ചെയ്യപ്പെട്ട എഴുത്തുകളിൽ നിന്നും അതേരൂപത്തിൽ ലഭിച്ചതല്ല അദ്ദേഹത്തിന്റെ ബുദ്ധമത സങ്കൽപങ്ങൾ. സ്തൂപങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെട്ട രേഖകളിൽ ഒരിടത്തും ബഹുദൈവ സങ്കൽപത്തെ പറ്റി പറയുന്നില്ല. ഡോ.ലീ ബോൺ എഴുതുന്നു.

'ബുദ്ധമതത്തെ പറ്റി ഒരാൾ പഠിക്കുമ്പോൾ അത് എന്താണ് എന്നതിനെ പറ്റി പുസ്തകങ്ങളിലല്ല, സ്മാരകങ്ങളിലാണ് അന്വേഷിക്കേണ്ടത്. സ്മാരകങ്ങളിൽ ഉള്ള കാര്യങ്ങൾ പുസ്തകം നമ്മോടു പറയുന്ന കാര്യങ്ങളിൽ നിന്നും തികച്ചും വിഭിന്നമാണ്. ആധുനിക പണ്ഡിതൻമാർ ഇതൊരു ദൈവരഹിതമായ മതമായിട്ടാണ് കാണാൻ ശ്രമിച്ചത്. ഇതിന് വിരുദ്ധമായി എല്ലാ മതങ്ങളിലും വെച്ച് ഏറ്റവും വലിയ ബഹുദൈവ മതമായിട്ടാണ് ബുദ്ധമതത്തെ കാണാൻ കഴിയുക'.

ഈ പ്രസ്താവനയുടെ അവസാന ഭാഗം തെറ്റാണെന്ന് തെളിയിക്കാവുന്നതാണ്.

ഡോ.ലീബോണിന്* ശേഷം മറ്റൊരു പ്രസിദ്ധ പണ്ഡിതൻ ആർതർ ലില്ലി (Artherlilly) അശോക സ്തൂപങ്ങളിലെ ലിഖിതങ്ങൾ സൂക്ഷ്മമായി പഠനം നടത്തിയതിന് ശേഷം തികച്ചും വ്യത്യസ്തമായ മറ്റൊരു നിഗമനത്തിലെത്തിച്ചേരുന്നു. അദ്ദേഹം തന്റെ 'ഇന്ത്യ പ്രാചീന ക്രിസ്തുമതത്തിൽ' (India in Primitive Christianity) എന്ന പുസ്തകത്തിൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നു. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ ബുദ്ധ ലിഖിതങ്ങൾ അത് എഴുതുവാനായി പ്രത്യേകം നിർമിക്കപ്പെട്ട സ്തൂപങ്ങളിൽ മാത്രമായിരുന്നില്ല എഴുതപ്പെട്ടിരുന്നത്. പെരുവഴികളിലും കച്ചവട സംഘങ്ങൾ സഞ്ചരിച്ചിരുന്ന വിശാല വീഥികളിൽ കാണപ്പെട്ടിരുന്ന പാറകളിലും ആ ലിഖിതങ്ങൾ കാണപ്പെട്ടിട്ടുണ്ട്. ലില്ലിയുടെ തർജമയിൽ നിന്നും അത്തരത്തിലുള്ള രണ്ട് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

കഥക് നദിയുടെ 20 മൈൽ അകലെ ജഗനാഥിലുള്ള പർദോലി(Pardohli)എന്ന പേരിൽ ഒരു പാറയുണ്ട്. അതിൻ മേൽ ഇപ്രകാരം ഉല്ലേഖനം ചെയ്തിരിക്കുന്നു:ഭൗതിക വസ്തുക്കളോടുള്ള തീവ്രാഭിലാഷം (ഇഹലോകത്തോടുള്ള അനുരക്തി) ഒരു അനുസരണക്കേടാണ്. സ്വർഗം സ്വന്തമായുള്ള ഒരു രാജകുമാരന് രാജ്യം നേടാൻ വേണ്ടിയുള്ള അദമ്യമായ ആഗ്രഹത്തിൽ കുറഞ്ഞ ഒന്നുമല്ല അത് എന്ന് ഞാൻ പ്രഖ്യാപിക്കുന്നു.പശ്ചാത്തപിക്കുക. ദൈവത്തിൽ (ഇശാന) വിശ്വസിക്കുക. അവനാണ് അനുസരണത്തിന് യോഗ്യനായ ഏറ്റവും അമൂല്യമായ മൂർത്തി. ഇതിന് (വിശ്വാസത്തിന്) തുല്യമായി സ്വർഗത്തെ ജയിക്കാൻ മറ്റൊരു ഉപാധിയുമില്ലെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. അല്ലയോ മനുഷ്യാ, അപരിമേയമായ ഈ നിധി കൈക്കലാക്കാൻ നീ കഠിനമായി പ്രയത്നിക്കുക.

ഇശാന എന്നത് ഈ ലിഖിതത്തിൽ ശിവദേവതാ ദൈവത്തിന്റെ (Shiv Devta -God)നാമമായിട്ടാണ് പ്രതിപാദിച്ചിട്ടുള്ളത്. (ശിവറാം ആപ്തേയുടെ The sanskirit/English Dictionary കാണുക)

ഏഴാം സ്തൂപത്തിലെ ലിഖിതം അതേ ഗ്രന്ഥകർത്താവ് ഉദ്ധരിക്കുന്നു :

***വേദാന്തം:** വേദങ്ങളുടെ ഉപസംഹാരം എന്നാണ് ഇതിനർഥം. ഉപനിഷ്ത്തുകളാണ് വേദാന്തമായി കണക്കാക്കുന്നത്(വിവ:)

*ഡോ. ലീബോണിന്റെ ഫ്രഞ്ച് ഭാഷയിലുള്ള ഗ്രന്ഥങ്ങളിൽ കാണപ്പെട്ട ഈ രണ്ട് ഉദ്ധരണികളും വളരെ വിശ്വസ്തതയോടെ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തതാണ് -(ഗ്രന്ഥകർത്താവ്)

*** ദേവനാം പ്രിയ:** അശോകന്റെ ശിലാ ശാസനങ്ങളിൽ അശോക രാജാവിനെ ബഹുമാന പുരസ്സരം ഉപയോഗിക്കുന്ന പേരാണിത്. ബുദ്ധസാഹിത്യത്തിലും ജൈന സാഹിത്യത്തിലും ഈ അർഥം തന്നെയാണ്. പക്ഷേ, പുരാതന ഹിന്ദുവൈയാകരണന്മാരായ പാണിനി, 'വിഡ്ഢി' എന്നും 'ബ്രഹ്മജ്ഞാനമില്ലാത്ത മൂർഖൻ' എന്നീ അർഥങ്ങളാണ് ഈ പദത്തിന് കൊടുത്തത്. എന്നാൽ കാത്യായനനും, പതഞ്ജലിയും 'ആയുഷ്മാൻ ഭവ: എന്നുള്ള പൂജകാർഥത്തിലുള്ള ഒരു പ്രയോഗമാണിതെന്ന് പറയുന്നു.(വിവ:)

ദേവനാം പ്രിയ പ്രിയദർശി * പറയുന്നു: "ഈ അവസരത്തിൽ ഞാൻ മതപരമായ പ്രചാരണം നടത്തുവാൻ കാരണമായി. ഞാൻ മതപരമായ ആചാരങ്ങൾ മനുഷ്യ സമൂഹത്തിനു വേണ്ടി ഏർപ്പെടുത്തി. അതിലേക്ക് ശ്രദ്ധിക്കുവാനും ശരിയായ മാർഗത്തിൽ വഴി നടത്താനും ദൈവത്തെ (ഇശാന) സ്തുതിക്കാനും വേണ്ടി.

ഈ പ്രതിപാദനങ്ങളിൽ നിന്ന് ബുദ്ധമതത്തിന്റെ ഏറ്റവും പ്രാഥമികമായ സ്രോതസ്സുകൾ ബുദ്ധനെ ദൈവത്തിനായി സമർപ്പിച്ച ഒരാളായിട്ടാണ് ചിത്രീകരിക്കുന്നതെന്ന് വ്യക്തമാകുന്നു. (അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിയുണ്ടാവട്ടെ)

ബുദ്ധമത സാഹിത്യത്തിൽ വിശ്വാസയോഗ്യവും ആധികാരികവുമായ രണ്ടാമത്തെ പ്രമാണിക രേഖ ബുദ്ധന് ശേഷം അഞ്ച് നൂറ്റാണ്ടുകൾ കഴിഞ്ഞ് പ്രാബല്യത്തിൽ വന്നതാണ്. ഈ രേഖകളിലും ബുദ്ധൻ ഒരു നിരീശ്വര വാദിയോ ഒരു ആജ്ഞേയവാദിയോ ആയിരുന്നില്ല. മറിച്ച് അദ്ദേഹം ദൈവത്തിൽ അടിയുറച്ച വിശ്വാസമുള്ള ആളായിരുന്നു എന്നതിന്റെ തെളിവുകൾ ഉൾക്കൊള്ളുന്നു. ത്രിപിടകങ്ങൾ (മൂന്ന് കുട്ടകൾ) എന്നറിയപ്പെടുന്ന തെരാവദ ഗ്രന്ഥങ്ങൾ ഇവിടെ പ്രത്യേകമായി നാം ഉദ്ധരിക്കുന്നു. ത്രിപിടക(മൂന്ന് കുട്ടകൾ) എന്ന പേര് സൂചിപ്പിക്കുന്നത് പോലെ ഇത് മൂന്നു വിഭാഗങ്ങളാണ്. ആദ്യത്തെ വിഭാഗത്തെ വിനയപിടക(സ്വഭാവ സംഹിത) രണ്ടാമത്തെതിനെ സുത്തപിടക(സത്യത്തെ സംബന്ധിച്ച ഉദ്ബോധനങ്ങൾ) മൂന്നാമത്തേതിനെ അഭിധർമ പിടക(മതങ്ങളുടെ അപഗ്രഥന പഠനം) എന്നും വിളിക്കുന്നു.

'സുത്ത നിപ്ത'കത്തിലെ 'അഗാധ തീരങ്ങളിലേക്കുള്ള പ്രയാണം' എന്ന അധ്യായത്തിൽ മരണത്തെ അതിജയിക്കുന്ന ലക്ഷ്യത്തെ പറ്റി വിവരിച്ചിരിക്കുന്നു. ബുദ്ധൻ ഇപ്രകാരം വിശദീകരിക്കുന്നു. സ്വന്തം അഹംബോധത്തെ കീഴടക്കി ദൈവത്തെ പ്രാപിച്ച് ഒന്നായിതീരുക എന്നല്ലാതെ ജനനത്തിനും മരണത്തിനും യാതൊരർഥവുമില്ല. ഈയൊരു ഭാഗം ഒരു പക്ഷേ 'മുക്തി'യെ സംബന്ധിച്ച ബ്രഹ്മ സങ്കല്പമാണെന്ന് തെറ്റിദ്ധരിക്കുകയും ആശയക്കുഴപ്പമുണ്ടാക്കുകയും ചെയ്തിരിക്കും. എന്നാൽ, ഇത് ശരിയല്ല. ഈ ഭൂമിയിൽ വെച്ച് മരണത്തിന് മുമ്പേതന്നെ മറക്കപ്പുറത്തുള്ള മരണാനന്തര ജിവിതത്തെക്കുറിച്ച് അറിഞ്ഞവരെ സംബന്ധിച്ചാണ് വ്യക്തമായും ബുദ്ധൻ ഇവിടെ സൂചിപ്പിക്കുന്നത്. ഇത് വളരെ ലളിതമായി മനസ്സിലാക്കിത്തരുന്നത് ബുദ്ധനെ സംബന്ധിച്ചിടത്തോളം ഭൂമിയിലെ ജീവിതം അനുഭവിക്കാതെ ആർക്കും തന്നെ പരലോകം പ്രാപിക്കാൻ സാധ്യമല്ല എന്നാണ്. ഇത് ഖുർആനികാദ്ധ്യാപനങ്ങളോട് അടുത്ത് നിൽക്കുന്നതാണ്. ഒരാൾ ദൈവത്തെ പ്രാപിക്കുകയാണെങ്കിൽ അയാൾ ജീവിതത്തേക്കാളും മരണത്തേക്കാളും ഉയരുകയും അനശ്വരപദം പ്രാപിക്കുകയും ചെയ്യുമെന്നായിരുന്നു ബുദ്ധൻ പ്രബോധനം ചെയ്തിരുന്നത്.

ഈ അധ്യായത്തിന്റെ അവസാനത്തിൽ പിൻഗിയ എന്ന ബുദ്ധന്റെ ഒരനുയായി തന്നെ ബുദ്ധമതത്തിലേക്ക് പരിവർത്തിപ്പിക്കാൻ കാരണമായ തന്റെ ഗുരുനാഥന്റെ ഒരു മഹത്വം വിവരിക്കുന്നുണ്ട്. താൻ വാർധക്യം പ്രാപിച്ച കാരണത്താൽ ദുർബലനാവുകയും മരണത്തോടടുക്കുകയും ചെയ്യുകയുണ്ടായി എന്ന് വിവരിച്ച ശേഷം പിൻഗിയ താഴെകാണുന്ന പ്രസ്താവന നടത്തിക്കൊണ്ടാണ് തന്റെ ചർച്ച അവസാനിപ്പിക്കുന്നത്.

'തീർച്ചയായും അചഞ്ചലവും വിറകൊള്ളാത്തതും എവിടെയെല്ലാം നിലകൊള്ളുന്ന വസ്തുക്കളുണ്ടോ അതിനോടൊന്നും തുല്യതയില്ലാത്തതുമായ ഒന്നിലേക്ക് ഞാൻ പോവുകയാണ്. എനിക്ക് ഇതിനെ പറ്റി യാതൊരു സന്ദേഹവുമില്ല. അപ്രകാരം മനസ്സ് ക്രമപ്പെടുത്തിയ ഒരുവനായി എന്നെ പരിഗണിക്കുക'.

ഇത് ബുദ്ധന്റെ അനുയായിയുടെ പ്രതീക്ഷയും പ്രത്യാശയും വെളിപ്പെടുത്തുന്നു. അചഞ്ചലവും വിറകൊള്ളാത്തതും യാതൊന്നിനോടും തുല്യതയില്ലാത്തതുമായ നാഥനെ മരണത്തിനു ശേഷം കണ്ടുമുട്ടുമെന്നതാണ് ബുദ്ധന്റെ അനുയായിയുടെ പ്രതീക്ഷയും പ്രത്യാശയും. ദൈവത്തെപറ്റി മറ്റു മതസാഹിത്യങ്ങളിലെ വിവരണങ്ങളുമായി പൂർണമായും യോജിക്കുന്നതാണ് ഈ വിവരണം.

ബുദ്ധന്റെ മതവിശ്വാസത്തെ പറ്റി ത്രിപിടകത്തിലെ രണ്ടാം പുസ്തകമായ സുത്തപിടകത്തിൽ കൗതുകകരമായ മറ്റു വിവരങ്ങൾ കാണാം. ബുദ്ധന്റെ നിരവധി സംവാദങ്ങൾ രേഖപ്പെടുത്തിയ ഈ പുസ്തകം അഞ്ച് എണ്ണമായി വിഭജിച്ചിരിക്കുന്നു. ലണ്ടനിലെ പാലി ടെക്സ്റ്റ് സൊസൈറ്റി (Pali Text Society of London)യുടെ പ്രസിഡന്റ് ശ്രീമതി ടി. ഡബ്ലിയു റൈസ് ഡേവിഡ്സ് ഈ സംവാദങ്ങളിൽ ചിലത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അവരുടെ വിവർത്തനം 'ബുദ്ധമതസ്ഥരുടെ വിശുദ്ധ ഗ്രന്ഥങ്ങൾ' Sacred Books of Budhist എന്ന പേരിൽ പരമ്പരകളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം വാല്യത്തിലെ തെവിഗസുത്ത എന്ന തലവാചകം കൊടുത്ത സംവാദത്തിൽ മനുഷ്യന് എങ്ങനെ ദൈവത്തിൽ എത്തിച്ചേരാം എന്ന ചോദ്യമാണ് പ്രത്യേകമായി ചർച്ച ചെയ്യുന്നത്.

ദൈവത്തെ എങ്ങനെ പ്രാപിക്കാം എന്ന ഈ ചോദ്യത്തിന് ബുദ്ധന്റെ പ്രതികരണം ഇപ്രകാരമാണ്. ഹിന്ദു പുരോഹിതന്മാർക്കിടയിൽ ഇക്കാലത്ത് ദൈവത്തിലേക്ക് മനുഷ്യനെ നയിക്കാൻ യോഗ്യതയുള്ളവർ ആരുമില്ല എന്ന് പറഞ്ഞുകൊണ്ടു ആദ്യം ഈ നിർദ്ദേശത്തെ ബുദ്ധൻ നിരാകരിക്കുകയായിരുന്നു. ഈ പ്രശ്നം തനിക്ക് സ്വയം ബോധ്യമായിട്ടുണ്ട് എന്നരീതിയിൽ ബുദ്ധൻ പിന്നീട് അതിനുത്തരം നൽകുന്നുണ്ട്. ഈ സംവാദം എപ്പോൾ എങ്ങനെ നടന്നു എന്ന

പശ്ചാത്തലം വളരെ കൗതുകജനക മാണ്.

ഒരിടത്ത് 'മാനസകഥ' എന്ന ഒരു ബ്രാഹ്മണ ഗ്രാമമുണ്ടായിരുന്നു. ഈ ഗ്രാമം രാജ്യത്തെ ഏറ്റവും പ്രകൃതി രമണീയമായ ഒരു സ്ഥലത്ത് മനോഹരമായ ഒരു നദിക്കരികെയാണ് സ്ഥിതി ചെയ്തിരുന്നത്. ഈ ഗ്രാമത്തിന്റെ പ്രശസ്തി ദൂരദിക്കുകളിൽ കൂടി വ്യാപിച്ചു. കാരണം ആ ഗ്രാമം ബ്രാഹ്മണ മതത്തിലെ സംവാദങ്ങൾ നടന്നിരുന്ന കേന്ദ്രമായിരുന്നു. ഈ ബ്രാഹ്മണൻമാരിൽ അഞ്ചുപേർ അതിപ്രശസ്തരും അവരുടെ ആശയ പ്രസ്ഥാനങ്ങളുടെ പണ്ഡിത നേതാക്കൻമാരുമായിരുന്നു. ബുദ്ധനും തന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യൻമാരും കൂടി ആ നദിക്കരികെ യാദൃച്ഛികമായി വരികയുണ്ടായി. ബുദ്ധന്റെ ആഗമന വാർത്ത ജനങ്ങളിൽ പരക്കുകയും അദ്ദേഹത്തെ കാണാനും അദ്ദേഹത്തിന്റെ തത്ത്വങ്ങളിൽ നിന്ന് ആത്മീയ പ്രബുദ്ധത കൈവരിക്കാനും അദ്ദേഹത്തിന്റെ തിരുമുഖത്ത് നിന്ന് അത് ശ്രവിക്കാനും വേണ്ടി ജനങ്ങൾ അദ്ദേഹത്തെ സന്ദർശിക്കാൻ അവിടെ എത്തിച്ചേർന്നു. ആ ഗ്രാമത്തിലെ തന്നെ വസുദത്ത,ഭരദ്വഗ എന്നീ രണ്ടു പേർ നദിയിൽ നിന്ന് കുളി കഴിഞ്ഞ് നടക്കുകയായിരുന്നു. അപ്പോൾ അവർ ഒരു മത തത്ത്വത്തെ സംബന്ധിച്ച് സംവാദം ആരംഭിച്ചു. ഈ പ്രശ്നത്തിൽ അവരവരുടെ ഗുരുനാഥൻമാർ അവർക്ക് പഠിപ്പിച്ചു കൊടുത്തത് അവർക്ക് രണ്ട് പേർക്കും ബോധ്യപ്പെട്ടിട്ടുണ്ടായിരുന്നില്ല. വസുദത്ത എന്ന യുവ ബ്രാഹ്മണൻ അവസാനം പ്രശ്നം ബുദ്ധന്റെ സന്നിധിയിൽ ബോധിപ്പിക്കാമെന്ന് തീരുമാനിച്ചു. അവർ രണ്ടു പേരും ഇത് അംഗീകരിച്ചു. ബുദ്ധന്റെ ജ്ഞാന നിർഭരമായ ഉപദേശം തേടാനായി രണ്ടു പേരും വന്നു. ഈ സമാഗമനത്തിൽ ഭരദ്വഗ എന്ന യുവ ബ്രാഹ്മണൻ മൗനമവലംബിക്കുകയും വസുദത്ത ബുദ്ധനോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. ചോദ്യത്തിന് മറുപടി പറയുന്നതിന് മുമ്പേ ബുദ്ധൻ ചില മറു ചോദ്യങ്ങൾ അങ്ങോട്ടു ചോദിച്ചു.

ആദ്യമായി അദ്ദേഹം ചോദിച്ചു, 'മൂന്ന് വേദങ്ങളും പഠിച്ച ഏതെങ്കിലും ഒരു ബ്രാഹ്മണൻ ബ്രഹ്മാവിനെ മുഖത്തോട് മുഖം കണ്ടിട്ടുണ്ടോ? ഉത്തരം 'ഇല്ല' എന്നായിരുന്നു. പിന്നീട് ബുദ്ധൻ വസുദത്തനോട് ചോദിച്ചു: കഴിഞ്ഞ ഏഴു തലമുറകളിലെ ഏതെങ്കിലും ഒരു ബ്രാഹ്മണനോ അദ്ദേഹത്തിന്റെ ശിഷ്യൻമാരോ ബ്രഹ്മാവിനെ കണ്ടിട്ടുണ്ടോ? ഉത്തരം വീണ്ടും 'ഇല്ല' എന്നായിരുന്നു. പിന്നെ ബുദ്ധൻ ആഗതരായ രണ്ട് ബ്രാഹ്മണ യുവാക്കളോട് തന്നെ ചോദിച്ചു, നിങ്ങൾ എപ്പോഴെങ്കിലും ബ്രഹ്മാവിനെ കണ്ടതായി അവകാശപ്പെടുന്നുണ്ടോ? വീണ്ടും ഉത്തരം 'ഇല്ല' എന്നായിരുന്നു. പിന്നീട് വസുദത്തയോടായി ബുദ്ധൻ ചോദിച്ചു: മാനസകഥ എന്ന ഈ ഗ്രാമത്തിൽ ജനിച്ചു വളർന്ന ഒരാളോട് മാനസ കഥയിലേക്കുള്ള വഴി ചോദിച്ചാൽ അയാൾക്ക് ഈ ചോദ്യത്തിന് ഉത്തരം പറയാൻ വല്ല ബുദ്ധിമുട്ടും ഉണ്ടോ? വസുദത്തയുടെ മറുപടി ഇപ്രകാരമായിരുന്നു

'ഗൗതമാ, തീർച്ചയായും ഇല്ല. എന്തെന്നാൽ ഒരാൾ മാനസകഥയിൽ ജനിച്ചു വളർന്നിട്ടുണ്ടെങ്കിൽ അവിടുത്തെ എല്ലാ വഴികളും പൂർണമായും അദ്ദേഹത്തിന് ഹൃദിസ്ഥമായിരിക്കും'.

ഈ അവസരത്തിൽ ബുദ്ധൻ വിശദീകരിച്ചു.

'വസുദത്ത എന്നയാൾ മാനസ കഥയിൽ ജനിച്ചു വളർന്നയാളാകാം. മാനസ കഥയിലേക്കുള്ള വഴിയെക്കുറിച്ച് സംശയത്തിലും ബുദ്ധിമുട്ടിലും അകപ്പെട്ട ഒരാൾ വസുദത്തയോട് ചോദിച്ചാൽ അദ്ദേഹമത് പറഞ്ഞു കൊടുക്കും'.ബ്രഹ്മാവിന്റെ ലോകത്തിലേക്കുള്ള വഴി സ്പർശിച്ചു നിൽക്കുന്ന തഥാഗതനോട് (പൂർണ ജ്ഞാനോദയം ലഭിച്ചയാൾ) പ്രസ്തുതവഴി ചോദിച്ചാൽ അത് പറഞ്ഞു കൊടുക്കാൻ അയാൾക്ക് യാതൊരു സംശയമോ ബുദ്ധിമുട്ടോ ഉണ്ടാവില്ല. വസുദത്താ, ബ്രഹ്മത്തെ ഞാനറിയും. ബ്രഹ്മലോകവും അതിലേക്ക് നയിക്കുന്ന വഴിയും ഞാനറിയും. ബ്രഹ്മലോകത്ത് പ്രവേശിച്ച ആൾ അറിയുന്നത് പോലെ ഞാനത് അറിയുന്നു. ഞാൻ അവിടെ ജനിക്കപ്പെട്ടവനാണ്.

ബുദ്ധന്റെ വാദം ഇപ്രകാരമായിരുന്നു. മാനസകഥയിൽ വസിക്കുന്ന ഒരാൾക്ക് മാനസ കഥയിലേക്ക് നയിക്കുന്ന എല്ലാ വഴികളും നന്നായറിയാം. ദൈവത്തിൽ നിന്നുള്ള ഏതൊരു വാദിയും ദൈവത്തിലേക്ക് നയിക്കുന്ന വഴി അറിഞ്ഞിരിക്കണം. പക്ഷേ, വാദിക്കുന്നയാൾ ദൈവത്തിൽ നിന്ന് വന്നവനും വ്യക്തിപരമായി അവനെ അറിഞ്ഞവനുമായിരുന്നെങ്കിൽ മാത്രമേ ഇത് സാധ്യമാവൂ. ബുദ്ധന്റെ മറു ചോദ്യത്തിൽ നിന്ന് സംഗതി വളരെ വ്യക്തമാവുന്നു. ഗുരുക്കൻമാരിൽ ആരും തന്നെ ദൈവത്തെ കാണുകയോ ദൈവവുമായി വൈയക്തികമായ ജ്ഞാനം ആർജിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ദൈവത്തിന്റെ സത്ത പൂർണമായും അവരുടെ ധാരണക്ക് അപ്പുറത്തും പുറമെയുമാണ്. സംവാദത്തിന്റെ ഈ ഘട്ടത്തിൽ ബുദ്ധന്റെ ഈ വാദമുഖങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെട്ടതായിരിക്കണം. ഒരാളും ദൈവത്തെ കാണാത്തതിനാൽ ദൈവം ഇല്ല എന്ന് ബുദ്ധൻ പ്രഖ്യാപിക്കുകയായിരുന്നുവെന്ന് ചിലർ തെറ്റായി ധരിച്ചു പോയതായിരിക്കാം. തീർച്ചയായും വിവർത്തക തന്റെ ആമുഖത്തിൽ പറയുന്നത് ഈ സംവാദത്തിന്റെ ചുവടുപിടിച്ചു കൊണ്ട് എല്ലാ വാദമുഖങ്ങളും അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്.

ബ്രഹ്മാവുമായി കൂടി ചേരാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്ക് ഏറ്റവും നല്ലത് അതിനെ പറ്റി ആഗ്രഹിക്കാതിരിക്കുക. ഇതാണ് അത് ലഭിക്കാനുള്ള വഴി.

പക്ഷേ ബുദ്ധന്റെ ഈ പ്രഭാഷണം വിശകലനം ചെയ്തുകൊണ്ട് ഗ്രന്ഥകർത്രി, ബുദ്ധൻ ഉണ്ട് എന്ന് തെളിയിക്കാൻ ശ്രമിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. ബുദ്ധന്റെ കാല

ഘട്ടത്തിലെ ബ്രാഹ്മണ വ്യവസ്ഥക്കെതിരെ അദ്ദേഹം നടത്തിയ ഐതിഹാസികമായ സംവാദങ്ങൾ തെറ്റായി പാരായണം ചെയ്ത ബുദ്ധ സന്യാസിമാരുടെ വിശ്വാസം ചില ഗവേഷകൻമാരെ എങ്ങനെ സ്വാധീനിച്ചു എന്ന് പ്രസ്തുത വിവരണം സൂചിപ്പിക്കുന്നു. ബ്രാഹ്മണർ ദൈവസമാനം കരുതിയിരുന്ന മൂർത്തികളിലുള്ള അന്ധവിശ്വാസം അദ്ദേഹം പൂർണമായും നിരാകരിക്കുകയായിരുന്നു. അവർ ആ മൂർത്തികളിൽ നിന്നും ഒരിക്കലും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. പക്ഷേ, ബുദ്ധന്റെ ഉത്തരം ഇവിടെ അവസാനിക്കുന്നില്ല. ദൈവത്തിലേക്കുള്ള വഴികാട്ടാൻ തഥാഗതനെ സംബന്ധിച്ചിടത്തോളം അത്തരത്തിലുള്ള യാതൊരു പ്രയാസങ്ങളുമില്ല. അദ്ദേഹം സ്വയം തന്നെ ദൈവത്തിലേക്ക് വഴികാണിക്കുന്ന ഒരാളാണെന്ന വാദമാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. കാരണം അദ്ദേഹത്തിന് ദൈവവുമായി ഐക്യബന്ധമുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൽ നിന്ന് വന്നവനായിരുന്നു.

പരമോന്നതനായ ഒരു ദൈവത്തിൽ ബുദ്ധൻ വിശ്വസിച്ചിരുന്നതായി ഇപ്പോൾ വ്യക്തമായി. അവനിൽ നിന്ന് തന്നെയാണ് താൻ വന്നതെന്നായിരുന്നു അദ്ദേഹത്തിന്റെ അവകാശവാദം. മാനസകഥ എന്ന ഗ്രാമത്തിലെ നിവാസികൾക്ക് അവരുടെ ഗ്രാമത്തിലേക്ക് നയിക്കുന്ന തെരുവുകൾ അറിയുന്നതിനേക്കാൾ നന്നായി ദൈവത്തെ ബുദ്ധന് അറിയാമായിരുന്നു. ഇവിടെ ബുദ്ധൻ താൻ ദൈവവുമായി നിരന്തര ബന്ധം സ്ഥാപിച്ചു കൊണ്ടുള്ള ഒരു ജീവിതമാണ് നയിക്കുന്നതെന്ന് സ്വയം അവകാശപ്പെടുന്നു. കേവലം വെളിപാടുകളുടെ സ്വീകർത്താവ് എന്നതിനേക്കാൾ സമുന്നതമായ ഒരു സ്ഥാനത്ത് ദൈവസാമീപ്യത്തിലായിരുന്നു അദ്ദേഹം നിലകൊണ്ടിരുന്നത്. നിരവധി പ്രവാചകൻമാർ മരണം അവരുടെ ജീവനെ പരലോകത്തേക്ക് കൊണ്ടുപോകുന്നതിന് മുമ്പേ ഭൂമിയിൽ വെച്ച് തന്നെ അനശ്വര ജീവിതത്തിന് സാക്ഷ്യംവഹിച്ചവരായി വാദിച്ചിട്ടുണ്ട്. അവരെല്ലാവരും ദൈവദൂതൻമാരായിരുന്നു. ദൈവവുമായി ബന്ധപ്പെട്ട് അനശ്വരാവസ്ഥയിലുള്ള ഈ ജീവിതം അവരെല്ലാവരും അനുഭവിച്ചിരുന്നു. ബുദ്ധനും ഇതിൽ നിന്നൊഴിവായിരുന്നില്ല. ബുദ്ധൻ ഇവിടെ ദൈവത്തിന് ബ്രഹ്മാവ് എന്ന സംജ്ഞയാണ് ഉപയോഗിക്കുന്നത്. ഇത് ഹിന്ദുക്കൾക്ക് സുപരിചിതമായ ഒരു നാമമാണ്. ഹിന്ദുക്കൾ അവരുടെ ദേവൻമാർക്കിടയിലെ പരമോന്നത ദൈവത്തിനു നൽകിയ പേരാണിത്. സംവാദം പുരോഗതി പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ നിലപാട് കൂടുതൽ വ്യക്തമാവും.

'പിന്നീട് അദ്ദേഹം (ബുദ്ധൻ) സംസാരിച്ചപ്പോൾ, അനുഗൃഹീതനായ അദ്ദേഹത്തോട് യുവ ബ്രാഹ്മണനായ വസുദത്ത പറഞ്ഞു:

'ഗൗതമാ, താങ്കൾ എന്നോട് പറഞ്ഞ പ്രകാരം സമാന ഗൗതമന് പോലും ദൈവവുമായുള്ള ഐക്യപ്പെടലിന്റെ വഴിയറിയാം. അത് വളരെ നന്നായി!! ജ്ഞാനവയോധികനായ ഗൗതമാ, ബ്രഹ്മാവുമായുള്ള ഐക്യപ്പെടലിന്റെ വഴി ഞങ്ങൾക്ക് കാണിച്ചു തരുന്നതിൽ അങ്ങ് സന്തോഷിച്ചാലും! അല്ലയോ ജ്ഞാനവയോധികനായ ഗൗതമാ, ഈ ബ്രാഹ്മണ കുലത്തെ താങ്കൾ രക്ഷിച്ചാലും'!

ബ്രഹ്മം അയഥാർഥവും നിരർഥകവുമാണെന്ന് പറഞ്ഞ് കൊണ്ടാണ് വസുദത്തയുടെ ഈ അഭ്യർഥനയേയും ആഗ്രഹത്തെയും ബുദ്ധൻ നിരാകരിക്കാത്തത് ബ്രഹ്മത്തെക്കുറിച്ചും ബ്രഹ്മം തിരഞ്ഞെടുക്കുന്നവരുമായി ബന്ധം സ്ഥാപിക്കുന്നതിനെക്കുറിച്ചും വസുദത്ത പറഞ്ഞതെന്താണോ അത് ബുദ്ധൻ അംഗീകരിക്കുന്നു എന്നതിന് സ്പഷ്ടമായ തെളിവാണ്.

ദൈവത്തിന്റെ വിളിക്കുത്തരം നൽകുന്ന ആളുകൾക്ക് ജാതിയുടെ വേലിക്കെട്ടുകൾ നോക്കാതെ ദൈവത്തിലേക്കുള്ള വഴി അവൻ എളുപ്പമാക്കിക്കൊടുക്കും. ദൈവത്തെ ഭയപ്പെടുന്ന ഒരാളിൽ ദ്വേഷം, അസൂയ, മുൻവിധി മുതലായ മനുഷ്യ വികാരങ്ങളെല്ലാം അസ്തമിച്ചു പോവും. ദൈവോൻമുഖമായ ഗുണങ്ങൾ അവനിൽ അതിവർത്തിച്ചു നിൽക്കുന്നു. ഈ മാനുഷിക വികാരങ്ങളെ ഒരാൾ അതിവർത്തിക്കുമ്പോൾ ദൈവഗുണങ്ങൾ അവനിൽ സമാർജിതമാകുന്നു. ദൈവത്തോടുള്ള ബുദ്ധന്റെ സമീപനം മനസ്സിലാക്കാനാഗ്രഹിക്കുന്നവർ ഈ സംവാദം പ്രത്യേകം ശ്രദ്ധയോടു കൂടി വിലയിരുത്തേണ്ടതാണ്.

അപ്പോൾ ബുദ്ധൻ എങ്ങനെയാണ് സ്വന്തം അനുയായികളാൽതന്നെ തെറ്റിദ്ധരിപ്പിക്കപ്പെട്ടത്? ഇതിനുള്ള ഉത്തരം ബുദ്ധമതത്തിന്റെ ആദ്യകാല ചരിത്രത്തിൽ നിന്നും അപ്രകാരം തന്നെ ബ്രാഹ്മണിസത്തിന്റെ പഴയ വ്യവസ്ഥയോട് പോരടിച്ചു ആവിർഭവിച്ച ബുദ്ധമതത്തിന്റെ സംഘർഷങ്ങളുടെ ചരിത്രത്തിൽ നിന്നും തേടേണ്ടതുണ്ട്. ബ്രാഹ്മണൻമാർ തങ്ങളുടെ വീക്ഷണങ്ങൾ ബുദ്ധനിൽ അധ്യാരോപിക്കുകയുണ്ടായി. ഇത് മതപൗരോഹിത്യത്തെ സംബന്ധിച്ചിടത്തോളം അപൂർവമായ ഒന്നല്ല. ഒരുപക്ഷേ ഉത്തമ വിശ്വാസത്തിൽ അവർ ബുദ്ധനെ തെറ്റിദ്ധരിച്ചതുമാകും. അക്കാലത്തെ ബ്രാഹ്മണൻമാർ പൂർണമായും മുഴുകിയിരുന്ന വ്യാപകമായ ബിംബാരാധനക്കെതിരെ ബുദ്ധൻ ആഞ്ഞടിച്ചപ്പോൾ അദ്ദേഹം ദൈവനിഷേധിയാണെന്ന് ആരോപിക്കുകയുണ്ടായി. ഈ പ്രചാരണം ശക്തരായ ബ്രാഹ്മണ വർഗം കൊണ്ടുപിടിച്ചു നടത്തുകയുണ്ടായി. അത്യുച്ചത്തിൽ ശബ്ദാഡംബരത്തോടെ നിർവഹിക്കപ്പെട്ട പ്രചണ്ഡമായ ഈ വിപരീത പ്രചാരണത്തിനിടയിൽ ബുദ്ധന്റെ ശബ്ദം മുങ്ങിപ്പോയി.

ആശയവിനിമയത്തിനും, എഴുത്തുവിദ്യക്കുമുള്ള പരിമിതികൾ കണക്കിലെടുക്കുമ്പോൾ, ഈ പ്രചാരണം ഹിന്ദു ബ്രാഹ്മണൻമാർക്ക് അനുകൂലമായെന്നു മാത്രമല്ല ബുദ്ധന്റെ അനുയായികളിൽ പോലും അത് സ്വാധീനം ചെലുത്തി.

അവസാനം ബുദ്ധന്റെ അന്ധവിശ്വാസ ജടിലമായ ഹിന്ദു ദൈവങ്ങളുടെ നിഷേധം ആത്യന്തികമായി ദൈവ നിഷേധമാണെന്ന് അവർ കരുതി. ഗൗതമബുദ്ധന്റെ ബ്രാഹ്മണരുടെ ദൈവങ്ങളുടെ നിഷേധം പൊതുവത്ക്കരിക്കപ്പെടുകയും ധാരാളം ആളുകൾ അദ്ദേഹം ദൈവത്തിൽ വിശ്വസിക്കാത്തയാളായിരുന്നുവെന്ന ധാരണയിലേക്ക് നയിക്കപ്പെടുകയും ചെയ്തു.

അവരുടെ ബുദ്ധനോടുള്ള കൂറിനെ കണക്കിലെടുക്കുമ്പോൾ അത് അസ്പർശ്യമായി നിൽക്കുന്നു. അവർ ബുദ്ധനെ എക്കാലത്തേയും ജ്ഞാനിയായ ഗുരുവും കാരുണ്യവാനും സ്നേഹനിധിയും മാനവികതയുടെ കേദാരവുമായി കരുതി. നാം ഏതൊരു കാലഘട്ടത്തെക്കുറിച്ചാണോ സംസാരിക്കുന്നത് ആ കാലഘട്ടം സാക്ഷരത അതിന്റെ ഏറ്റവും താഴ്ന്ന പടിയിൽ നിൽക്കുന്ന ഒരു കാലഘട്ടമായിരുന്നു. സാധാരണ ജനങ്ങൾ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ചിലപ്പോൾ അഭിപ്രായം രൂപീകരിക്കാറുണ്ട്. അപ്രകാരം ബുദ്ധന്റെ അനുയായികളും ഈ ബ്രാഹ്മണരുടെ പ്രചാരണത്തിൽ കുടുങ്ങി അകറ്റപ്പെടുകയാണുണ്ടായത്. പക്ഷേ, അത് ബുദ്ധനോടുള്ള അവരുടെ അനുരക്തിയിലും കൂറിലും വളരെ ചെറിയ സ്വാധീനമേ ഉണ്ടാക്കിയുള്ളൂ. അവരെ സംബന്ധിച്ചിടത്തോളം ബുദ്ധൻ പരമമായ ജ്ഞാനത്തിന്റെ സ്രോതസ്സാകാൻ അത് തന്നെ ധാരാളം മതിയായിരുന്നു. പ്രിയപ്പെട്ട യജമാനൻ, ജ്ഞാനിയായ ഗുരുനാഥൻ എന്നീ നിലകളിൽ പൂർണഹൃദയത്തോടെ അവർ ബുദ്ധനോടുള്ള ബഹുമാനം തുടർന്നു വന്നു. ക്രമേണ അവരറിയാതെ ദൈവരഹിതനായ അവരുടെ യജമാനനെ ദൈവം എന്ന നിലക്ക് അവർ ബഹുമാനിക്കാൻ തുടങ്ങി.

മതചരിത്രത്തിൽ ഇത് ഒരു ആദ്യസംഭവമായിരുന്നില്ല. ദൈവപ്രചോദിതരായ വ്യക്തികൾ ചിലപ്പോൾ ദൈവങ്ങളായും മനുഷ്യൻ ദേവൻമാരായും ഉയർത്തപ്പെടാറുണ്ട്. എന്തായിരുന്നാലും ബുദ്ധന്റെ കാര്യത്തിൽ അനുയായികൾക്ക് അദ്ദേഹത്തോടുള്ള സ്നേഹവും ശ്രദ്ധയും സമ്പൂർണവും അതുല്യവുമായിരുന്നു. മനുഷ്യമാതൃക എന്ന നിലക്ക് അവ ബുദ്ധനെ കേന്ദ്രീകരിച്ചു നിലകൊണ്ടു. അദ്ദേഹം അക്ഷരാർഥത്തിൽ ഇതിഹാസ സങ്കൽപ പ്രകാരമുള്ള ദൈവ രൂപമായി ഉയർത്തപ്പെട്ടിരുന്നില്ല. അവരുടെ വിശ്വാസരാശിയിൽ ഒരു വശത്ത് ബ്രഹ്മവും മറുവശത്ത് ബുദ്ധനെയും അവർ പ്രതിഷ്ഠിച്ചു. അവർക്ക് അത് മതിയായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ബ്രഹ്മം ഇതിഹാസങ്ങളുടേയും മിത്തിന്റേയും അരുളപ്പാടുകളാണ്. അതേസമയം ബുദ്ധൻ സത്യത്തിന്റെയും, യുക്തിയുടെയും, ജ്ഞാനത്തിന്റെയും മൂർത്തിയാണ്. ക്രമേണ ഇതിഹാസരൂപികൾക്ക് പങ്കില്ലാത്ത ഒരു മതമായി ബുദ്ധമതം വളർന്നു. ദൈവത്തിൽ വിശ്വസിക്കാനുള്ള മനുഷ്യ പ്രകൃതിയിലെ നൈസർഗികാവശ്യങ്ങളെല്ലാം ബുദ്ധന്റെ ബിംബവത്ക്കരണത്തിലൂടെ നിറവേറ്റപ്പെട്ടു. നാലാം നൂറ്റാണ്ടിലെ ബുദ്ധന്റെ അനുയായികളുടെ ദൃഷ്ടിയിൽ ബുദ്ധൻ കേവല ജ്ഞാനത്തിന്റെ ഉറവിടം എന്ന നിലയിൽ തന്റെ യാത്ര ആരംഭിച്ചിരുന്നു. ഒരു സാധാരണ ഭൗതിക തത്ത്വജ്ഞാനിയേക്കാൾ വളരെ ഉയർന്ന സ്ഥാനത്തേക്ക് ആ സന്ദർഭത്തിൽ അദ്ദേഹം ഉയർന്നിരുന്നു. അദ്ദേഹത്തിന്റെ കാര്യത്തിൽ വെറും ലൗകിക ജ്ഞാനത്തിന്റെ പ്രതീകമായി ബുദ്ധൻ ദീർഘനാൾ നിലകൊണ്ടില്ല. മതരംഗത്ത് ദൈവത്തിനോ ദൈവങ്ങൾക്കോ മാത്രം ലഭിക്കുന്ന ബഹുമാനവും ആദരവും അദ്ദേഹം നേടിയെടുത്തു.

നാം ഇപ്പോൾ സംസാരിക്കുന്നത് ഏതാനും വർഷത്തെ ഒരു ചെറു കാലഘട്ടത്തെക്കുറിച്ചല്ല. ബുദ്ധമത ലോകത്ത് നിരീശ്വരത്വത്തിന്റെ അപശകുനാത്മകമായ നിഴൽ പരക്കാൻ നൂറ്റാണ്ടുകളോളമെടുക്കുകയുണ്ടായി. ബുദ്ധനെ ദൈവമെന്ന നാമത്തിൽ വിശേഷിപ്പിക്കാതെ ബുദ്ധനിൽ നിന്നു തന്നെ ഒരു ദൈവത്തെ അന്തിമമായി നിർമിച്ചെടുക്കാൻ നൂറ്റാണ്ടുകളോളം എടുക്കേണ്ടി വന്നു. ദൈവ വിശ്വാസത്തിൽ നിന്ന് ദൈവരഹിതമായ ഒരു ജനതയായി ബുദ്ധമതം പരിവർത്തനം ചെയ്ത രീതിയെ പറ്റിയുള്ള നമ്മുടെ അഭിപ്രായം വെറുമൊരു ഊഹത്തിന്റെ അടിസ്ഥാനത്തിലുള്ളതല്ല. നാം ഇവിടെ അവതരിപ്പിച്ച പ്രകാരം ബുദ്ധമതത്തിന്റെ പ്രാഥമിക സ്രോതസ്സുകളിൽ നിന്നുള്ള പഠനങ്ങൾ ബുദ്ധൻ ഒരു ഏകദൈവ വിശ്വാസിയാണെന്ന വീക്ഷണത്തെ പൂർണമായും പിന്തുണക്കുന്നു. അദ്ദേഹം നിരാകരിച്ചത് ബഹുദൈവ വിശ്വാസത്തെയായിരുന്നു. ബുദ്ധന്റെ എതിരാളികളുടെ കഠിന ശ്രമമുണ്ടായിരുന്നിട്ടും ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ അദ്ദേഹത്തെ സംബന്ധിച്ച് നിലനിന്ന കറപുരളാത്ത സത്യം ഇതാണ്. നാം വായനക്കാരന്റെ മനസ്സിനെ ബുദ്ധമത വിശ്വാസിയായ മഹാനായ അശോകന്റെ ഭരണകാലത്തേക്ക് കൊണ്ടുപോകുകയാണ്. ഇന്ത്യയുടെ അതിർത്തികളേയും ഭേദിച്ച് അഫ്ഗാനിസ്താൻ മുഴുവനും ഭരിച്ചിരുന്ന പ്രവിശാലമായ ഒരു സാമ്രാജ്യമായിരുന്നു അശോകന്റേത്. ബുദ്ധമത ജീവിതത്തിന്റെയും അധ്യാപനങ്ങളുടെയും ഏറ്റവും പ്രാമാണികവും ചോദ്യം ചെയ്യാനാവാത്ത വിധം ആധികാരിക സ്ഥാനവുമലങ്കരിക്കുന്നയാളാണ് അശോകൻ. സംശയത്തിന്റെ അണുമണിതൂക്കം പോലുമില്ലാതെ അശോകൻ ചിത്രീകരിച്ച ബുദ്ധൻ, ദൈവത്തിന്റെ ദിവ്യവെളിപാടുകളുടെ അടിസ്ഥാനത്തിൽ തന്റെ അധ്യാപനങ്ങൾ സ്ഥാപിച്ച എളിയവനായ ഒരു ദൈവ പ്രവാചകനാണെന്ന് പറയാം. മനുഷ്യ വംശത്തോട് അദ്ദേഹം അറിയിച്ച കാര്യങ്ങളെല്ലാം പരമോന്നതനായ ദൈവം അദ്ദേഹത്തെ അറിയിച്ച കാര്യങ്ങളായിരുന്നു. ചരിത്രത്തിന്റെ പാറപ്പുറത്ത് ബുദ്ധനെ സംബന്ധിച്ച് അശോകൻ കൊത്തിവെച്ച വിധിപ്രസ്താവങ്ങളായിരുന്നു അത്.

(തുടരും)

# ഹദ്റത്ത് അഹ്മദി(അ)ന് പ്രതിഭാശാലികളുടെ പുരസ്ക്കാരങ്ങൾ

ക്രിസ്തുവിന്റെ അപ്രകാശിത ജീവിതത്തെ സംബന്ധിച്ച മിഥ്യാ സങ്കൽപ്പങ്ങൾ ക്രൈസ്തവ ഇസ്ലാം മതവിശ്വാസത്തെ ഇതിഹാസ കഥകളാക്കി മാറ്റുന്നു. ഹദ്റത്ത് അഹ്മദി(അ)ന്റെ ക്രിസ്തുവിനെ സംബന്ധിച്ച യുക്തിയുടെയും ചരിത്രത്തിന്റേയും പിൻബലമുള്ള വെളിപ്പെടുത്തലുകൾ യഥാർഥ ക്രിസ്തുവിലേക്കുള്ള വഴികളാണ്. വൈജ്ഞാനികലോകം ഹദ്റത്ത് അഹ്മദി(അ)ന്റെ ജ്ഞാനയജ്ഞങ്ങൾക്ക് മുമ്പിൽ ആദരങ്ങൾ അർപ്പിക്കുന്നു.

**മുഹമ്മദ് ഉമർ**

**പ**രിവർത്തനാത്മകമായ ഈ കാലഘട്ടത്തിൽ അദ്ധ്യാത്മിക വിപ്ലവത്തിന്റെ മഹൽ ദൗത്യവുമായി അല്ലാഹു അയച്ച മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) ജ്ഞാന വിജ്ഞാനങ്ങളുടെ പ്രതിഭാശേഷികൊണ്ട് ധിഷണ ലോകത്തെ കീഴടക്കിയിരിക്കയാണ്. മഹാ വിപ്ലവത്തിന്റെ അടിസ്ഥാന തത്ത്വങ്ങളായി അദ്ദേഹം മുന്നോട്ടു വെച്ച സിദ്ധാന്തങ്ങൾ - വിശിഷ്യാ ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ പാശ്ചാത്യ പണ്ഡിതലോകം അംഗീകരിച്ചു കൊണ്ടിരിക്കയാണ്. ഈ ആത്മീയ വിപ്ലവത്തിന് സംഭവിക്കുന്ന ഗതി വ്യതിയാനങ്ങളെ പറ്റി അദ്ദേഹം പറയുകയുണ്ടായി

*'അല്ലാഹു എന്നെ നിയോഗിച്ചയച്ചതിനു ശേഷം ലോകത്ത് ഒരു വമ്പിച്ച വിപ്ലവം നടന്നു കൊണ്ടിരിക്കുന്നതായിട്ടെനിക്ക് കാണുവാൻ സാധിക്കുന്നു. യൂറോപ്പിലും അമേരിക്കയിലും യേശുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നവരിൽ ഗവേഷണ പടുക്കളും ബുദ്ധിമാന്മാരുമായ ആളുകൾ സ്വയം ആ വിശ്വാസം ഉപേക്ഷിച്ചുകൊണ്ടിരിക്കയാണ്.*

*അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവന്റെ പ്രത്യേകമായ കാരുണ്യത്താൽ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ യഥാർഥവും പരിപൂർണവുമായ തൗഹീദിന്റെ സമാധനഗേഹത്തിൽ അവർ പ്രവേശിപ്പിക്കപ്പെടും എന്ന് ഞാൻ വിശ്വസിക്കുന്നു. അതോടൊപ്പം അവർക്ക് പൂർണമായ രീതിയിൽ ദൈവസ്നേഹവും ദൈവഭക്തിയും ദൈവജ്ഞാനവും ലഭിക്കുന്നതാണ്. ഇത് എന്റെ വെറും വ്യാമോഹം മല്ല. മറിച്ച് അല്ലാഹുവിൽ നിന്നുള്ള പരിശുദ്ധ വെളിച്ചം മുഖേന എനിക്ക് ഇത് സംബന്ധിച്ച് സുവിശേഷം ലഭിച്ചിരിക്കുന്നു. '(ലാഹോർ പ്രഭാഷണം. 73,74)*

ഹദ്റത്ത് ഇമാം മഹ്ദി (അ) യുടെ പ്രവചനം ഇന്ന് പൂർത്തിയായിരിക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നതാണ്.

1988 മാർച്ച 11 ന് അമേരിക്കയിലെ സാൻഫ്രാൻസിസ്ക്കോ പട്ടണത്തിൽ ചേർന്ന നൂറ് ക്രിസ്തുമത പണ്ഡിതന്മാരുടെയും ചരിത്ര ഗവേഷകന്മാരുടേയും ഒരു സെമിനാറിൽ മൂന്ന് ദിവസം ചേർന്ന ചർച്ചകളിൽ അവസാനം ഇപ്രകാരം തീരുമാനിക്കുകയുണ്ടായി.

'യേശു ഒരിക്കലും താൻ ഒരു ദൈവമാണെന്ന് പറഞ്ഞിട്ടില്ല. അദ്ദേഹം മരണപ്പെട്ടു പോയിരിക്കുന്നു. അദ്ദേഹം ആകാശത്തേക്ക് കയറിപ്പോകുകയോ ഒരിക്കലും തിരിച്ചു വരുകയോ ചെയ്യുന്നതല്ല.

1999 ആഗസ്ത് 21-ാം തിയതിയിലെ മാതൃഭൂമി പറയുന്നു:

'70 ലക്ഷം ആംഗ്ലിക്കൻ സഭാവിശ്വാസികളുടെ ആദ്ധ്യാത്മി കാചാര്യനായ കാന്റൻബറിചർച്ച് ബിഷപ്പിന്റെ നിരീക്ഷണം യേശു ജീവിച്ചിരുന്നുവെന്നും കുരിശിൽ തറക്കപ്പെട്ടുവെന്നുമുറപ്പാണെന്നും എന്നാൽ അദ്ദേഹം ആകാശത്തേക്ക് ഉയിർത്തെഴുന്നേറ്റുവെന്ന് അത്ര നിശ്ചയമായി നമുക്ക് പറയുവാൻ ആവില്ലെന്നുമാണ്.

ഹദ്റത്ത് ഇമാം മഹ്ദി തന്റെ ഒരു ഉറുദുകവിത യിൽ പറയുന്നു:

***ആറഹാഹൈ ഇസ്താഫ്***
***അഹ്റാറെ യുറോപ്പ് കാ മസാജ്***
***നബ്സ് ഫിർ ചൽനേ ലഗി***
***മുർദോൻകീ നാഗാഹ് സിന്ദ്വാർ***
***കഹ്തേ ഹൈ(ൻ) തഥ് ലീഥ്***
***കോ അബ് അഹെ ലെ ദാനിശ്***
***അൽവിദാ***
***ഫിർ ഹുവേ ഹൈ (ൻ) ചശ്മെ***
***തൗഹീദ് പർ അസ്ജാൻ നിസാർ***

അതായത് ഈ വശത്തേക്ക് യൂറോപ്പിലെ സ്വതന്ത്ര ചിന്തകന്മാരുടെ ശ്രദ്ധ തിരിഞ്ഞു കൊണ്ടി

രിക്കയാണ്. മൃതരായവരുടെ നാഡികൾ പൊടുന്നനെ ജീവൻ വെച്ച് ചലിക്കാൻ തുടങ്ങിയിരിക്കുന്നു ധിഷണാശാലികൾ ത്രിത്വസിദ്ധാന്തത്തെ ഉപേക്ഷിച്ചു കൊണ്ടിരിക്കയാണ്. വീണ്ടുമിതാ ഏകത്വത്തിന്റെ നീരുറവ ജീവൻ വെച്ചിരിക്കുകയാണ്

1899 ൽ ഹദ്റത്ത് വാഗ്ദത്ത മസീഹ് എഴുതിയ മസീഹ് ഹിന്ദുസ്ഥാൻമെ (യേശു മിശിഹാ ഇന്ത്യയിൽ) എന്ന ഗ്രന്ഥം മത ഗവേഷണ ചരിത്രത്തിലെ ഒരു നിർണായക വൈജ്ഞാനിക രേഖയും ക്രിസ്തീയ ചിന്താ മണ്ഡലത്തിൽ ചലനങ്ങൾ സൃഷ്ടിക്കുകയും ചെയ്ത കൃതിയാണ്. മനുഷ്യ കുലത്തെ പാപ വിമുക്തമാക്കുന്നതിന് യേശു കുരിശു മരണം വരിച്ചുവെന്നും മരണത്തിന് ശേഷം ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ടുവെന്നുമുള്ള തത്ത്വത്തിലാണ് ക്രിസ്തു മതം നിലകൊള്ളുന്നത് അപ്പോസ്തലനായ പൗലോസ് പറയുന്നു: അതായത് ***'ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം' (1 കൊരിന്ത്യർ 15:14) 'മരിച്ചവർ ഉയിർത്തെഴുന്നേൽക്കില്ല എന്നു വരികിൽ ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നും ദൈവത്തിന്നു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന് കള്ള സാക്ഷികളെന്നും വരും. (1 കൊരിന്ത്യർ 5:14-16)***

ഈ യാഥാർഥ്യം ഇക്കാലത്ത് വാഗ്ദത്ത മസീഹിന്റെ ആഗമനത്തോടുകൂടി ലോകം സമ്മതിച്ചു കൊണ്ടിരിക്കയാണ്. ഈ കഴിഞ്ഞ നൂറ്റാണ്ടിൽ വിവിധ തുറകളിലുള്ള നൂറുക്കണക്കിന് പണ്ഡിതന്മാരും ഗവേഷകരും യേശുവിന്റെ കുരിശു മരണവും ഉയിർത്തെഴുന്നേൽപ്പും ഒരു മിഥ്യാവിശ്വാസമാണെന്ന് വിളിച്ചോതുന്നു. യേശു മിശിഹാ കുരിശിൽ നിന്ന് ജീവനോടെ ഇറക്കപ്പെടുകയും മൂന്ന് ദിവസ ങ്ങൾക്ക് ശേഷം ആരോഗ്യം വീണ്ടെടുത്ത് പൗരസ്ത്യ നാടുകളിലേക്ക് യാത്ര തിരിക്കുകയും അവസാനം കാശ്മീരിലെത്തി അവിടെ മരണപ്പെടുകയും ചെയ്തുവെന്ന ചരിത്ര സത്യം ലോകത്തിന് മനസ്സിലായി തുടങ്ങിയിരിക്കുകയാണ്. ഇത് സംബന്ധിച്ച് Dr. James Deardoff-തന്റെ Jesus in India എന്ന ഗ്രന്ഥത്തിലെഴുതുന്നു

യേശുവും അദ്ദേഹത്തിന്റെ അമ്മ മറിയമും മറ്റ് ചിലരും സിറിയ വഴി കിഴക്കോട്ട് കശ്മീരിലേക്കും ഇന്ത്യയിലേക്കും സഞ്ചരിച്ചുവെന്നും യേശു അന്ത്യ വിശ്രമം കൊള്ളുന്ന കല്ലറ കശ്മീരിലാണെന്നും സൂചിപ്പിക്കുന്ന ധാരാളം തെളിവുകൾ ചൂണ്ടിക്കാണിച്ചു തന്നു എന്നതാണ് അഹ്മദികളുടെ ഏറ്റവും വിലപ്പെട്ട ഗവേഷണമായി ഞാൻ പരിഗണിക്കുന്നത് (Deard off James .W. Jesus in India an re Examination ofjesus intrernational schoolers publication 1994, p.143, 144)

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ ***'മസീഹ് ഹിന്ദു സ്ഥാൻമെ'*** എന്ന ഗ്രന്ഥത്തിൽ യേശു മിശിഹായുടെ കുരിശിൽ നിന്നുള്ള രക്ഷപ്പെടലിനെയും അദ്ദേഹത്തിന്റെ പൗരസ്ത്യദേശത്തേക്കുള്ള പ്രയാണത്തേയും കുറിച്ച് വ്യക്തമാക്കിയ ചില ഗവേഷണങ്ങളേയും ആ ഗവേഷണങ്ങളെ അനുകൂലിച്ചു കൊണ്ട് ചില ക്രിസ്തീയ പണ്ഡിതന്മാരും ഗവേഷകരും പുറപ്പെടുവിച്ച അഭിപ്രായങ്ങളേയും ഇവിടെ ക്രോഡീകരിക്കുകയാണ്.

ഹദ്റത്ത് വാഗ്ദത്ത മസീഹ് 'യേശു മിശിഹ ഇന്ത്യയിൽ 'എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

സുവിശേഷത്തിൽ നിന്ന് നമുക്കു ലഭിച്ചിരിക്കുന്ന സാക്ഷ്യങ്ങളിൽ മറ്റൊന്ന് യോഹന്നാന്റെ ഇഞ്ചീലിൽ ഉദ്ധരിക്കുന്ന വചനങ്ങളാണ്.

***'അന്ന് ഒരുക്കനാളും ആ ശബത്ത് നാൾ വലിയതും ആകകൊണ്ട് ശരീരങ്ങൾ ശബ്ബത്തിൽ കുരിശിന്മേൽ ഇരിക്കരുത് എന്ന് വച്ച് അവരുടെ കാല് ഒടിച്ച് എടുക്കേണം എന്ന യേശു ഭക്തന്മാർ പിലാത്തോസിനോട് അപേക്ഷിച്ചു. ആകയാൽ പടയാളികൾ വന്ന് ഒന്നാമന്റെയും അവനോടുകൂടെ ക്രൂശിക്കപ്പെട്ട മറ്റവന്റെയും കാല് ഒടിച്ച് അവർ യേശുവിന്റെ അടുക്കൽ വന്നു. അവൻ മരിച്ചു പോയതായി കണ്ടു. അതിനാൽ അവർ അവന്റെ കാല് ഒടിച്ചില്ല. എന്നാൽ പടയാളികളിൽ ഒരാൾ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു'. (യോഹന്നാൻ 1: 31-34)***

അക്കാലത്ത് കുരിശിന്മേൽ തറക്കപ്പെട്ട ഒരുവന്റെ ജീവിതത്തിന് അറുതിവരുത്തേണ്ടതിന് അവനെ അങ്ങനെ തന്നെ ഏതാനും ദിവസം കുരിശിൽ നിർത്തുകയും പിന്നെ അവന്റെ എല്ലുകൾ തല്ലി ഉടക്കുകയും ചെയ്യുക പതിവായിരുന്നുവെന്ന് പ്രസ്തുത വചനങ്ങളിൽ നിന്ന് സുവ്യക്തം മനസ്സിലാവുന്നു. എന്നാൽ ക്രൂശിതനായ ക്രിസ്തുവിന്റെ അസ്ഥി മനപ്പൂർവം ഒടിക്കാതിരുന്നതാണെന്ന് മനസ്സിലായി. കൂടെയുണ്ടായിരുന്ന രണ്ട് കള്ളന്മാരെ പ്പോലെ തന്നെ അദ്ദേഹവും ജീവനോടുകൂടിയാണ് ഇറക്കപ്പെട്ടത്. അതു കൊണ്ടു തന്നെയാണ് അദ്ദേഹത്തിന്റെ വിലാപ്പുറം തുളച്ചപ്പോൾ രക്തം തുള്ളിച്ച് വന്നത്. മൃതന്റെ രക്തം ഉറച്ചു പോകുമല്ലോ (പേജ് 44,45)

ഇതിൽ നിന്നും മനസ്സിലാവുന്നത് യേശു കുരിശിലുണ്ടായിരുന്ന സമയം വളരെ കുറഞ്ഞതായിരുന്നുവെന്നാണ്. ഈ കുറഞ്ഞ നേരത്തിനകം അദ്ദേഹത്തിന് മരണം ഉണ്ടാവുക അസംഭവ്യമാണ്.

ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രസ്തുത ഗവേഷണത്തെ അനുകൂലിച്ചുകൊണ്ട് അമേരിക്കയിലെ Verginea Institute of Technology സർവകലാശാലയിൽ ചരിത്ര പ്രഫസർ ആയിരുന്ന Paul P. Pappas Jesus തന്റെ Jesus Tomb In India. എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു.

മൂന്ന് മുതൽ ആറു മണിക്കൂർ വരെ കുരിശിൽ തൂങ്ങിക്കിടന്നിട്ടില്ലാത്ത യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന് അഹ്മദികൾ സ്ഥാപിക്കുന്നു. കൂടാതെ William Henna തന്റെ the

Life of Christ എന്ന ഗ്രന്ഥത്തിലും William Strond തന്റെ Life of jesus എന്ന ഗ്രന്ഥത്തിലും ഭാരതീയ ഗവേഷകനായ അസീസ് കശ്മീരി .Christ in Kashmir എന്ന പുസ്തകത്തിലും തദ്വിഷയകമായി ഹദ്റത്ത് അഹ്മദി(അ)ന്റെ നിഗമനങ്ങൾ ശരിവെക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ യേശു മിശിഹാ ഇന്ത്യയിൽ എന്ന ഗ്രന്ഥത്തിൽ പറയുന്നു: ***'മിശിഹാ ക്രൂശിക്കപ്പെടണമെന്ന് പിലാത്തോസിന് ഒരിക്കലും ആഗ്രഹമുണ്ടായിരുന്നില്ല. അദ്ദേഹം പല തവണ യേശുവിനെ വിട്ടയക്കാൻ ശ്രമിച്ചതായി സുവിശേഷങ്ങൾ വായിച്ചു നോക്കുന്നതായാൽ കാണാൻ കഴിയും. എന്നാൽ യഹൂദികൾ വിളിച്ചു പറഞ്ഞത് ഈ മനുഷ്യനെ വിട്ടയച്ചാൽ അങ്ങേക്ക് സീസറിനോട് കൂറില്ല. സ്വയം രാജാവു ചമയുന്ന ഏതൊരാളും സീസറിന്റെ എതിരാളിയാണ് (യോഹന്നാൻ 19:12)***

***പിന്നെ പിലാത്തോസിന്റെ പത്നികണ്ട സ്വപ്നം ക്രിസ്തുവിന്റെ നേർക്ക് ആനുകൂല്യം ഭാവിക്കാൻ പ്രേരകമായി തീർന്നു. അതിനാൽ എങ്ങനെയെങ്കിലും ആ മഹാത്മാവിനെ കുരിശിൽ തറക്കാതെ നോക്കണമെന്നും അല്ലാത്ത പക്ഷം അത് തനിക്കും ഭാര്യക്കും നാശകരമായിരിക്കുമെന്നും അദ്ദേഹം കരുതി. എന്നാൽ അക്കാലത്തെ യഹൂദർ ഒരു നാശം പിടിച്ച ജനതയായിരുന്നു. അവർ കൈസറുടെ അടുക്കൽ യേശുവിനെക്കുറിച്ച് രഹസ്യമായി ആവലാതിപ്പെടുന്നതിനും തയ്യാറായിരുന്നതാണ്. അത്കൊണ്ട് അദ്ദേഹം മസീഹിനെ വിടുവിക്കാൻ നയോപായങ്ങൾ പ്രയോഗിക്കുകയാണുണ്ടായത്.***

***ഒന്നാമതായി ക്രിസ്തുവിനെ ക്രൂശിക്കാനുള്ള ദിവസമായി നിർണയിച്ചത് തന്നെ വെള്ളിയാഴ്ചയായിരുന്നു. അത് പകൽ ഏതാനും മണിക്കൂർ ബാക്കിയായിരിക്കയും വലിയ ശബത്ത് ആസന്നമായിരിക്കുകയും ചെയ്തപ്പോഴത്രേ. യഹൂദരുടെ ധർമശാസ്ത്ര പ്രകാരം ക്രൂശിതൻ സായം സന്ധ്യവരെ മാത്രമേ കുരിശിന്മേൽ വെക്കാൻ പാടുള്ളുവെന്ന് പിലാത്തോസിന്ന് നല്ലത്പോലെ അറിയാമായിരുന്നു***

***സന്ധ്യയാവുന്നതിന് മുമ്പ് യേശുവിനെ കുരിശിൽ നിന്നിറക്കി. യേശു വിനോടൊപ്പം തറക്കപ്പെട്ട രണ്ടു കള്ളന്മാർ ജീവനോടു കൂടിയായിരിക്കെ തന്നെ രണ്ടു മണിക്കൂറിനകം യേശു മരിച്ചു പോയി എന്ന് വരിക സംഭവ്യമായിരിക്കുകയില്ല. കാല് ഒടിക്കുന്ന പ്രക്രിയയിൽ നിന്ന് യേശുവിനെ ഒഴിവാക്കാനുള്ള ഒരു ഒഴിവുകഴിവ് മാത്രമായിരുന്നു അത്. രണ്ട് കള്ളന്മാരും കുരിശിൽ നിന്ന് ജീവനോടെയാണ് താഴെ ഇറക്കപ്പെട്ടിരിക്കുന്നതെന്ന വസ്തുത തന്നെ ബുദ്ധിമാനായ ഒരാൾക്ക് വേണ്ടുവോളം തെളിവായിരിക്കുന്നുണ്ട്.' (പേജ് 45-47)***

ഇവിടെ യേശുവിനെ മരിക്കാതെ കുരിശിൽ നിന്ന് താഴെ ഇറക്കുന്നതിന് ചെയ്യപ്പെട്ട പീലാത്തോസിന്റെ ഗൂഢാലോചനയുടെ ഒരു ചിത്രീകരണം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത് മസീഹി(അ)ന്റെ ഈ നിഗമനത്തെയും ഗവേഷണത്തെയും അനുകൂലിച്ചു കൊണ്ട് Michael Baigent , Richarad Leigh , Hentry Lincon എന്നീ മതചരിത്ര ഗവേഷകന്മാർ The Holy Blood and The Holy Grail എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ എഴുതുന്നു: *'അദ്ദേഹത്തെ ഇതിന് പ്രേരിപ്പിച്ച വസ്തുതകൾ എന്തായിരുന്നാലും ഈ വിഷയത്തിൽ പിലാത്തോസ് വളരെ താൽപര്യത്തോടെ ഇടപെട്ടിരുന്നു എന്നതിന് തർക്കമില്ല. ജൂതന്മാരുടെ രാജാവാണ് താൻ എന്ന് യേശുവിന്റെ വാദം അദ്ദേഹം അംഗീകരിച്ചിരുന്നു കുരിശിൽ വെച്ച് ഇത്രയും പെട്ടെന്ന് ന്യായമായും മരിച്ചെന്ന് തോന്നിക്കുന്ന യേശുവിന്റെ അവസ്ഥയിൽ പീലാത്തോസ് അശ്ചര്യം നടിക്കുന്നുമുണ്ട്. യേശുവിന്റെ ശരീരം അമരിഥ്യായിലെ ജോസഫിന് വിട്ടുകൊടുത്തതാണ് ഏറ്റവും പ്രധാനമായത്. അന്ന് നിലവിലുള്ള റോമൻ നിയമമനുസരിച്ച് ക്രൂശിക്കപ്പെട്ടവന്റെ ശരീരം മറവ് ചെയ്യാൻ പാടില്ലാത്തതായിരുന്നു. ബന്ധുക്കളും സുഹൃത്തുക്കളും ഒന്നും എടുത്തുകൊണ്ടു പോകാതിരിക്കാൻ കീഴ്വഴ്ക്കമനുസരിച്ച് കാവൽക്കാരെയും നിയമിച്ചിരുന്നു. ക്രൂശിക്കപ്പെട്ട ശരീരം വന്യജന്തുക്കൾക്കും കഴുകന്മാർക്കും ഇരയാക്കികൊണ്ട് വിട്ടേക്കുകയായിരുന്നു പതിവ്. മറ്റ് പല കാര്യങ്ങളിലുമെന്ന പോലെ ഇക്കാര്യത്തിലും പീലാത്തോസ് വ്യക്തമായും അപരാധിയാണ്.'*

(Michael Baigent , Richarad Leigh , Hentry Lincon The Holy Blood and The Holy Grail London 1991 p. 356)

കൂടാതെ Earnest Renan തന്റെ Life of Jesus എന്ന ഗ്രന്ഥത്തിലും Anders Faber kaiser തന്റെ Jesus Did not Die on the Cross എന്ന ഗ്രന്ഥത്തലും ഇതേ ആശയം തന്നെ പ്രകടപ്പിച്ചിരുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് പ്രസ്തുത ഗ്രന്ഥത്തിൽ കുരിശിൽ നിന്നും യേശുവിനെ ജീവനോടു കൂടിയാണ് ഇറക്കിയിരുന്നതെന്നും അതുകൊണ്ടു തന്നെയാണ് അദ്ദേഹത്തിന്റെ വിലാപുറത്ത് ഒരു കാവൽ ഭടൻ കുന്തം കൊണ്ട് കുത്തിയപ്പോൾ രക്തം തുള്ളിച്ചു വന്നതെന്നും വ്യക്തമാക്കുന്നു. മൃതന്റെ രക്തം ഉറച്ചു പോകുമല്ലോ. ചുരുക്കത്തിൽ അദ്ദേഹം അബോധാവസ്ഥയിലായിരുന്നു കുരിശിൽ നിന്നും താഴെ ഇറക്കപ്പെട്ടത്. ഇത് സംബന്ധിച്ച് സ്വീഡനിലെ Dr. Toll Hugo എഴുതുന്നു If Jesus had been dead no blood would have come (The Review of Religions 1928)

യേശു കുരിശിൽ വെച്ച് മരണപ്പെട്ടിരുന്നുവെങ്കിൽ ശരീരത്തിൽ നിന്ന് രക്തം പ്രവഹിക്കുമായിരുന്നില്ല എന്നെഴുതിയിരിക്കുന്നു.

Grenes Robert, Padro Josuva

എന്നീ രണ്ട് ഗവേഷകന്മാർ 1957 ൽ തന്റെ Jesus in Rome എന്ന ഗ്രന്ഥത്തിൽ എഴുതുന്നു

അതിന്റെ ഫലമായി (വിലാപുറത്ത് കുന്തം കൊണ്ട് കുത്തിയതിന്റെ, രക്തവും വെള്ളവും തുള്ളിച്ചു വന്നുഎന്നത് തൽ സമയത്ത് യേശു മരിച്ചിട്ടുണ്ടായിരുന്നില്ല എന്നതിന് തെളിവാണ്. മുറിവുണങ്ങാനുള്ള ലേപനം നിർലോപം പൂശിയിരുന്നുവെന്ന് കരുതപ്പെടുന്നു. ശീലകൊണ്ട് ശരീരം നന്നായി ആവരണം ചെയ്തിരുന്നതിനാൽ കല്ലറയിൽ ശരീരോഷ്മാവ് സംരക്ഷിക്കപ്പെട്ടിരുന്നിരിക്കണം. (Grenes Robert and Padro Josuva -Jesus in Rome 1957.)

ബ്രിട്ടീഷ് രാജ്ഞിയുടെ സ്വകാര്യ ഡോക്ടറായിരുന്ന (Royal Physician of London) ഡോ. ടീവർ സ്വിസ് ഇപ്രകാരം എഴുതുന്നു: *‘കുരിശിലേറ്റപ്പെട്ടപ്പോൾ യേശുവിന് അതിയായ നടുക്കവും താഴ്ന്ന രക്ത സമ്മർദവും ഉണ്ടായി. തലച്ചോറിലേക്കുള്ള രക്ത പ്രവാഹം കുറയുകയും തന്മൂലം പെട്ടെന്ന് മോഹാലസ്യം സംഭവിക്കുകയും ചെയ്തിരിക്കണം. ചലനമറ്റ ശരീരവും തൊലിയുടെ ചാര നിറവും മരിച്ചതായി കാണികളെ തെറ്റിദ്ധരിപ്പിച്ചതാകാം. അടുത്ത് നിൽക്കുന്നവർ തീർച്ചയായും യേശു മരിച്ചതായി തെറ്റിദ്ധരിച്ചു കാണും. മോഹാലസ്യത്തിന് മുമ്പുള്ള ഉച്ചത്തിലുള്ള നിലവിളി (എന്താണ് യേശു പറയാൻ ശ്രമിച്ചതെന്ന് ആർക്കും ഒരു നിശ്ചയവുമില്ല) ശബ്ദത്തോടു കൂടിയ ശ്വാസമല്ലാതെമറ്റൊന്നുമായിരിക്കകയില്ല. കുരിശിൽ നിന്നിറക്കി താഴെക്കിടത്തിയ ശേഷം രക്ത ചംക്രമണം പൂർവ സ്ഥിതിപ്രാപിച്ചിരിക്കുന്നത് വരെ തലച്ചോറിലേക്കുള്ള ഓക്സിജൻ പ്രവാഹം തുച്ഛവും എന്നാൽ നിർണായക പരിധിയേക്കാൾ അൽപ്പം അധികവുമായിരുന്നിരിക്കണം. സൂര്യഗ്രഹണ സമയത്തുണ്ടായ തണുപ്പും രക്ത സമ്മർദം നിലനിർത്താൻ ഉതകിയിരിക്കണം.*

*യേശുവിൽ ജീവലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ശബത്ത് നാളായത് കാരണം ശവസംസ്കാര ചടങ്ങുകൾ ഒഴിവാക്കാനുള്ള ഉദ്ദേശ്യത്തോടെ യേശുവെ ശവക്കുഴിയിൽ അടക്കം ചെയ്യുന്നതിന് പകരം കല്ലറയിൽ വെച്ചത് ശുശ്രൂഷിച്ച് പരിചരിക്കുവാൻ വേണ്ടിയായിരുന്നു.’ (Journel of Royal College of Physhician April 1991)*

വൈദ്യ ശാസ്ത്രജ്ഞന്മാരുടെ ഏകോപിച്ചുള്ള അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഹ: ഈസാ (അ) കുരിശിൽ നിന്നും താഴെ ഇറക്കപ്പെട്ടപ്പോൾ അദ്ദേഹം മരണ പെട്ടില്ലെന്നും അബോധാവസ്ഥയിലായിരുന്നു വെന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇതേകാഴ്ച്ചപ്പാടുതന്നെയാണ് ഹദ്റത്ത് അഹ്മദ് (അ)ലോകത്തിന് മുമ്പാകെ കാഴ്ച്ച വെച്ചത്.

ഹദ്റത്ത് അഹ്മദ്(അ) തന്റെ ‘മസീഹ് ഹിന്ദുസ്ഥാൻ മെ’ എന്ന പുസ്തകത്തിൽ പറയുന്നു:

***‘യൂദാ ഇസ്കരിയൂത്തിയുടെ വിശ്വാസഘാതകം നിമിത്തം ഹദ്റത്ത് ഈസാ മസീഹ് (അ) ശത്രുക്കളുടെ പിടിയിൽപെട്ടു ക്രൂശിക്കപ്പെടുകയും പിന്നെ ഉയിർത്തെഴുന്നേറ്റ് ആകാശത്തിലേക്ക് കയറിപ്പോവുകയും ചെയ്തു എന്ന് ക്രിസ്ത്യാനികൾ വിശ്വസിച്ചു പോരുന്നുവെങ്കിലും അവരുടെ വിശുദ്ധ ഗ്രന്ഥമായ ബൈബിളിൽ വിചിന്തനം ചെയ്യുമ്പോൾ ഈ വിശ്വാസ സിദ്ധാന്തം കേവലം അബദ്ധമായിട്ടുള്ളതാണെന്ന് സ്പഷ്ടമാകുന്നതാണ്. യൂനുസ് (യോനാ) കടലാനയുടെ വയറ്റിൽ മൂന്ന് നാൾ ഇരുന്നത് പോലെ മനുഷ്യ പുത്രൻ മൂന്ന് രാപ്പകലുകൾ ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്നു മത്തായിയുടെ (12:40) സുവിശേഷത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോനാ മത്സ്യത്തിന്റെ വയറ്റിൽ മരിച്ചിട്ടില്ലെന്ന് സ്പഷ്ടമായ വസ്തുതയാണല്ലോ. അദ്ദേഹത്തിനുണ്ടായത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധം കെട്ട് കിടക്കുകയാണുണ്ടായത്.***

***ഇങ്ങനെ യോനാ ദൈവാനുഗ്രഹത്താൽ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടിരിക്കുകയും അതിൽ നിന്നും ജീവനോടെ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യവേദ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ആകയാൽ യേശു മിശിഹാ ക്രിസ്ത്യാനികൾ പറയുന്നത് പോലെ ഭൂമിയുടെ വയറ്റിൽ മരിച്ചു കിടക്കുകയായിരുന്നുവെങ്കിൽ മൃതനും ജീവിച്ചിരിക്കുന്ന ആളുമായി എന്ത് സാദൃശ്യമാണുള്ളത്? ജീവിച്ചിരിക്കുന്നവനെ മരിച്ചവനുമായി താരതമ്യപ്പെടുത്താവുന്നതെങ്ങനെ?’ (പേജ് 21,22)***

മഹത്തും സുദൃഢവുമായ ഈ തെളിവിന് ക്രിസ്ത്യാനികളുടെ പക്കൽ ഒരുത്തരവുമില്ല തന്നെ . ഇഞ്ചീലിൽ നിന്നും യേശുവിന്റെ കുരിശു സംഭവത്തിന് ശേഷം നടന്ന ഈ സംഭവം ആദ്യമായി ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) ആണ് വെളിച്ചത്ത് കൊണ്ട് വന്നു കൊണ്ട് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ അയുക്തികത എടുത്തുകാണിച്ചത്.

ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ഈ നിഗമനത്തെ പിന്താങ്ങിക്കൊണ്ട് പല ക്രിസ്തീയ പണ്ഡിതന്മാരും അഭിപ്രായ പ്രകടനം നടത്തുകയുണ്ടായി.

(തുടരും)

www.alislam.org

# മലക്കുകൾ

(രണ്ടാംഭാഗം)

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)

ഇക്കാലത്ത് ആധുനിക വിദ്യാഭ്യാസത്തിന്റെ സ്വാധീന ഫലമായി മലക്കുകളില്ലെന്ന വിശ്വാസം മുസ്ലിംകളിൽ സംജാതമായിക്കൊണ്ടിരിക്കുന്നു. നബിതിരുമേനി (സ) യുടെ ഹൃദയത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന ശക്തിയെയാണ് അവർ മലക്കുകളെന്ന് നാമാഭിദാനം ചെയ്യുന്നത്. ജിബ്രീൽ, മീക്കായേൽ എന്നൊക്കെ പേർ വെച്ചിരിക്കുന്നത് നേരത്തെ ആ വിശ്വാസം പ്രചരിച്ചിരുന്നതുകൊണ്ടും കാര്യങ്ങളെ കൂടുതൽ ആകർഷക മാക്കാൻ വേണ്ടിയുമാണ്എന്നാണ് അവർ പറയുന്നത്.

എന്നാൽ മലക്കുകളുടെ അസ്തിത്വത്തിൽ ശക്തമായ ഊന്നൽ നൽകിയിരിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. എത്രത്തോളമെന്നാൽ, ദൈവത്തിനു ശേഷം ഇത്രയധികം പരാമർശിക്കപ്പെട്ട ഒരു വിഷയമുണ്ടെങ്കിൽ അത് മലക്കുകളുടെ അസ്തിത്വം സംബന്ധിച്ചായിരിക്കും. വളരെ പ്രാകൃതമായ സമുദായങ്ങൾ പോലും അവയിൽ വിശ്വസിച്ചിരുന്നു. ലോകത്ത് നിന്നും തിരോഭവിച്ച മതങ്ങളുടെ പുരാതന അവശിഷ്ടങ്ങളിൽ നിന്നും അവർക്ക് മലക്കുകളിൽ വിശ്വാസമുണ്ടായിരുന്നുവെന്ന് തെളിയുന്നു.ഇന്ന് നിലവിലിരിക്കുന്ന മതങ്ങളും അവയെകുറിച്ച് വളരെ വ്യക്തമായി തന്നെ പരാമർശിക്കുന്നുണ്ട്.

**മലക്കുകൾ വിവിധ മതങ്ങളിൽ**

പുരാതന മതങ്ങളിൽ സൗരാഷ്ട്രമതമാണ് മലക്കുകളെ സംബന്ധിച്ച് വളരെയധികം പ്രതിപാദിച്ചിട്ടുള്ളത്. ഈ മതത്തിന്റെ അനുയായികൾ മലക്കുകളെക്കുറിച്ച് വ്യക്തമായി വിവരിച്ചിട്ടുള്ളതു പോലെ (അവരുടെ വിവരണത്തിൽ ചില അപാകതകൾ ഉണ്ടെങ്കിലും) മുസ്ലിംകൾ വിവരിച്ചിട്ടില്ലായെന്ന് വ്യസനത്തോടെയാണെങ്കിലും അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. അവർ മലക്കുകളെ പറ്റി വളരെ വിശദമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അതിന് ശേഷം പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് ജൂതമത്തിലാണ്. ഈ മതം ആവിർഭവിച്ചിട്ട് വളരെ കാലമൊന്നും ആയിട്ടില്ലെങ്കിലും ഒരു പരിധിവരെ അത് സരംക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതിലും മലക്കുകളെ സംബന്ധിച്ച് ഒരുപാട് അധ്യാപനങ്ങൾ കാണാം. അതുകഴിഞ്ഞ് ഹിന്ദു മതത്തിലാണ് ഇതു സംബന്ധിച്ച് വിവരണം നമുക്ക് കാണാൻ സാധിക്കുന്നത്. വളരെ പുരാതനമായ മതമാണ് അവരുടേത്. മലക്കുകളെ, പക്ഷേ അംഗീകരിക്കുന്നവരാണവർ; ഇക്കാലത്ത് അവരതിന് മറ്റു വ്യാഖ്യാനങ്ങൾ നൽകുന്നുണ്ടെങ്കിലും. അതുപോലെ ചൈനക്കാരുടെ പുരാതന ഗ്രന്ഥങ്ങളിലും മലക്കകളെക്കുറിച്ചുള്ള പരാമർശം കാണാം. ഈജിപ്തിലെയും ഗ്രീക്കിലെയും പുരാതനാവശിഷ്ടങ്ങളിൽ നിന്നും അവയെക്കുറിച്ചുള്ള തെളിവുകൾ ലഭ്യമാണ്. പേരെന്തെന്നു പോലും അറിയാത്ത പ്രാകൃത സമൂഹങ്ങളിലെ പുരാതനാവശിഷ്ടങ്ങളിൽ നിന്നും അവരുടെ പ്രയോഗങ്ങളിൽ നിന്നും മലക്കുകളെക്കുറിച്ചുള്ള വിവരം നമുക്ക് ലഭിക്കുന്നു. ചിറകുള്ള ഒരു സൃഷ്ടി മനുഷ്യനെ ശിക്ഷിക്കുന്നുവെന്ന് ഒരു സ്ഥലത്ത് പറയുന്നുണ്ട്. മറ്റൊരു സ്ഥലത്ത് ആയിരക്കണക്കിന് വർഷം പഴക്കമുള്ള ചിത്രങ്ങളാണുള്ളത്. അവയിലും ചിറകുള്ള ചില സൃഷ്ടികൾ മുകളിൽ നിന്ന് താഴോട്ട് വരുന്നതായാണ് കാണിക്കുന്നത്. ഇതിൽ നിന്നെല്ലാം നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. ആ സമുദായങ്ങൾ മലക്കുകളിൽ വിശ്വസിച്ചിരുന്നവരാണ്.

ആയതിനാൽ എല്ലാ സമുദായങ്ങളും മലക്കുകളിൽ വിശ്വസിച്ചിരുന്നതായി നമുക്ക് വിവരം ലഭിക്കുന്നു. എറ്റവുമധികം സൗരാഷ്ട്ര മതക്കാരിലാണ് ഈ വിശ്വാസം കാണപ്പെടുന്നത്. അതുകഴിഞ്ഞ് ജൂതന്മാരിലും പിന്നീട് ഹിന്ദുക്കളിലും മറ്റു പൗരാണിക സമൂഹങ്ങളിലുമാണ്. ക്രിസ്ത്യാനികളിലും ഈ വിശ്വാസമുണ്ട്. എത്രത്തോളമെന്നാൽ, മലക്കുകളെ ആരാധിക്കുന്നത് അനുവദനീയമാണോ എന്ന വിഷയം പൗലോസ് അപ്പോലസ്തലൻ ചർച്ച ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും എല്ലാ ഹൃദയങ്ങളെയും സ്വാധീനിച്ചിരുന്ന വിഷയമാണ് ഇതെന്ന് നമുക്ക് മനസ്സിലാക്കാം. എല്ലാ സമുദായങ്ങളിലെയും ദൈവവിശ്വാസത്തെ നോക്കികൊണ്ട് പണ്ട് മുതൽക്കേ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ച് വന്നിട്ടുണ്ടെന്നും ആയതിനാൽ അത് ദൈവാസ്തികൃത്തിനുള്ള തെളിവാണെന്നും മനഷ്യന് പറയാവുന്നതു പോലെ തന്നെ നാഗരികതകൾ തമ്മിൽ ബന്ധപ്പെടുകയോ സമ്പർക്കം പുലർത്തുകയോ ചെയ്തതായി സ്ഥാപിക്കപ്പെടാത്ത സമുദായങ്ങളെല്ലാം തന്നെ മലക്കുകളിൽ വിശ്വസിക്കുന്നവരാണ് എന്നതും അവയുടെ അസ്തിത്വത്തിനുള്ള ഒന്നാം തരം തെളിവാണ്.

## മലക്കുകൾ സൗരാഷ്ട്ര മതത്തിൽ

മുസ്ലിംകളും സൗരാഷ്ട്ര മതക്കാരും മലക്കുകൾക്ക് നൽകിയിരിക്കുന്ന പേരുകളിലും പ്രവൃത്തികളിലും പരസ്പരം ഉള്ള സാമ്യത എത്രയും അദ്ഭുതാവാഹമാണ്.

ദൈവം രണ്ടാണെന്നാണ് അവർ വിശ്വസിക്കുന്നത്. ഒന്ന് ഇരുട്ടിന്റെയും മറ്റൊന്ന് പ്രകാശത്തിന്റെയും.പ്രകാശത്തിന്റെ ദൈവം ഇച്ഛിക്കുന്നത് ഇരുട്ടിന്റെ ദൈവത്തെ ബലഹീനനാക്കണമെ ന്നാണ്. ഇരുട്ടിന്റെ ദൈവത്തിന്റെ ശക്തി ക്ഷയിച്ചു പോകുന്ന ഒരു കാലം വരുമെന്ന് അവർ പറയുന്നു. നന്മയുടെ ദൈവത്തെ യെസ്ദാൻ എന്നാണ് അവർ വിളിക്കുന്നത്. തിന്മയുടെ ദൈവത്തെ *അഹറമാന* അല്ലെങ്കിൽ *അഹുറമൻ* എന്നാണ് വിളിക്കാറ്. അതായത് ഇരുട്ടിന്റെ മനുഷ്യൻ എന്നാണത് അർഥമാക്കുന്നത്. ഇത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ദൈവമല്ല, പിശാച് ആണെന്ന് പേരിൽ നിന്നു തന്നെ സ്പഷ്ടമാണ്. എന്നാൽ ദൈവത്തിനെതിരിൽ തിന്മകൾ ചെയ്യിപ്പിക്കുന്ന ദൈവമാണിതെന്ന് അവർ പറയുന്നു. സൗരാഷ്ട്രമതക്കാരുടെ മതഭാഷയായ അവസ്തായിൽ വലിയ മലക്കുകളെ *ഉമേഷിയാ* എന്നാണ് വിളിച്ചിരിക്കുന്നത്. ഉമേഷിയാ എന്ന പദം ഉമേഷ് എന്ന പദത്തിൽ നിന്നാണുണ്ടായത്. നാശമില്ലാത്തത് എന്നാണതിനർഥം. മലക്കുകൾ അനശ്വരമാണെന്നാണ് അവർ വിശ്വസിക്കുന്നതെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. മനുഷ്യാത്മാവ് ഫനാ (നാശം)യിൽ നിന്ന് സംരക്ഷിക്കപ്പെട്ടിരിക്കുന്നതു പോലെ അവയ്ക്കും അനശ്വരമായ ജീവിതം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. മലക്കുകൾ എല്ലാ നന്മകളുടെയും മതത്തിന്റെയും ഉറവിടമാണെന്നാണ് സൗരാഷ്ട്ര മതക്കാർ വിശ്വസിക്കുന്നത്.

സൈദ്ധാന്തികപരമായി ദൈവത്തിന്റെ പ്രതീകങ്ങളാണവ. പരിണാമത്തിന്റെ ആയിരക്കണക്കിന് വർഷങ്ങൾ താണ്ടിയാണ് അവ ഇന്നത്തെ അവസ്ഥയിലെത്തിയിരിക്കുന്നത് എന്നവർ സങ്കൽപിക്കുന്നു. നമ്മുടെ കാഴ്ചയിൽ നിന്ന് മറഞ്ഞിരിക്കുന്ന അമൂല്യ മുത്തുകളാണ് അവയെങ്കിലും നമുക്ക് ഉപകാരപ്രദമാണ്. മാണിക്യക്കല്ലെന്ന് അവയെ പറയാവതല്ല. എന്തെന്നാൽ അത് അവയെ നിന്ദിക്കലാവും. അവ മരത്തിൽ തൂങ്ങിക്കിടക്കുന്ന ഇലകളല്ല. മറിച്ച്,സൂര്യനെ വലയം ചെയ്തുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളാണ്. അവ ദൈവത്തിന് അലങ്കാരമല്ല. മറിച്ച്, അവന്റെ സത്തയുടെ പ്രതീകങ്ങളാണ് എന്നൊക്കെയാണ് അവർ മലക്കുകളെ സംബന്ധിച്ച് വിശ്വസിക്കുന്നത്.

സൗരാഷ്ട്ര മതഗ്രന്ഥങ്ങളിൽ വലിയ മലക്കിനെ ***വദ്ഹുമനാഹ്*** എന്നാണ് പറയുന്നത്.അതിനെ ***വഹിശ്തമനാഹ്*** എന്നും വിളിക്കും.ഏറ്റവും നല്ല മലക്ക് എന്നാണ് അതിനർഥം.വദ് ഹുമനാഹ് എന്നതിനർഥം സന്മനസ്സുള്ളവൻ, പരിഷ്ക്കരിക്കുന്നവൻ എന്നൊക്കെയാണ്. ഹീബ്രുവിലും അറബിയിലും ജബർ എന്ന പദത്തിന് ഇസ്ലാഹ് (പരിഷ്ക്കരണം) എന്നർഥം കൂടിയുണ്ട്. ആയതിനാൽ ഈ രണ്ട് പദങ്ങളുടെയും സമാനാർഥങ്ങളിൽ നിന്നും വദ് ഹുമനാഹ് യഥാർഥത്തിൽ ജിബ്രീലിന്റെ തന്റെ പേരാണ് എന്നാണ് മനസ്സിലാവുന്നത്.

മനുഷ്യ മസ്തിഷ്ക്കത്തിന് വെളിച്ചം ലഭിക്കുന്നത് ഈ മലക്കിലൂടെയാണെന്നാണ് ഇവരുടെ ഗ്രന്ഥങ്ങളിൽ നിന്നും മനസ്സിലാകുന്നത്. എന്നല്ല,വെളിച്ചം കൊണ്ടും വെളിപാട് കൊണ്ടും വദ് ഹുമനാഹിനെ കാണണമേ എന്ന് സ്വരാഷ്ട്രർ പ്രാർഥിക്കുകയും ഒടുവിൽ ആ മലക്കിനെ കണ്ടുമുട്ടുകയും ചെയ്തിട്ടുണ്ട്.സത്പ്രവൃത്തികൾ ചെയ്യാനുള്ള പ്രേരണകൾ ഈ മലക്കിൽ നിന്നാണ് വരുന്നത്.ഈ മലക്കിന്റെ പ്രേരണകളെ സ്വീകരിക്കാത്തവരെ അത് ഉപേക്ഷിച്ച് കളയുന്നു.

സൗരാഷ്ട്രമതക്കാരുടെ അടുക്കൽ മറ്റൊരു മലക്ക് ആശാ എന്നാണറിയപ്പെടുന്നത്. അതായത്, തഖ്വായുടെ മലക്കാണത്. പ്രകൃതി വസ്തുക്കളിൽ അഗ്നിയുടെ ചുമതല ഈ മലക്കിനാണ്. എന്തെന്നാൽ വെളിച്ചം അഗ്നിയിൽ നിന്നാണല്ലോ വരുന്നത്.തഖ്വയും വെളിച്ചത്തിൽ നിന്നാണ് ഉണ്ടാകുന്നത്. ഈ മലക്ക് ഒരു പക്ഷേ മീക്കായേൽ ആയിരിക്കാം.കാരണം, ലോകപുരോഗതിയുടെ മലക്ക് മീക്കായേലും അതിന്റെ അടയാളം അഗ്നിയുമാണ്.

ഈ വലിയ രണ്ട് മലക്കുകളെ കൂടാതെ വേറെ അഞ്ച് വലിയ മലക്കുകളിലും അവർ വിശ്വസിക്കുന്നുണ്ട്. ചെറിയ മലക്കുകളാണെങ്കിൽ അസംഖ്യമാണ്. എല്ലാ കാര്യങ്ങളും വലിയ മലക്കുകളുടെ ചുമതലയിലാണ്. പിശാച് കടന്നുകൂടാതിരിക്കാൻ മലക്കുകൾ മനുഷ്യ ഹൃദയങ്ങലളിൽ സദാ നല്ല പ്രേരണകൾ ചെലുത്തുന്നു എന്നവർ വിശ്വസിക്കുന്നു.ജനിപ്പിക്കുന്നത് ദൈവവും മരിപ്പിക്കുന്നത് ശൈത്വാനു മാണെന്നാണ് അവർ പറയുന്നത്. അതുകൊണ്ട് തന്നെ ജനനം അല്ലാഹുവിന്റെ ഭാഗത്തു നിന്നായതിനാൽ മനുഷ്യന്റെ ജനനം സത്പ്രകൃത്തോടു കൂടിയതാണെന്നും മലക്കുകൾ അവനെ സംരക്ഷിക്കുന്നുവെന്നുമുള്ള വിശ്വാസം അവർ വെച്ചു പുലർത്തുന്നു.എന്നാൽ ശൈത്വാനാണ് അവനെ തിന്മകൾ പഠിപ്പിക്കുന്നത്. മനുഷ്യൻ ശൈത്വാന്റെ വാക്കുകൾ അംഗീകരിക്കുമ്പോൾ മലക്കുകൾ അവനെ ഉപേക്ഷിച്ചു പോകുന്നു. അങ്ങനെ അവൻ ശൈത്വാന്റെ ദാസനായി തീരുന്നു.

അവരുടെ മറ്റൊരു വിശ്വാസം ദൈവവും ശൈത്വാനുമായി യുദ്ധം നടന്നു കൊണ്ടേയിരിക്കും എന്നാണ്. ഏതുവരെയെന്നാൽ പേർഷ്യൻ വംശത്തിൽ നിന്ന് ഒരു നബി ജനിക്കും. അദ്ദേഹത്തിന്റെ പേർ മൊസ്യൂസർബഹ്മി എന്നായിരിക്കും. അതായത്, അനുഗൃഹീതനായ മസീഹ് എന്ന പേരിലായിരിക്കും ആ നബി വരിക. അദ്ദേഹം സൗരാഷ്ട്രരുടെ സന്താന

ശേഷം പേജ് 42ൽ

# അഹ്റാരികളുടെ വ്യാമോഹവും
## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിജയവും

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

അഹ്റാരികളുടെ ഫിത്ന ആരംഭിച്ച തേയുളളു, സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അഹ്മദിയ്യത്തിന്റെ വിജയത്തെ സംബന്ധിച്ച് തുറന്ന നിലയിൽ വിളംബരം ചെയ്യാൻ തുടങ്ങി. 1931-ലെ വാർഷിക സമ്മേളനത്തിന്റെ (ജൽസ)ആദ്യ ദിവസം അഹ്റാരികളെ സംബോധന ചെയ്തുകൊണ്ട് ഹുദൂർ വളരെ ഗാംഭീര്യത്തോടെ പറഞ്ഞു, "നാം അവരോടു പറയുന്നു, നിങ്ങൾ എന്ത്? ലോകത്തുള്ള സകല ഭരണ കൂടങ്ങളേയും സകല സമുദായങ്ങളേയും നിങ്ങൾ വിളിച്ചുകൊണ്ടു വരിക. എന്നിട്ടും നിങ്ങളാണ് ജയിക്കുന്നതെങ്കിൽ ഞങ്ങൾ അസത്യവാന്മാരാണ്. അങ്ങനെ അവർ ചെയ്താൽ ആരുമായിട്ടാണ് അവർ ഏറ്റുമുട്ടുന്നതെന്ന് അവർക്കു മനസ്സിലാകും. ഞങ്ങളുടെമേൽ ആക്രമണം നടത്തിയാൽ അവർ തകർന്ന് തരിപ്പണമാകും. ഞങ്ങൾ അവരുടെ മേൽ ആക്രമണം നടത്തിയാലും തകരുന്നത് അവരായിരിക്കും. ഇത് അല്ലാഹു സ്ഥാപിച്ച ജമാഅത്താണ്. അതിനെ വിജയിപ്പിക്കുക എന്നത് അവന്റെ തീരുമാനമാണ്. ഒരു മനുഷ്യശക്തിക്കും അതിന്നെതിരിൽ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഞങ്ങൾ ദുർബലരാണെന്നത് ശരിതന്നെ. ബലഹീനർ തന്നെയാണ്. അത് ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ വാഗ്ദാനത്തിൽ ഞങ്ങൾക്കു ദൃഢവിശ്വാസമുണ്ട്. അതിൽ ഞങ്ങൾ ബലഹീനത കാണിക്കുകയില്ല. അവരെ ചവുട്ടി മെതിക്കുമെന്ന് ഞങ്ങൾ പറയുന്നില്ല. എന്നാൽ, അവർ എത്രവലിയ സൈന്യവുമായി ഞങ്ങൾക്കെതിരിൽ അണിനിരന്നാലും അല്ലാഹു അവരെ ചവുട്ടിമെതിച്ചുകളയുമെന്ന് ഞങ്ങൾ ഉറപ്പായും പറയും. ഇസ്‌ലാമിക സാങ്കേതികാർഥത്തിൽ യുദ്ധത്തിന് അഗ്നി എന്നാണ് അർഥം. മഹ്ദി ഇമാമും മസീഹുമായ ഹദ്റത്ത് അഹ്മദ്(അ)നുണ്ടായ ഇൽഹാമാണ്: **'ആഗ് സെ ഹമേ മത് ഡറാവോ, ആഗ് ഹമാരി ഗുലാം ബൽകെ ഗുലാമോംകി ഗുലാം ഹെ'** അഗ്നി കാണിച്ച് ഞങ്ങളെ ഭയപ്പെടുത്തേണ്ട. അഗ്നി ഞങ്ങളുടെ അടിമയാണ്, എന്നല്ല അടിമയുടെ അടിമയാണ്.

"ഞങ്ങളുടെമേൽ വിജയംവരിക്കാമെന്നത് കേവലം അവരുടെ വ്യാമോഹമാണ്. ഞങ്ങളെയെല്ലാം കൊന്നൊടുക്കിയാലും കൊന്നൊടുക്കി കത്തിച്ചാലും ആ ചാരം കാറ്റത്ത് വിതറിയാലും അഹ്മദിയ്യത്ത് ലോകത്ത് നിലകൊളളും. സകല ജനതകളിലും സകല രാജ്യങ്ങളിലും സകല വൻകരകളിലും അത് വ്യാപിക്കും. ലോകംമുഴുവൻ അഹ്മദിയ്യത്ത് മാത്രം കാണുമാറാകും. അല്ലാഹു നട്ട ചെടിയാണിത്. അതിന്നെതിരിൽ മുഴങ്ങുന്ന നാവ് പിഴുതെറിയപ്പെടും. അതിന്നെതിരിൽ ഉയരുന്ന കൈകൾ അരിഞ്ഞു വീഴുത്തപ്പെടും. അതിന്നെതിരിൽ ഉയരുന്ന ശബ്ദം അടിച്ചമർത്തപ്പെടും. അതിന്നെതിരിൽ ഉയരുന്ന കാലുകൾ ഛേദിക്കപ്പെടും. ഇംഗ്ലീഷുകാരും ജർമൻകാരും അമേരിക്കക്കാരും ഫ്രഞ്ചുകാരും എല്ലാവരും ചേർന്നാലും കൊതുക് ഞെരിക്കപ്പെടുന്നതുപോലെ ശത്രുക്കൾ ഞെരിക്കപ്പെടും. ഒരു ജനതയ്ക്കും അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ കഴിയുകയില്ല." (1932 ജനുവരി 10 അൽഫദ്ൽ പത്രം)

ഇപ്രകാരം തന്നെ 1933 ഏപ്രിൽ 14-ന് ചെയ്ത ഖുത്ബയിൽ പറഞ്ഞു: "നമ്മൾ പരിഭ്രമിക്കേണ്ട കാര്യമൊന്നുമില്ല. വിധിക്കപ്പെട്ടൊരു കാര്യമുണ്ട്. അത് മാറ്റപ്പെടാത്ത വിധികളിൽപ്പെട്ടതാണ്. **ലാ തബ്ദീല ലികലിമാത്തില്ലാഹ്** എന്നു പറഞ്ഞതുപോലെ. ഗർഭസ്ഥ ശിശുവിനെ സംബന്ധിച്ചിടത്തോളം മനുഷ്യനാകുക എന്നത് അതിന് നിർബന്ധകാര്യമാണ്. അതുചെറുതാണെങ്കിലും വലുതാണെങ്കിലും വേണ്ടില്ല. എന്തായാലും അത് മനുഷ്യത്വത്തിന്റെ വഴിയിൽ നടക്കും. അത് നഷ്ടപ്പെട്ടുപോയാലും മനുഷ്യത്വത്തിന്റെവഴിയിൽ തന്നെയായിരിക്കും ഉണ്ടാകുക. അതിന് ഒരു വഴി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഒരു മാറ്റത്തിരുത്തലുകളും ഉണ്ടാകുകയില്ല. ഇതേപോലെ അല്ലാഹുവിന്റെ മസീഹിനെ വിശ്വസിക്കുന്നവർ എന്തായാലും വിജയിക്കുമെന്നത് നമുക്കുവേണ്ടി വിധിക്കപ്പെട്ടിട്ടുളള കാര്യമാണ്. അതിനാൽ നമ്മൾ ജയിക്കുമോ നമ്മുടെ എതിരാളികൾ ജയിക്കുമോ എന്ന പ്രശ്നം ചർച്ചചെയ്യേണ്ട കാര്യമില്ല. വിജയവും ജയിക്കലും നമുക്ക് വിധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു."

1934- ന്റെ മധ്യത്തിലും പറഞ്ഞു: "അഹ്റാർ ആകട്ടെ അല്ലെങ്കിൽ മറ്റാരെങ്കിലുമാകട്ടെ അവർ ഒരു കൊതു

കിന്റെ അത്രപോലും ശക്തിയുള്ള വരല്ല. ഇക്കൂട്ടർ നമുക്കെതിരിൽ ഒരു ശതമാനമെങ്കിലും വിജയം കരസ്ഥ മാക്കുമെന്ന് ആർക്കും പറയാൻ സാധ്യമല്ല. ഇവരെന്നല്ല ഖാദിയാ നിലെ എതിരാളികളെല്ലാവരും സംഘടിച്ചാലും ഹിന്ദുക്കളും സിക്കു കാരും അനഹ്മദികളും അഹ്റാരി കളും നമുക്കെതിരെ ഒന്നിച്ച് അണി നിരന്നാലും അതുകഴിഞ്ഞ് അതിന്റെ ചുറ്റുപാടുമുള്ള മറ്റാളുകളേയും സംഘടിപ്പിച്ച് തങ്ങളുടെ ശക്തി വർധിപ്പിച്ചാലും പിന്നീട് രാജ്യം മുഴു വനുമുള്ള ആളുകളെ സഹായത്തി നായി കൂട്ടിയാലും എത്രത്തോളമെ ന്നാൽ, ഇംഗ്ലീഷുകാരേയും തങ്ങ ളോടൊപ്പം കൂട്ടിയാലും ഇവരെല്ലാ വരുംചേർന്ന് നമുക്കെതിരിൽ ഒരു ശതമാനം വിജയം കരസ്ഥമാക്കി യാൽ അവർ സത്യവാന്മാരാണ്. പക്ഷേ, അവർക്ക് വിജയമുണ്ടാകുക അസംഭാവ്യമാണ്.

''പിന്നീടുള്ളത് താൽക്കാലിക മായ ബുദ്ധിമുട്ടുകളാണ്. അതെന്താ യാലും വരികതന്നെ ചെയ്യുമല്ലോ..... അവർ ഞങ്ങളെ മർദിക്കട്ടെ! തല്ലട്ടെ! ഞങ്ങളിൽ ചിലരെ കൈഇല്ലാത്ത വരും കാലില്ലാത്തവരും ആക്കി ക്കൊള്ളട്ടെ! ഇല്ലെങ്കിൽ കൊന്നു കൊള്ളട്ടെ! അതൊന്നും ഞങ്ങൾ ക്കു പ്രശ്നമല്ല. ഞങ്ങൾക്കുള്ള പ്രശ്നം ഞങ്ങൾ പരാജയപ്പെടരുത് എന്നതാണ്. ശത്രുതന്നെയായി രിക്കും പരാജയപ്പെടുക. ഇത് ഉറ പ്പായ കാര്യമാണ്. ഏതുസർക്കാർ എതിരിൽവന്നാലും ഉലമാക്കളും പൊതുജനങ്ങളും സംഘടിച്ചാലും ഞങ്ങൾ വിജയിക്കുമെന്നത് അചഞ്ച ലവും ഉറപ്പായതുമായ കാര്യമാണ്. ഞങ്ങൾ മൂലക്കല്ലാണ്. ആരിൽ ഞങ്ങൾ വീണാലും അത് പൊട്ടിത്ത കരും. ഞങ്ങളുടെമേൽ വീഴുന്ന വരും സുരക്ഷിതരായിരിക്കുകയില്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. പുലരുകതന്നെ ചെയ്യും.'' (അൽഫദ്ൽ 1934 ആഗസ്റ്റ് 5 പേജ് 8 കോളം 1, 2).

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് സുപ്രധാനവും വിലപിടിച്ചതുമായ നിർദേശങ്ങൾ**

ഈ സുവാർത്തകളോടൊപ്പം ഖലീഫത്തുൽമസീഹ് ഥാനി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ജമാഅത്തിന് സുപ്രധാനവും വിലപിടിച്ചതുമായ ചില നിർദേശങ്ങളും നല്കി. ഇതു സംബന്ധമായി ആ മഹാത്മാവ് തന്നെ എഴുതിയ ചില നിർദേശങ്ങൾ ഇവിടെ എടുത്തുദ്ധരിക്കുകയാണ്.

**ഒന്നാമത്തെ നിർദേശം**

നമ്മുടെ ഉദ്ദേശ്യം ഭൗതിക വിജ യമല്ല എന്ന കാര്യം നമ്മുടെ ജമാ അത്ത് ഓർത്തിരിക്കേണ്ടതാണ്. പ്രത്യുത നന്മയുടെയും ദൈവഭക്തി യുടെയും വിജയം കരസ്ഥമാക്കലാ ണ്. നമ്മുടെ ഉദ്ദേശ്യം ദീനിന്റെയും ഇസ് ലാമിന്റെയും കല്പനകളനുസ രിച്ച് വിജയം കൈവരിക്കുക എന്നതാണ്. അല്ലാഹുവിനുവേണ്ടി മരണം വരിക്കാൻ തയ്യാറാകാത്തിട ത്തോളം ഇക്കാര്യങ്ങൾ ലഭിക്കുകയി ല്ല. മരണത്തിലൂടെ, അതേ!മരണത്തി ലൂടെ മാത്രമേ ഈ വിജയം കൈവ രിക്കാൻ സാധിക്കുകയുള്ളൂ. മരണം വരിക്കാൻ സന്നദ്ധരല്ലാത്തവർക്ക് വിജയവും ലഭിക്കുകയില്ല. മരണം എന്നതും ഒരു നേരത്തേക്കല്ല. മറിച്ച് ഓരോമിനിറ്റിലും ഓരോ നിമിഷ ത്തിലും അതു വരുന്നതാണ്."

"അതിനാൽ നിങ്ങളുടെ ആത്മാ ക്കളിൽ പരിവർത്തനം ഉണ്ടാക്കുക. മനസ്സുകൾ പരിശുദ്ധമാക്കുക. നാവിനെ സംസ്കാരസമ്പന്നമാക്കു ക. നിങ്ങൾ നിങ്ങളെ അല്ലാഹുവി നുവേണ്ടി ദുഃഖവും പ്രയാസങ്ങളും സഹിക്കുവാൻ സ്വയം പ്രാപ്തരാ ക്കുക. അപ്പോഴാണ് നിങ്ങൾ അല്ലാ ഹുവിന്റെ ആയുധമായി മാറുന്നത്. അപ്പോൾ അല്ലാഹു ലോകത്തെ മുഴുവൻ വലിച്ച് നിങ്ങളുടെ അടുത്ത് കൊണ്ടുവരും. ഈ പരി വർത്തനം നിങ്ങൾ നിങ്ങളിൽ ഉണ്ടാ ക്കുന്നില്ലെങ്കിൽ, പിന്നെ ഒന്നും നട ക്കുകയില്ല. ഈ പരിതഃസ്ഥിതിയിൽ വിജയം കരസ്ഥമായാൽതന്നെയും അത് നിന്ദ്യതയെക്കാൾ മോശമായി രിക്കും. അത് അല്ലാഹുവിന്റെയല്ല, ശയ്ത്വാന്റെ വിജയമാണ്."

**രണ്ടാമത്തെ നിർദേശം**

"ഒരേയൊരു ഭയം ഉണ്ടാകാനിട യുണ്ട്. അത് ശത്രു, നമ്മെ കൊന്നു കളയുമോ എന്ന ഭയമാണ്. ഒരു നിമിഷനേരത്തേക്ക് എന്നല്ല ഒരു നിമിഷത്തിന്റെ ആയിരത്തിലൊരു ഭാഗത്ത് ആരുടെ മനസ്സിലാണോ ഈ ചിന്ത വരുന്നത് അവന്റെ ഉള്ളിൽ ഒരു കടുക് മണിയുടെ കോടിയിലൊ രുഭാഗം പോലും വിശ്വാസമില്ല. ഇപ്പോഴത്തെ ഈ ശത്രുക്കൾ അവിടെ നിൽക്കട്ടെ! ഇംഗ്ലീഷു കാരും ജർമൻകാരും ചൈനക്കാരും ജപ്പാൻകാരും റഷ്യക്കാരും ഇറ്റലി തുടങ്ങി എല്ലാ ഭരണകൂടങ്ങളും ഒന്നിച്ച് അണിനിരന്നാലും നമ്മെ നശിപ്പിക്കാൻ അവർക്കു കഴിയുക യില്ലെന്ന് ഞാൻ ദൃഢമായും വിശ്വ സിക്കുന്നു. നശിപ്പിക്കുകയാണെ ങ്കിൽ തീർച്ചയായും നമ്മുടെ ജമാ അത്ത് വ്യാജമാണ്. മനുഷ്യകുലം ഒന്നിച്ചൊന്നായി അണിനിരന്നാലും സമ്പന്നരും ദരിദ്രരും മതപണ്ഡിത ന്മാരും സാഹിത്യപടുക്കളും ചെറുതും വലുതുമായ ആലീംകളും അജ്ഞരായ സ്ത്രീകളും പുരുഷ ന്മാരും എല്ലാവരും സംഘടിച്ച് നമ്മെ നശിപ്പിച്ചാൽ, ഹദ്റത്ത് മിർസാ സാ ഹിബിന്റെ വാദം നഊദുബില്ലാഹ് കളവും, ഞങ്ങളും ഞങ്ങളുടെ വാദ ത്തിൽ കള്ളന്മാരുമായിരിക്കുമെന്ന കാര്യത്തിൽ ലവലേശം സംശയമി ല്ല. കിഴക്കും പടിഞ്ഞാറും വസിക്കു ന്നവരും വടക്കും തെക്കും വസിക്കു ന്നവരും സംഘടിച്ചാലും ഒരു കച്ചി ത്തുരുമ്പിന് സമാനംപോലും ഞങ്ങളെ ഞങ്ങളുടെ സ്ഥാനത്ത് നിന്ന് അങ്ങോട്ടോ ഇങ്ങോട്ടോ ഇളക്കാൻ സാധ്യമല്ല. ഇത് അല്ലാഹു വിന്റെ ജമാഅത്താണ്. അവൻ തന്നെയാണ് ഇതിന്റെ സംരക്ഷ കനും മേൽനോട്ടക്കാരനും. നിങ്ങ ളുടെ ജോലി സ്നേഹത്തോടും സന്തോഷത്തോടും കൂടി ജന ങ്ങൾക്ക് കാര്യം മനസ്സിലാക്കിക്കൊ ടുക്കുക എന്നതാണ്. ആരെങ്കിലും ശക്തമായ എതിർപ്പ് തുടർന്നുകൊ ണ്ടേപോകുകയാണെങ്കിൽ നിങ്ങൾ അവർക്കുവേണ്ടി ദുആയിൽ ശക്തി ചെലുത്തുക. കാരണം പാത്രത്തിലു ള്ളതേ ഇറ്റുകയുള്ളൂ. അവർ ചീത്ത പറയുകയാണെങ്കിൽ പറഞ്ഞുകൊ ള്ളട്ടെ! കാരണം ചീത്തയല്ലാതെ

മറ്റൊന്നും അവരുടെ കൈയിലില്ല. എന്നാൽ, മൃദുത്വത്തിന്റെയും സ്നേഹത്തിന്റെയും തെളിവുകൾ സമർപിക്കുകയെന്നത് നിങ്ങളുടെ കടമയാണ്. കാരണം നിങ്ങളുടെ കൈയിലുള്ളത് അതാണ്. ഇതിൽ നിന്നാണ് വിജയം ഉണ്ടാകുക. ഇനി അവർ ചീത്ത പറയുകയാണെങ്കിൽത്തന്നെ തേനീച്ചയുടെ കൂട്ടിൽ കല്ലെറിഞ്ഞാൽ അതിൽനിന്ന് തേൻമാത്രമേ ഇറ്റുകയുള്ളു. അതുകൊണ്ട് ചീത്തവിളിക്കുള്ള മറുപടിയായി ദുആ കൊടുക്കേണ്ടത് നിങ്ങൾക്ക് നിർബന്ധമാണ്. മൃദുലനയംകൊണ്ട് എന്തുകിട്ടാനാണെന്ന് ചിന്തിക്കരുത്. മനസ്സ് അല്ലാഹുവിന്റെ കൈയിലാണ്. മൃദുലസമീപനം കൊണ്ട് ഫലമുണ്ടാകും. കഠിനഹൃദയവും അവസാനം കുനിയാൻ നിർബന്ധിതയാകും. നിങ്ങളുടെ ഉള്ളിൽ നന്മയും ദൈവഭക്തിയുമാണുള്ളതെന്ന് നിങ്ങൾ തെളിയിച്ചു കാണിക്കുക. അവർ കല്ലെറിഞ്ഞാൽ, നിങ്ങൾ അവർക്ക് ദുആ കൊടുക്കുക. ചീത്ത പറഞ്ഞാൽ സഹിക്കുക. അവർക്ക് ഹിദായത്ത് കിട്ടാൻ അല്ലാഹുവിനോടു കരഞ്ഞു കരഞ്ഞു ദുആ ഇരക്കുക. നിങ്ങൾ അല്ലാഹുവിനോട് ദുആ ചെയതാൽ മാനുഷികമായ ഉപാധികൾക്കൊന്നും നേരിടാൻ കഴിയാത്തവണ്ണം അവന്റെ സഹായവും പിന്താങ്ങും ഉണ്ടാകും."

**മൂന്നാമത്തെ നിർദേശം**

ഇതു സംബന്ധമായി ഹുദൂർ 1934 ഒക്ടോബർ 12ന് ചെയ്ത് ജുമുഅ ഖുത്ബയിൽ സുപ്രധാനമായൊരു ഉപദേശം നല്കി. "സൂര്യനിലും ചന്ദ്രനിലും വിശ്വസിക്കുന്നതുപോലെ എന്നല്ല അതിനെക്കാളുപരിയായി അഹ്മദിയ്യ ജമാഅത്ത് അല്ലാഹുവിൽനിന്നുള്ളതാണെന്ന കാര്യത്തിൽ നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. അതുകൊണ്ടു ഒരു ഫിത്നയുടെ ഫലമെന്തായിരിക്കും എന്ന കാര്യത്തിൽ നമുക്കു സംശയമേ ഇല്ല. കാരണം ഫലമെന്തായിരിക്കും എന്നത് നമുക്ക് പ്രത്യക്ഷമാണ്. അതിനെ മാറ്റി മറിക്കാൻ ആർക്കും കഴിയില്ല. **ജഫ്ഫുൽ ഖലമി ബിമാ ഹുവ കായിൻ** അതുകൊണ്ട് ഫലത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു ചിന്തയുമില്ല. ഞങ്ങൾക്ക് വിധിക്കപ്പെട്ടിട്ടുള്ള എതിർപുകളും ഞങ്ങൾ മറികടക്കേണ്ട ഫിത്നകളും നോക്കുമ്പോൾ ഇപ്പോഴത്തെ ഫിത്ന ഒന്നുമല്ല. ആനയുടെ സ്ഥാനത്ത് ഉറുമ്പ് പോരാടുന്നതുപോലെയാണിത്. നമുക്ക് വിധിക്കപ്പെട്ടിട്ടുള്ള പ്രയാസങ്ങൾ എത്രമാത്രം വലുതാണെന്നു വച്ചാൽ അത് ചില അഹ്മദികൾക്ക് ഊഹിക്കാനേ പറ്റുകയില്ല. അല്ലാഹു അറിവ് നല്കിയിട്ടുള്ളവർക്ക് മാത്രമേ അത് അറിയുകയുള്ളു. അല്ലാഹു അത് വെളിപ്പെടുത്താൻ അവസരം കൊണ്ടുവരുന്നതുവരെ അവരും അത് വെളിപ്പെടുത്തുന്നില്ല. ആ പ്രയാസങ്ങൾ നോക്കുമ്പോൾ ഇപ്പോൾ ഉണ്ടായിട്ടുള്ള ഫിത്ന, കാലിൽ കല്ല് തട്ടുകയും അതെടുത്ത് എറിയുകയും ചെയ്യുന്നതുപോലെയാണ്. ഞങ്ങൾ ഈ ആകാശത്തെ മാറ്റി പുതിയ ആകാശവും ഈ ഭൂമിയെ മാറ്റി പുതിയ ഭൂമിയും സൃഷ്ടിക്കാനുള്ളവരാണ്. വൻമലകളെ പൊട്ടിക്കാനുള്ളവരാണ്. സമുദ്രങ്ങളെ വറ്റിക്കാനുള്ളവരാണ്. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കേണ്ടതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)കണ്ട സ്വപ്നം പൂർത്തിയാക്കേണ്ടവരാണ്. അതുകൊണ്ട് ഇവരുടെ ചെയ്തികൾക്ക് നമ്മുടെ മുമ്പിൽ ഒരു പ്രസക്തിയുമില്ല. നല്ലൊരു ജനത മടിയിലും അശ്രദ്ധയിലുമാകാൻ തുടങ്ങുമ്പോൾ അവരെ പരീക്ഷിക്കാനെന്ന നിലയിൽ ഏതെങ്കിലും പരീക്ഷണത്തിലകപ്പെടുത്തുകയെന്നത് അല്ലാഹുവിന്റെ നടപടിക്രമമാണ്. അതിനാൽ ശത്രുനമ്മുടെമേൽ വിജയംവരിക്കുമെന്നുള്ള ഭയമൊന്നും നമുക്കില്ല. നമുക്കുള്ള ആശങ്ക നാം തന്നെയും നമ്മുടെ ജീവനോ അല്ലെങ്കിൽ വരും തലമുറയ്ക്കോ ഏതെങ്കിലും പരീക്ഷണത്തിന് കാരണമാകുമോ എന്നതാണ്. അല്ലെങ്കിൽ നമുക്ക് വിധിക്കപ്പെട്ടിരിക്കുന്ന വിജയം കുറച്ചുകാലം പിന്നാക്കം പോകുമോ എന്നതാണ്. അല്ലാതെ മറ്റൊന്നുമല്ല. ഇപ്പോഴുണ്ടായിട്ടുള്ള കാര്യങ്ങളെ വളമായി മനസ്സിലാക്കിക്കൊള്ളുക.

**നാലാമത്തെ നിർദേശം**

ഈയിടെയായി അഹ്റാരികൾ ഇവിടെ വന്നിട്ടുണ്ട്. അവരും എന്തായാലും മനുഷ്യവർഗത്തിൽപ്പെട്ടവരാണ്. തലച്ചോറും ചെവികളും കണ്ണുകളും ഹൃദയവും കരളുമെല്ലാം സാധാരണ മനുഷ്യരെപ്പോലെയുള്ളവരാണ്. ഖിലാഫത്ത് പ്രസ്ഥാനത്തിലെ നൂറുക്കണക്കിന് അംഗങ്ങൾ എന്നല്ല ആവേശത്തോടെ പ്രവർത്തിച്ചിരുന്ന അവരുടെ ഒട്ടേറെ സ്വേച്ഛാധിപതികൾ അഹ്മദിയായി കഴിഞ്ഞിട്ടുണ്ട്. അവർ ഖിലാഫത്ത് പ്രവർത്തകർ ആയിരുന്നപ്പോൾ അഹ്മദിയ്യത്തിന്നെതിരിലും കടുപ്പമുള്ളവരായിരുന്നു. അവരിൽ നിന്ന് ഹിജ്റത്ത് പോയവരിൽ ചിലരും അഹ്മദികളായി. സ്വൂഫി അബ്ദുൽഗഫൂർ സാഹിബ് ബി.എ ഹിജ്റത്ത് ചെയ്ത് അഫ്ഗാനിസ്ഥാനിൽപോയി. അവിടെനിന്ന് എല്ലാം നഷ്ടപ്പെട്ട് തിരിച്ചുവന്നു. പിന്നീട് അദ്ദേഹം അഹ്മദിയ്യാജമാഅത്തിൽ പ്രവേശിച്ചു. ഇപ്രകാരംതന്നെ മുഹമ്മദ് ഗൗഥ് സാഹിബ് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനും തന്റെ നാട്ടിലെ നേതാവുമായിരുന്നു. നൂറുക്കണക്കിന് ആളുകളെ അദ്ദേഹം ജയിലിലടപ്പിച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോൾ അദ്ദേഹം ആത്മാർഥ അഹ്മദിയാണ്.... ഇതുപോലെ അഹ്റാരികളെല്ലാവരും മോശക്കാരല്ല. ഇസ്‌ലാമിന്റെ സേവനത്തിന് ശരിയായവഴി സ്വീകരിച്ചിട്ടുള്ള ആയിരക്കണക്കിനാളുകൾ അവരിലുണ്ട്. അവർ ആത്മാർഥതയോടെ പ്രവർത്തിക്കുന്നവരാണ്. തൽഫലമായി അവർ സന്മാർഗം പ്രാപിക്കാം. അവരെ ചെന്നു കാണുക. അവരുടെ അടുത്ത് പോകുക. അവരോടൊപ്പം ഇരിക്കുക. നിങ്ങളുടെ വീട്ടിലേക്ക് അവരെ ക്ഷണിക്കുക. ഒന്നിച്ചിരിക്കുക. അഹ്റാരികൾ നമ്മുടെ പള്ളികളിൽ വന്ന് പ്രസംഗിക്കട്ടെ. സ്നേഹിതന്മാർ വിനയത്തോടെ

അത് കേൾക്കുക. വെളിയിലുള്ള അഹ്മദികൾക്ക് തെറികേട്ട് ശീലമായിട്ടുണ്ട്. എന്നാൽ, ഇവിടെ അല്ലാഹു അതിനായി ആരെയെങ്കിലും അയക്കുന്നു. ഓരോ മഹല്ലിലും അവരെ ചെന്നുകാണാൻ പറ്റുന്ന ആളുകളെ ലോക്കൽ കമ്മിറ്റി നിശ്ചയിച്ച് അയക്കേണ്ടതാണ്. അവരെ ക്ഷണിക്കുക. അല്ലാഹു പറഞ്ഞ മാർഗങ്ങളിലൂടെ ഹൃദയങ്ങളെ കീഴടക്കുക. പ്രമാണങ്ങളുടേയും തെളിവുകളുടേയും നന്മയുടേയും സത്യതയുടേയും നേർമാർഗത്തിന്റേയും സൽസ്വഭാവത്തിന്റേയും വാൾകൊണ്ട് ശത്രുക്കളുടെ മേൽ വിജയം വരിക്കുക."

**അഹ്റാരികളെ തബ്ലീഗ് ചെയ്യാൻ ഉപദേശിച്ചുകൊണ്ട് വീണ്ടും ഹുദൂർ പറയുന്നു:**

നമ്മുടെ സൽസ്വഭാവത്തിനുമേൽ കളങ്കംചാർത്തുക എന്ന ഉദ്ദേശ്യത്തോടെയുള്ള കുഴപ്പമാണ് ഇപ്പോൾ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെ കുറച്ച് അഹ്റാരികൾ വന്നു. നമുക്കെതിരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുറച്ചു പോലീസുകാരുമുണ്ട്. അനഹ്മദികളിലും ചിലർ എഴുന്നേറ്റിട്ടുണ്ട്. കുറച്ചു സിക്കുകാരിൽനിന്നുമുണ്ട്. കുറച്ച് ഹിന്ദുക്കളിൽനിന്നുമുണ്ട്. ഇവരുടെയെല്ലാം യഥാർഥ ഉദ്ദേശ്യം നമ്മൾ ദുസ്വഭാവക്കാരാണെന്ന് ലോകത്തിനുമുമ്പിൽ വരുത്തിത്തീർക്കലാണ്. അത്തരം കാര്യങ്ങൾ സൂക്ഷിക്കണമെന്ന് ഞാൻ പറഞ്ഞിരുന്നതാണ്. എന്നാൽ, ഞാൻ പറഞ്ഞിട്ടും അഹ്റാരി ഇവിടെ വന്നിരിക്കുന്നുവെന്നകാരണത്താൽ പരിഭ്രമിച്ചു കൊണ്ടിരിക്കുന്ന ഒരുവിഭാഗമാളുകൾ ജമാഅത്തിലുണ്ട്. വാസ്തവത്തിൽ സിംഹമടയിൽ ഒരു ആട് വന്നാൽ സിംഹം അതിനെ ഭയപ്പെടാറുണ്ടോ?

ഒരു നബിയുടെ ജമാഅത്താണെന്ന് യഥാർഥത്തിൽ നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ, അല്ലാഹുവിന്റെ സഹായവും പിന്തുണയും നിങ്ങൾക്കുണ്ടെന്ന് കരുതുന്നുവെങ്കിൽ നിങ്ങൾ ശരിയായ മാർഗം സ്വീകരിച്ച് അതിനു കീഴെ നിന്ന് ആ ഉപദ്രവം അകറ്റാൻ ശ്രമിക്കുക. എന്നാൽ, നിങ്ങൾ എന്തിനാണ് ഭയക്കുന്നത്? സിംഹത്തിന്റെ മടയിൽ ഒരു ആടുവന്നാൽ സിംഹം ഭയപ്പെടാറുണ്ടോ? അവസാനം എന്തായാലും മുഴുവൻ ലോകവും അഹ്മദിയ്യത്തിൽ പ്രവേശിക്കേണ്ടവരാണ്. അപ്പോൾ അഹ്റാരികൾമാത്രം അഹ്മദിയ്യത്തിൽ പ്രവേശിക്കാതിരിക്കാൻ അവർ ഈ ലോകത്തുള്ളവരല്ലേ? അല്ലെങ്കിൽ അവർ ആകാശത്ത് പോകുമെന്നാണോ? അവരും ഭൂമിയിൽതന്നെ വസിക്കുന്നവരാണെങ്കിൽ ഇന്നല്ലെങ്കിൽ നാളെ ജമാഅത്തിൽ പ്രവേശിക്കേണ്ടവരാണ്. അതുകൊണ്ട് അവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാജമാഅത്തിൽ പ്രവേശിക്കാൻ എന്തുകൊണ്ട് നിങ്ങൾ ഇന്നുമുതൽതന്നെ ശ്രമം തുടങ്ങുന്നില്ല. ഇപ്പോൾ അഹ്റാരികൾഇവിടെ ഏതോ സ്ഥലം വാങ്ങി. അവിടെ പള്ളി നിർമാണം തുടങ്ങി. അയൽവാസിയുടെ സ്ഥലത്തിന് മുന്നവകാശം നമ്മൾക്കാണെന്ന് പറഞ്ഞ് കേസുകൊടുക്കാൻ ചിലർ എനിക്കെഴുതി. എന്നാൽ, നിങ്ങൾക്കതിൽ എന്ത് ദോഷമാണുള്ളത്. അല്പനാളുകൾക്കുള്ളിൽ ഈ പള്ളിയും അല്ലാഹു നിങ്ങൾക്കു തരുമെന്ന് നിങ്ങൾ മനസ്സിലാക്കുക. ലോകത്തുള്ള സകല പള്ളികളും നിങ്ങൾക്ക് ലഭിക്കാനുള്ളതാണെന്ന് വരുമ്പോൾ അഹ്റാരികളുടെ ഈ പള്ളിയും നിങ്ങളുടെ കൈയിൽ വരണ്ടേ? ചുരുക്കം പറഞ്ഞാൽ ഈ പരിഭ്രമത്തിനെല്ലാം കാരണം ഈമാനില്ലാത്തതാണ്. അല്ലെങ്കിൽ ബലഹീനവിശ്വാസമാണ്. ചില സന്ദർഭങ്ങളിൽ കപടവിശ്വാസികൾ ദുഷ്ടതകാണിച്ച് പരിഭ്രമങ്ങളിൽ അകപ്പെടാറുണ്ട്..... ഇത്തരമാളുകൾ ദുഷ്ടവാർത്തകൾ പരത്താറുണ്ട്. ജമാഅത്തിലും ജമാഅത്തിനുപുറത്തും അത്തരക്കാരുണ്ടാകാം. നിങ്ങൾ വിശുദ്ധഖുർആൻ പാരായണം ചെയ്തുനോക്കുക. അതു വായിക്കുമ്പോൾ കപടവിശ്വാസികൾ മദീനയിൽ ഇത്തരം വാർത്തകൾ പരത്തിക്കൊണ്ടിരുന്നുവെന്ന് നിങ്ങൾക്കു മനസ്സിലാകും. അതായത്, 'ശത്രു എത്തിക്കഴിഞ്ഞിരിക്കുന്നു, ഇപ്പോൾ കൊല്ലും, ഇപ്പോൾ നശിക്കും' എന്നൊക്കെ പറഞ്ഞുപരത്തി. എന്നാൽ, അല്ലാഹു പറഞ്ഞു, സത്യവിശ്വാസികൾ ഇത്തരം വാർത്തകേട്ട് ഭയപ്പെടുകയില്ല. മറിച്ച് അവർ ഈമാനിൽ കൂടുതൽ ശക്തരായിത്തീരും. ഇവിടെ അഹ്റാരികളുടെ കോട്ട ഉണ്ടാകാൻ പോകുന്നുവെന്ന് നിങ്ങൾ സങ്കൽപിക്കുക. ലോകത്തെ ഏതെല്ലാം കോട്ടകളാണോ നിങ്ങൾക്ക് കീഴടക്കാനുള്ളത് ആ കോട്ടകളെക്കാളെല്ലാം ശക്തവും ഉഗ്രവുമായിരിക്കും ഈ കോട്ടയെന്നും അതുകൊണ്ട് ഇതിനെ കീഴടക്കാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്നും നിങ്ങൾ കരുതുന്നുണ്ടോ? യൂറോപ്പ്, ഫ്രാൻസ്, ജർമൻ, അമേരിക്കയിലെ കോട്ടകളെ ഒരു ദിവസം നിങ്ങൾ കീഴടക്കേണ്ടവരാണെങ്കിൽ, ലോകത്ത് നിങ്ങളുടെ ഭരണംമാത്രം ഉണ്ടാകണമെങ്കിൽ ഫ്രാൻസിലെയും ജർമനിയിലെയും അമേരിക്കയിലെയും കോട്ടകളെ നിങ്ങൾക്ക് കീഴടക്കാൻ കഴിയും പക്ഷേ, അഹ്റാരികളുടെ ഈ ചെറ്റക്കുടിലിനെ നിങ്ങൾക്ക് കീഴടക്കാൻ കഴിയുകയില്ലെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവോ?

ഏതൊരു പീരങ്കിയും തുപ്പാക്കിയും കൊണ്ടാണോ നിങ്ങൾ ലോകത്തിലെ മറ്റുള്ള കോട്ടകളെ കീഴടക്കേണ്ടത് അതേ പീരങ്കികളും തുപ്പാക്കികളും കൊണ്ട് ഈ കോട്ടയെ കീഴടക്കാൻ കഴിയുകയില്ലേ?

നിങ്ങൾ പോകുക. അവരെ തബ്ലീഗ് ചെയ്യുക. പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന നവംനവങ്ങളായ അടയാളങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. അവർ എത്ര കഠിനഹൃദയരാണെങ്കിലും എല്ലാ മനുഷ്യരിലും എന്തായാലും നന്മയുടെ ബീജമുണ്ടാകും. ഇവരും അതില്ലാത്തവരല്ല. നിങ്ങൾ തബ്ലീഗ് ചെയ്യുകയാണെങ്കിൽ, അഹ്മദിയ്യത്തിൽ അവരെ പ്രവേശിപ്പിക്കുകയാണെങ്കിൽ ഇവർതന്നെ ഇന്ന് നമ്മൾക്കെതിരിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന

ഇവരുടെ കോട്ടകളെ സ്വന്തംകൈ കൊണ്ട് തകർക്കുന്നതാണ്. ഇല്ലെങ്കിൽ നമ്മെ ഏല്പിക്കുന്നതാണ്.'

ഈ ഫിത്നയെ ആത്മീയമായനിലയിൽ നേരിടുന്നതിന് 1934 മാർച്ച് 2ന് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'ഒരു ചെറിയ ജമാഅത്തിനെ നാലുഭാഗത്തുനിന്നും ഒരു സൈന്യം വളഞ്ഞുകൊണ്ടിരിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നത്. അതിൽനിന്ന് പുറത്തു കടക്കാൻ ഒരിഞ്ചു സ്ഥലംപോലും കിട്ടുമെന്ന് തോന്നുന്നില്ല. ഇപ്പോൾ ഉണ്ടായിട്ടില്ലെങ്കിലും അതൊരു ഭൂകമ്പമാണ്. മണ്ണിന്നടിയിൽ ഭയാനകമായ അഗ്നി കത്തിക്കാളുന്നു..... ഞാൻ ജമാഅത്തിലെ സാധാരണക്കാരോടു പൊതുവേയും അല്ലാഹുവിന്റെ വഴിയിൽ പ്രയാണം ചെയ്യാമെന്ന് പറഞ്ഞ് പേരു തന്നിട്ടുള്ള ആത്മാർഥരായവരോട് പ്രത്യേകിച്ചും പറയുന്നു: അവർ ഈ ദിനങ്ങളിൽ പ്രത്യേകമായും ദുആ ഇരക്കുക. അതായത് അല്ലാഹു മറഞ്ഞിരിക്കുന്ന പരീക്ഷണങ്ങളിൽനിന്നും പ്രത്യക്ഷമായ പരീക്ഷണങ്ങളിൽനിന്നും ജമാഅത്തിനെ കാക്കുമാറാകട്ടെ. ആദ്യകാല നാളുകളിലെ എതിർപ്പിനോടു സാദൃശ്യമുള്ള ഈ വലിയ പരീക്ഷണത്തിൽനിന്നും - ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് അതിനെക്കാൾ വലിയ പരീക്ഷണമാണ്. കാരണം അക്കാലത്ത് നമ്മളിൽ അല്ലാഹുവിന്റെ നബിയുണ്ടായിരുന്നു; ഇന്നില്ല- കാത്തുരക്ഷിച്ചുകൊണ്ട് നമ്മെ എല്ലാതരം പരാജയം, നിന്ദ്യത, അപചയം, അപമാനം, ദുഷ്പേര് തുടങ്ങിയവയിൽനിന്നെല്ലാം രക്ഷിക്കുമാറാകട്ടെ. എല്ലാതരത്തിലുള്ള കരുണാകടാക്ഷത്തിലും അനുഗ്രഹങ്ങളിലും ഉപകാരങ്ങളിലും കൃപകളിലും ഭാഗഭാക്കാക്കട്ടെ. വിജയങ്ങളും സൗഭാഗ്യങ്ങളും അഭിവൃദ്ധികളും നല്കി അനുഗ്രഹിക്കട്ടെ. നമ്മളെ അവൻ ഏല്പിച്ചിട്ടുള്ള ഈ പ്രവർത്തനത്തെ പൂർണമായും നിറവേറ്റൻ ഭാഗ്യം നല്കട്ടെ. നമ്മുടെ തെറ്റുകൾകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ദുഷ്പേരുണ്ടാകാൻ ഇടവരാതിരിക്കട്ടെ. അതുകൊണ്ട് ദുആ ചെയ്യുക. നാല്പതു ദിവസത്തെ ദുആകൊണ്ടു തന്നെ നമ്മളിൽ ഒരു മാറ്റമുണ്ടാകാൻ സാധ്യതയുണ്ട്. നമുക്കും നമ്മുടെ കുടുംബങ്ങൾക്കും നമ്മുടെ അയൽവാസികൾക്കും സ്നേഹിതർക്കും ബന്ധുക്കൾക്കും നാട്ടുകാർക്കും ജമാഅത്തിനും ഒരു നല്ലമാറ്റത്തിന് കാരണമാകണം.... അതുകൊണ്ട് സ്വയം ദുആ ചെയ്യുക. മറ്റുള്ളവരോടും ദുആ ചെയ്യാൻ പറയുക. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹം ഇറങ്ങട്ടെ!' വീണ്ടും പറഞ്ഞു:

'തങ്ങളെന്താണ് ചെയ്യേണ്ടതെന്ന് എന്നോടു ചോദിക്കുന്ന സ്നേഹിതന്മാരോട് എനിക്കു പറയാനുള്ളത്, ക്ഷമയോടെ പ്രവർത്തിക്കുക എന്നാണ്. എപ്പോഴെങ്കിലും ക്ഷമയുടെ കോന്തല ആരുടെയെങ്കിലും കൈയിൽനിന്ന് വിട്ടുപോയാൽ, അപ്പോൾ സത്യസന്ധതയോടെ പ്രവർത്തിക്കുക. അതുപോലെ തന്നെ നോമ്പോടും നമസ്കാരത്തോടുംകൂടി പ്രവർത്തനങ്ങളിൽ മുഴുകുക. നിങ്ങളുടെ നോമ്പ് പിടിത്തവും നിങ്ങൾ നിങ്ങളുടെ മനസ്സിൽ ഉണ്ടാക്കുന്ന വേദനയും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കും. നിങ്ങളുടെ വേദന എന്നു പറയുന്നത്, അതു കണ്ടിട്ട് അല്ലാഹു അടങ്ങിയിരിക്കുകയില്ല. എന്നല്ല ഹദീഥുകളിൽനിന്ന് മനസ്സിലാകുന്നത് സത്യവിശ്വാസിയുടെ ഹൃദയത്തിൽ വേദനയുണ്ടാകുമ്പോൾ അതുമുഖേന ദൈവസിംഹാസനം ഇളകുന്നുവെന്നാണ്. തന്റെ ദാസരുടെ ദുഃഖത്തെ അകറ്റാത്തിടത്തോളം അവൻ പിന്നെ അടങ്ങിയിരിക്കുകയില്ല.'

**ആറാമത്തെ നിർദേശം**

പുറത്തുള്ള എതിരാളികൾ കുഴപ്പങ്ങളുണ്ടാക്കുന്നതിനുവേണ്ടി ആരംഭകാലംമുതലേ ചില കപടവിശ്വാസികളെ ആയുധമാക്കാറുണ്ടായിരുന്നു. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ഇക്കാര്യത്തിലേക്കും ജമാഅത്തിന്റെ ശ്രദ്ധക്ഷണിച്ചു. അവരെതൊട്ടുണർന്നിരിക്കാൻ ആ മഹാത്മാവ് താക്കീതു ചെയ്തു:

"ഞാൻ പല പ്രാവശ്യം ജമാഅത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്, കുഴപ്പങ്ങൾ എപ്പോൾ ഉണ്ടായാലും അത് കപടവിശ്വാസികളിലൂടെയായിരിക്കും ഉണ്ടാകുക. കപടവിശ്വാസികളെ കുറിച്ച് അറിയിക്കാൻ ഞാനെപ്പോഴും ജമാഅത്തിനോട് പറഞ്ഞിട്ടുണ്ട്. അങ്ങനെ ഗൂഢപ്രവർത്തനങ്ങളെ വെളിച്ചത്തു കൊണ്ടുവരണം. എന്നാൽ, ജമാഅത്ത് ഇക്കാര്യത്തിൽ ശ്രമിക്കുന്നില്ല. ഒരു ഡസനിൽ അധികമാളുകൾ ഖാദിയാനിലുണ്ടെന്ന് എനിക്ക് നല്ലവണ്ണം അറിയാം. അവരുടെ മജ്‌ലിസുകളിൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്ന സംസാരങ്ങളാണ് നടക്കുന്നത്. വെളിയിൽനിന്ന് വരുന്നവരെ അത് വഴിതെറ്റിച്ചുകൊണ്ടിരിക്കുന്നു. തെളിവുകളൊന്നുമില്ലാതെ അവർക്കെതിരെ നടപടിയെടുക്കാൻ ശരീഅത്ത് എനിക്ക് അനുവാദം നല്കുന്നില്ല. അതുകൊണ്ട് ഞാൻ മൗനം പാലിക്കുകയാണ്. എന്നാൽ, ഞാൻ ജമാഅത്തിനോടു പറയുന്നു, 'അവർ അത്തരം കപടവിശ്വാസികളെ തിരിച്ചറിഞ്ഞ് അവരുടെ കാപട്യത്തെക്കുറിച്ച് എനിക്ക് തെളിവ് സംഘടിപ്പിച്ച് തരിക. അല്ലാഹു എനിക്കു നല്കിയ അധികാരം വിനിയോഗിക്കാനാണിത്. ചിലപ്പോൾ നിയമപരമായ തെളിവൊന്നും പറയാതെ എന്നോട് കാര്യങ്ങൾ പറയാറുണ്ട്. പറയുന്നയാൾ സത്യമാണ് പറയുന്നതെന്ന് എനിക്കറിയാം. എന്നാൽ, തെളിവ് ഹാജരാക്കാൻ പറയുമ്പോൾ പരാതിപ്പെട്ട് പൊയ്ക്കളയുന്നു. ഞാൻ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നുമില്ല. വാസ്തവത്തിൽ ശരീഅത്തുപരവും നിയമപരവുമായ നിലയിൽ എനിക്ക് തെളിവ് നല്കാത്തിടത്തോളം ആരേയും ശിക്ഷിക്കാൻ പറ്റുകയില്ല. ഇന്നയാൾ എനിക്കും ജമാഅത്തിനുമെതിരിൽ കുഴപ്പമുണ്ടാക്കുന്നുണ്ടെന്ന് എനിക്കു ബോധ്യം വരണം. അല്പം ശ്രമിച്ചുകഴിഞ്ഞാൽ തെളിവുണ്ടാക്കുക പ്രയാസമുള്ള കാര്യ



# സിറിയയുടെ മതപൈതൃകം

ഫസൽ അഹ്മദ്, യു.കെ

സിറിയ കുറച്ചുവർഷങ്ങളായി ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുന്നു. ദൗർഭാഗ്യകരമായ രാഷ്ട്രീയ സാഹചര്യങ്ങളും വിനാശകരമായ ആഭ്യന്തരയുദ്ധവും ഒരു ലക്ഷത്തിനുമേൽ ആളുകളുടെ മരണത്തിനിടയാക്കി. എന്നാൽ സഹസ്രാബ്ദങ്ങളായി ഈ രാജ്യം അനവധി സംസ്കാരങ്ങളുടെയും മതങ്ങളുടെയും സംഗമഭൂമിയായി നിലകൊള്ളുന്നു. സിറിയയിൽ മതത്തിന്റെ വളർച്ചയും വീഴ്ചയുമാണ് ഈ ലേഖനത്തിലൂടെ വരച്ചുകാട്ടുന്നത്.

**പ**തിനായിരത്തിനുമേൽ വർഷങ്ങളായി പേർഷ്യ, അറേബ്യ, ഈജിപ്ത്, തുർക്കി, ഗ്രീസ്, റോം എന്നീ ദേശങ്ങളുടെ സാംസ്കാരിക പ്രഭവ കേന്ദ്രസ്ഥാനമായി സിറിയ നിലകൊള്ളുകയാണ്. ആയിരക്കണക്കിന് വർഷങ്ങളായി വിവിധ സംസ്കാരങ്ങൾക്ക് ഇവിടെ വേരോട്ടമുണ്ടായി, പല രാജവംശങ്ങളും ഈ ഭൂമി കയ്യടക്കി. അതോടൊപ്പം വിവിധ മതങ്ങളുടെയും ദൈവശാസ്ത്രങ്ങളുടെയും പ്രവാഹത്തിനും ഈ പ്രദേശം സാക്ഷിയായി. നവ ആശയങ്ങളുടെ തിരയിളക്കമായിരുന്നു ദമാസ്കസിലെ മുസ്‌ലിം വികാസത്തിന് വഴിതെളിച്ചത്. സിറിയയെ സ്വാധീനിച്ച മതങ്ങളുടെയും സംസ്കാരങ്ങളുടെയും ചരിത്രത്തെ അനാവരണം ചെയ്യുകയാണ് ഈ ലേഖനം.

---

മല്ല.

'കപടവിശ്വാസി അല്പം തന്റേടിയായിരിക്കും. ഒരേകാര്യം അവൻ പല മജ്‌ലിസുകളിലും പറയും. അതുകൊണ്ട് തെളിവ് പെട്ടെന്ന് സംഘടിപ്പിക്കാവുന്നതേയുള്ളൂ. പക്ഷേ, ആളുകൾ അതിന് ശ്രമിക്കുന്നില്ല. ആരെക്കുറിച്ചാണോ താൻ പറയുന്നത് അയാൾക്ക് ഉടനെ ശിക്ഷ കിട്ടണമെന്ന് അയാൾ ആഗ്രഹിക്കുന്നുണ്ട്. വാസ്തവത്തിൽ ഇത് സത്യവിശ്വാസപരമായ അഭിപ്രായമല്ല. നമ്മുടെ ജമാഅത്തിലെ ആളുകൾ വെളിയിലുമുണ്ട്. അവരിൽനിന്ന് ഇത്തരം അറിയിപ്പുകൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. കുറച്ചു ദിവസം മുമ്പേ അഹ്‌റാരികളുടെ ഒരു നേതാവ്, 'ഖാദിയാനിലെ ഒരു വ്യക്തി മുഖേന ഖാദിയാനിലെ വാർത്തകൾ തനിക്കു കിട്ടിക്കൊണ്ടിരിക്കുന്നു' എന്ന് പറയുകയുണ്ടായി. ആ വ്യക്തിയെക്കുറിച്ച് നമ്മുടെ ജമാഅത്തിൽനിന്ന് എന്തെങ്കിലും വിവരംകിട്ടിയാലും അയാളെ പിടിക്കുക സാധ്യമായിരുന്നില്ല. വർഷം മുഴുവൻ ഞാൻ അയാൾക്ക് മാപ്പുകൊടുത്തുകൊണ്ടിരുന്നു. എന്നാൽ, ഇപ്പോൾ അത്തരക്കാരെ വേർപെടുത്തേണ്ട സമയം വന്നെത്തിയിരിക്കുന്നു. അതുകൊണ്ട് കപടവിശ്വാസികളെക്കുറിച്ച് വിവരം നല്കാൻ ഞാൻ ജമാഅത്തിനോട് പറയുകയാണ്.'(തുടരും)

**പ്രാചീന സിറിയ**

മഹത്തായ നിരവധി നാഗരികതകളുടെ സംഗമസ്ഥലത്തായിരുന്നു പുരാതന സിറിയ സ്ഥിതി ചെയ്തിരുന്നത്. പേർഷ്യ, മദ്ധ്യേഷ്യ, ഇന്ത്യ, ചൈന എന്നീ ദേശങ്ങളിലേക്കുള്ള അസംഖ്യം കച്ചവട പാതകളും (സിൽക്ക് റൂട്ട്, പേർഷ്യൻ രാജ പാത എന്നിവ ഉദാഹരണം) ഇതു വഴിയാണ് കടന്നുപോയത്. അതുകൊണ്ടുതന്നെ ധാരാളം മഹത്തായ പുരാതന നഗരങ്ങൾകൊണ്ട് സിറിയ സമ്പന്നമായിരുന്നു. മഹാസാമ്രാജ്യങ്ങൾ രൂപംകൊണ്ട ഏതാണ്ട് 2000 ബി.സി മുതൽ തന്നെ കാനാൻ ദേശക്കാരും ലെബനനിലെ ഫിനീഷ്യൻ വ്യാപാരികളും സിറിയയിലെ അറമിയക്കാരും, ഈജിപ്തിൽനിന്നുള്ളവരും ഇറാഖിലെ സുമേറിയൻ അസീറിയൻ വംശജരും തുർക്കിയിലെ ബാബിലോണിയക്കാരും സിറിയയിൽ താവളമുറപ്പിച്ചിരുന്നു. അവരുടെ പ്രാദേശിക ഭാഷ അരമാഇക് ആയിരുന്നു. ഈസ (അ) തന്റെ ആദ്യകാല അനുയായികളോട് സംസാരിച്ചിരുന്നത് ഇതേ ഭാഷയിലായിരുന്നു. നൂറ്റാണ്ടുകൾക്കുശേഷം 334 ബി.സി യോടെ മഹാനായ അലക്സാണ്ടർ ചക്രവർത്തി സിറിയയെ തന്റെ സെല്യൂസിഡ് (ഗ്രീക്ക് സ്വാധീനമുള്ള) സാമ്രാജ്യത്തിന്റെ ഭാഗമാക്കി.


ഹസ്മോണിയക്കാരായ1 യഹൂദന്മാർ ആധിപത്യം സ്ഥാപിക്കാൻ ശ്രമം നടത്തിയെങ്കിലും 64 ബി.സിയോടെ റോമാക്കാർ ആന്റിയോക്ക് പ്രദേശം പിടിച്ചെടുക്കുകയും സിറിയയെ റോമൻ പ്രവിശ്യയുടെ ഭാഗമാക്കുകയും ചെയ്തു. സിറിയയുടെ പ്രാധാന്യം മനസ്സിലാക്കി ബൈസാന്റെയിൻ ക്രിസ്ത്യാനികളും അവിടെ നിലയുറപ്പിച്ചു. ഈ കാലഘട്ടത്തിൽ രണ്ട് റോമൻ സാമ്രാജ്യങ്ങളുടെ ഭാഗമായിക്കൊണ്ട് സിറിയ ഖ്യാതിനേടി.

പ്രാചീന സിറിയയിലെ ചില പ്രധാന നഗരങ്ങളെക്കുറിച്ചാണ് ഇനി പ്രതിപാദിക്കുന്നത്.

**അലെപോ**: ബി.സി ആറാം നൂറ്റാണ്ടുമുതൽ തന്നെ ഇവിടെ ജനവാസമുണ്ട്. ഓട്ടോമാൻ സാമ്രാജ്യകാലത്ത് ഇസ്താംബുള്ളിനും കെയ്റോക്കും പിറകിൽ മൂന്നാമത്തെ വലിയ മുസ്‌ലിം നഗരമായിരുന്നു. ചൈനയിലേക്കുള്ള സിൽക്ക് റൂട്ട് ആരംഭിക്കുന്നിടത്തായിരുന്നു അലെപോ നഗരം. ഇന്നും സിറിയയിലെ ഏറ്റവും വലിയ നഗരം അലെപോയാണ്.

**ആന്റിയോക്ക്**: സിറിയ-തുർക്കി അതിർത്തിയിൽ ആധുനിക അന്റാക്യാ പ്രദേശത്തിനടുത്ത് ബി.സി നാലാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട പുരാതന നഗരം. പ്രതാപകാലത്ത് ഇവിടുത്തെ ജനസംഖ്യ അഞ്ചുലക്ഷത്തോളമായിരുന്നു. ക്രൈസ്തവതയുടെ തൊട്ടിൽ എന്നാണ് ആന്റിയോക്ക് അറിയപ്പെട്ടിരുന്നത്. ഈ പ്രദേശത്തുനിന്ന് മതപരിവർത്തനം ചെയ്യപ്പെട്ട യഹൂദരാണ് ആദ്യമായി ക്രിസ്ത്യാനികൾ എന്ന് അഭിസംബോധന ചെയ്യപ്പെട്ടത്.

**ദമാസ്കസ്**: സിറിയയിലെ രണ്ടാമത്തെ വലിയ നഗരമായ ദമാസ്കസ് അശ്ശാം എന്നാണ് അറിയപ്പെട്ടിരുന്നത്. നാലായിരം വർഷത്തോളം ഇവിടെ നാഗരികത നിലനിന്നിരുന്നു. യഹൂദർ ധാരാളമായി ഉണ്ടായിരുന്ന ഈ പ്രദേശത്ത് ഡയസ്പോറക്ക് ശേഷം ധാരാളമായി സിനഗോഗുകൾ നിർമിക്കപ്പെട്ടു. ഉമയ്യദ് രാജവംശത്തിന്റെ കീഴിൽ



യേശുവിന്റെ കാലത്തെ അറാമിക്ക് ഭാഷ സംസാരിക്കുന്ന വിരലിലെണ്ണാവുന്ന സിറിയയിലെ ക്രിസ്ത്യൻ ഗ്രാമങ്ങളിലൊന്ന്

എ.ഡി 661-750 കാലഘട്ടത്തിൽ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ഡമാസ്കസ്. സ്പെയിൻ മുതൽ ഇന്ത്യവരെ ഈ സാമ്രാജ്യം വ്യാപിച്ചിരുന്നു.

**എബ്‌ല (ഇദ്‌ലിബ്)**: ഏകദേശം ബി.സി 3000 ലാണ് നിർമിക്കപ്പെട്ടത്. ഈജിപ്ത്, സുമേറിയ, അക്കാദ് തുടങ്ങിയ ദേശങ്ങളുമായി ഏകദേശം 240 ബി.സി വരെ നിലനിന്ന വ്യാപാരത്തിലൂടെയാണ് അഭിവൃദ്ധിപ്രാപിച്ചത്.

**ഹോംസ്**: **ബി**.സി ഒന്നാം നൂറ്റാണ്ടിൽ ഗ്രീക്ക് ഭരണത്തിൻ കീഴിലാണ് ഈ നഗരം ഉദയം കൊണ്ടത്. ഇമേസ എന്നപേരിലായിരുന്നു അക്കാലത്ത് അറിയപ്പെട്ടിരുന്നത്. സൂര്യഭഗവാൻ എൽ -ഗബലിനെ ആരാധിക്കുന്ന കേന്ദ്രമായാണ് തുടക്കത്തിൽ അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് ക്രിസ്തുമതസ്തർക്കും മുസ്‌ലിംകൾക്കും പ്രാമുഖ്യമുള്ള പ്രദേശമായിമാറി.

**പാൽമിറ**: മരുഭൂമിയുടെ വധു എന്നറിയപ്പെട്ടിരുന്ന ഈ മരുപ്പച്ച നഗരം മരുഭൂവിലെ കച്ചവട കേന്ദ്രമായിരുന്നു. കൂറ്റൻ ബാൽ ക്ഷേത്രം പാൽമിറയുടെ പ്രധാന ആകർഷണമായിരുന്നു. ജൂദിയയിലെ സോളമൻ രാജാവുമായി ഇതിന് ബന്ധമുണ്ടെന്നാണ് കരുതിപ്പോരുന്നത്. ക്രിസ്തുവർഷം 634 ൽ ഹദ്റത്ത് ഖാലിദ്ബ്ൻ അൽ വലീദ് ഈ നഗരം കീഴടക്കു

കയായിരുന്നു. ഓട്ടോമാൻ കാലഘട്ടം വരെ ഈ നഗരം അഭിവൃദ്ധിയിലായിരുന്നു.

**പാൽമിറ**

സിറിയയിൽ വിവിധ സാമ്രാജ്യങ്ങളുടെ സ്വാധീനം നിമിത്തം പല പുരാതന ക്ഷേത്രങ്ങളും ഓരോവിഭാഗങ്ങളിലുംപെട്ട ദേവതകൾക്കായി സമർപ്പിക്കപ്പെട്ടവയായിരുന്നു. ഉദാഹരണത്തിന് സേയസ്, ആർതെമിസ് തുടങ്ങിയവ. ബാൽ, താമൂസ് എന്നീ പേരുകളിലറിയപ്പെടുന്ന അഡോണിസ് അറേബ്യയിൽ അറിയപ്പെട്ടത് ഹുബൽ ദേവതയായാണ്. അറേബ്യയിലും സിറിയയിലും ആരാധിക്കപ്പെട്ടിരുന്ന അൽ-ലാത്തിന് പാൽമിറയിൽ ക്ഷേത്രങ്ങളുണ്ടായിരുന്നു. സിംഹമായിരുന്നു അൽ-ലാത്തിന്റെ പ്രതീകം.

**സിറിയയിലെ ജൂതന്മാർ**

സിറിയയിലെ ജൂതന്മാർക്ക് ദീർഘകാലത്തെ ചരിത്രമുണ്ട്. ജൂത ചരിത്രകാരനായ ജോസഫസ് രേഖപ്പെടുത്തിയിരിക്കുന്നത്, ആട്ടിയോടിക്കപ്പെട്ട ജൂതസമൂഹത്തിലെ ഏറ്റവും പ്രമുഖരായിട്ടുള്ളവർ സിറിയയിലായിരുന്നു എന്നാണ്, പ്രത്യേകിച്ച് ആന്റിയോക്കിൽ.

മതപണ്ഡിതനായ ഹിപ്പോലിറ്റസ് ഏകദേശം 200 ബി.സി യിൽ രേഖപ്പെടുത്തിയതുപോലെ പിന്നീട് സിറിയിൽ ആധിപത്യമുറപ്പിച്ച സാമ്രാജ്യങ്ങളിൽ പലതും ജൂതന്മാരെ നിയന്ത്രിച്ചുതുടങ്ങി.

മാസിഡോണിയയിലെ അലക്സാണ്ടറിന്റെ പിൻഗാമിയായിരുന്ന സിറിയയിലെ രാജാവ് ആന്റിയോക്കസ് എപിഫാനെസ് ജൂതന്മാർക്കെതിരെ പലനടപടികൾക്കും രൂപം നൽകുകയുണ്ടായി. ഇതെകുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് മക്കാബീസ് എന്ന ഗ്രന്ഥത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

സെല്യൂസിഡ് രാജാവായിരുന്ന എപിഫാനസ് (215-163 ബി.സി) സിറിയയെയും പലസ്തീനെയും യഹൂദരില്ലാത്ത മതനിരപേക്ഷമായ ഹെല്ലനിസ്റ്റിക്ക് (ഗ്രീക്ക്) പ്രവിശ്യയാക്കിമാറ്റാനാണ് ശ്രമിച്ചത്. അതിന്റെ ഭാഗമായി ചേലാകർമം പോലുള്ള മതാനുഷ്ഠാനങ്ങളെല്ലാം വിലക്കി. യഹൂദരിൽ വിദ്വേഷം ജനിപ്പിക്കുന്നതിനായി ജറുസലേമിലെ യഹൂദക്ഷേത്രത്തിൽ ബലിപീഠം കൊണ്ടുവെച്ചു. അങ്ങനെ അത് വലിയ കലാപത്തിന് കാരണമായി.

**ക്രൈസ്തവ കാലഘട്ടം**

ക്രിസ്ത്യൻ യുഗത്തിൽ സിറിയ വളരെ പ്രമുഖമായ പങ്കാണ് വഹിച്ചിരുന്നത്. ആദ്യകാല ക്രിസ്ത്യൻ തത്ത്വജ്ഞാനികളും ചിന്തകരും സിറിയയിൽനിന്നുള്ളവരായിരുന്നു. അങ്ങനെ ജറുസലേം, അലക്സാണ്ട്രിയ, കോൺസ്റ്റാന്റിനോപ്പിൾ (ഇസ്താംബുൾ), റോം എന്നിവക്കൊപ്പം തന്നെ ആന്റിയോക്കും ക്രൈസ്തവ നേതൃത്വത്തിന്റെ കേന്ദ്രമായിത്തീർന്നു. ആധുനിക ക്രിസ്തുമതത്തിനു രൂപം നൽകിയ സെന്റ്.പോൾ ആന്റിയോക്ക് കേന്ദ്രമാക്കിയായിരുന്നു തന്റെ മിഷണറി പ്രവർത്തനങ്ങളും യാത്രകളും നടത്തിയിരുന്നത്. ബൈബിളിൽ പ്രതിപാദിക്കുന്നത് പോൾ ഡമാസ്കസിലുള്ള സിനഗോഗുകൾ സന്ദർശിക്കുന്നതിനും അവിടെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട യഹൂദരെ പിടികൂടുന്നതിനുമായുള്ള തന്റെ യാത്രക്കിടെയാണ് ക്രിസ്തുമതം സ്വീകരിക്കുന്നത് എന്നാണ്.

സിറിയയിലെ ക്രിസ്ത്യാനികളെ കുറിച്ച് ബൈബിളിൽ പറയുന്നുണ്ട്.

ശൗലി ( സെന്റ പോൾ)നെ അന്വേഷിച്ച് ബർണാബസ് ടാർസസിലേക്ക് യാത്രയായി. അങ്ങനെ അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോൾ ആന്റിയോക്കിലേക്ക് കൊണ്ടുവന്നു. അവിടെവെച്ച് ഒരു വർഷത്തോളം ജനങ്ങൾക്ക് സന്ദേശം നൽകിക്കൊണ്ടിരിക്കുകയും ചെയ്തു. ആന്റിയോക്കിലെ അനുയായികളെയാണ് ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിച്ചത്.

ബർണാബസും പീറ്ററും സിറിയയിലെ യഹൂദർക്കിടയിൽ വളരെ ശക്തമായരീതിയിലായിരുന്നു മതപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. തുടർന്ന് ഏതാനും നൂറ്റാണ്ടുകൾക്കം ആന്റിയോക്ക് ചർച്ച് കരുത്താർജിക്കുകയും ക്രിസ്തുമത പഠനത്തിന്റെയും സംവാദത്തിന്റെയും കേന്ദ്രമായിത്തീരുകയും ചെയ്തു. യേശു (അ) വിന്റെ പ്രകൃതം, ത്രിയേകത്വം തുടങ്ങിയവയായിരുന്നു പ്രധാന സംവാദവിഷയങ്ങൾ.

**ഹമയിലെ ഗ്രീക്ക് ഓർത്തഡോക്സ് ചർച്ച്**

ക്രിസ്തുമതവുമായി ബന്ധപ്പെട്ട പുതിയ വിഷയങ്ങളെക്കുറിച്ച് വിവിധ വിഭാഗങ്ങൾ സംവാദത്തിലേർപ്പെട്ടു. യേശുവിന്റെയും അവരുടെ മാതാവിന്റെയും പ്രകൃതവും ദിവ്യത്വവും ത്രിയേകത്വം, മതപുരോഹിതരും സാധാരണജനതയും തമ്മിലുള്ള ബന്ധം തുടങ്ങിയവ ചർച്ചാവിഷയങ്ങളായി. ക്രിസ്തുമതം കടുത്ത പരീക്ഷണങ്ങളിലൂടെ കടന്നുപോയ കാലഘട്ടമായിരുന്നു അത്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ചർച്ച് ഓഫ് ആന്റിയോക്കിന്റെ പങ്ക് സുപ്രധാനമായിരുന്നു.

**ഇസ്‌ലാമിക യുഗം**

ക്രിസ്തുവർഷം 7-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഇസ്‌ലാം അറേബ്യയിൽ ആവിർഭവിച്ചത്. മുഹമ്മദ് നബി (സ) കുട്ടിക്കാലത്തു തന്നെ തന്റെ അമ്മാവനായ അബൂ



രണ്ടാം നൂറ്റാണ്ടിലെ ഒരു റോമൻ തീയറ്റർ

താലിബിനൊപ്പം കച്ചവടസംഘത്തെ അനുഗമിച്ച് സിറിയൻ നഗരങ്ങളായ ബൊസ്റ, ദമാസ്കസ്, ഹോംസ്, ആന്റിയോക്ക് എന്നിവ പലതവണ സന്ദർശിക്കുകയുണ്ടായി.

ക്രിസ്തുവർഷം 634ൽ ഹദ്റത്ത് ഖാലിദ്ബ്നു വലീദ് (റ) ആണ് ഇസ്‌ലാമിനെ സിറിയയിലെത്തിച്ചത്. ഹദ്റത്ത് അലി (റ) യുടെ ഗോത്ര മായ ബനു ഹാശിമും ഹദ്റത്ത് ഉസ്മാൻ (റ) യുടെ ഗോത്രമായ ബനൂ ഉമയ്യയും തമ്മിൽ ശത്രുത നിലനിന്നിരുന്നു. എ.ഡി 661 ൽ ഹദ്റത്ത് അലി(റ) യുടെ വഫാത്തിനുശേഷം ഹദ്റത്ത് മുആവിയ്യ (സിറിയയിലെ ഗവർണർ) പുതിയ ഖലീഫയായി പ്രഖ്യാപിക്കപ്പെട്ടു. അതേ തുടർന്ന് അദ്ദേഹം ഭരണ കേന്ദ്രം മദീനയിൽനിന്ന് ദമാസ്കസിലേക്ക് മാറ്റി. എ.ഡി 750ൽ അബ്ബാസിദ് രാജവംശം അധികാരത്തിൽ വന്നപ്പോഴാണ് ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ തലസ്ഥാനം ബാഗ്ദാദിലേക്ക് പറിച്ചുനട്ടത്. അപ്പോഴേക്കും അറബി ഭാഷ ഗ്രീക്ക്, അരമാഇക് ഭാഷകൾക്കുപകരം സിറിയയുടെ ഔദ്യോധിക ഭാഷയായി കഴിഞ്ഞിരുന്നു.

**ഉമയ്യദ് മോസ്ക് – ദമാസ്കസ്**

റോമാക്കാരുടേയും ക്രൈസ്തവരുടെയും നഗരമായിരുന്ന ദമാസ്കസിൽ എ.ഡി 706ൽ ഖലീഫ അൽ-വലീദ് ആണ് ഉമയ്യദ് മോസ്ക് പണികഴിപ്പിച്ചത്. ഈ പള്ളി നിർമിക്കുന്നതിന് മുൻപ് സെന്റ് ജോൺ കത്തീഡ്രല്ലിലായിരുന്നു ക്രിസ്ത്യാനികൾക്കൊപ്പം മുസ്‌ലികളും ആരാധന നിർവഹിച്ചിരുന്നത്. സഹിഷ്ണുതയുടെ ഈ വലിയ പാഠം സ്പെയിനിലും നിലനിന്നിരുന്നു. സിറിയയിൽ വിവിധ മതവിശ്വാസികൾ തമ്മിൽ നിലനിന്നിരുന്ന പരസ്പര സഹകരണത്തിന്റെ ഒരുദാഹണം മാത്രമായിരുന്നു ഇത്. സഞ്ചാരിയായിരുന്ന ഇബ്നു ജുബൈർ ഏകദേശം 1184 ലെ തന്റെ ദമാസ്കസ് യാത്രയെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്,

ക്രിസ്ത്യാനികൾ മൗണ്ട് ലെബനോനിന് ചുറ്റും സഞ്ചരിച്ച് അവിടെയുള്ള മുസ്‌ലിം സന്യാസികൾക്ക് ഭക്ഷണം നൽകുകയും അവരോട് സൗമ്യമായി പെരുമാറുകയും ചെയ്യുന്നത് വളരെ അപൂർവമായ ഒരു കാഴ്ചയായിരുന്നു. മഹാനായ ദൈവത്തിന്റെ മാർഗത്തിൽ ജീവിതം സമർപ്പിച്ച ആ മനുഷ്യർക്ക് ഉള്ളതുപങ്കുവെക്കുക എന്നതായിരുന്നു അവരുടെ സമീപനം.

ഫ്രാങ്കിഷ് ക്രിസ്ത്യാനികളുടെയും മുസ്‌ലിംകളുടെയും നിയന്ത്രണത്തിലുള്ള സിറിയയിലെ രണ്ട് പ്രദേശങ്ങൾ തമ്മിൽ സ്വതന്ത്ര്യവ്യാപാരം നടന്നിരുന്നതായും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

അപ്രകാരം മുസ്‌ലിംകൾ ദമാസ്കസിൽനിന്ന് ഫ്രാങ്കിഷ് പ്രവിശ്യയിലൂടെ അക്റയിലേക്ക് സ്ഥിരമായി യാത്രചെയ്തിരുന്നു. അതുപോലെ ഒരു ക്രിസ്ത്യൻ വ്യാപാരിയുംതന്നെ മുസ്‌ലിം പ്രവിശ്യയിൽ പ്രവേശിക്കുന്നതിൽനിന്ന് തടയപ്പെട്ടിരുന്നില്ല.

മുസ്‌ലിം രാജ്യങ്ങളിൽനിന്നെല്ലാമുള്ള പണ്ഡിതന്മാരെ ആകർഷിക്കാൻ പര്യാപ്തമായ ധാരാളം വിദ്യാലയങ്ങളും ഗ്രന്ഥശാലകളും അവർ ആരംഭിച്ചു. ഉദാഹരണത്തിന് അലേപോയിലെ ബനൂ ജറാദാ ലൈബ്രറി പോലുള്ളവ. ദമാസ്കസിലെ ഹൗസ് ഓഫ് ഹദീദ് പണ്ഡിതന്മാരായ ഇബ്നു ഖതിർ, അൽ-നവാവി, തഖിയുദ്ദീൻ സുബ്കി, ഇബ്നു അൽ സലാഹ് തുടങ്ങിയവരെ ആകർഷിച്ചിരുന്നു. അതുപോലെതന്നെ ആശുപത്രികൾ നിർമിക്കപ്പെട്ടു. അതിൽ പ്രസിദ്ധമാണ് പാവപ്പെട്ടവർക്കും അശരണർക്കുമായി സുൽത്താൻ മാലിക് നൂറുദ്ദീനിനാൽ നിർമിക്കപ്പെട്ട നൂറീ ആശുപത്രി. ഇറാനിയൻ ആദ്ധ്യാത്മിക ദർശനത്തിന്റെ അടിസ്ഥാനത്തിൽ യഹ്‌യ സുഹ്റവർദി 12-ാം നൂറ്റാണ്ടിൽ അലെപോയിൽ അൽ-ഇശ്റാഖ് എന്നപേരിൽ ഒരു ജ്ഞാന വിദ്യാലയം സ്ഥാപിച്ചു. ആദ്ധ്യാത്മികതയും യുക്തിയും ഒരുപോലെ ചേരുമ്പോഴാണ് യഥാർഥ തത്ത്വജ്ഞാനം നിർവചിക്കപ്പെടുന്നത് എന്നാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്.

ഇസ്‌ലാം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരുന്നു



ആന്റിയോക്കിലെ സെന്റ് പീറ്റർ ചർച്ച്. സെന്റ് പോൾ തന്റെ ക്രിസ്തുമത വ്യാഖ്യാനങ്ങളെ രൂപപ്പെടുത്തിയത് ഇവിടെ വച്ചാണ്.

സൈപ്രസ് (690), തുർക്കിസ്ഥാൻ (705), സ്പെയിൻ (711), പാകിസ്താൻ (712) തുടങ്ങിയ പ്രദേശങ്ങളിലേക്ക്. ആ കാലയളവിൽ വളർന്നുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ കേന്ദ്രം എന്ന നിലക്ക് ദമാസ്കസ് ആഗോള പ്രശസ്തിയിലേക്ക് ഉയരുകയായിരുന്നു. വിവിധ ദേശങ്ങളിൽനിന്നുള്ള പണ്ഡിതരും ശില്പികളും അവരുടെ ആശയങ്ങൾ പങ്കുവെക്കുന്നതിന് സിറിയയിൽ എത്തിച്ചേർന്നു.

**സംക്ഷോഭത്തിന്റെ നൂറ്റാണ്ടുകൾ**

12-ാം നൂറ്റാണ്ടുമുതലാണ് പ്രശ്ന സങ്കീർണമായ നൂറ്റാണ്ടുകൾക്ക് തുടക്കമായത്. യൂറോപ്പിലെ കുരിശുയുദ്ധത്തോടെയായിരുന്നു അതിന്റെ ആരംഭം. സിറിയൻ ആന്റിയോക്യാ ഫ്രഞ്ചുകാർ തങ്ങളുടെ ഭരണ പ്രദേശമാക്കി മാറ്റിയിരുന്നു. ഈ പ്രദേത്തുകൂടെയായിരുന്നു നൂറ്റാണ്ടുകളായി കുരിശു പോരാളികൾ ജെറുസലേം ലക്ഷ്യമാക്കി സഞ്ചരിച്ചിരുന്നത്. 1260ൽ അലെപ്പോയും ദമാസ്കസും മംഗോളിയർക്കുകീഴടങ്ങി. എന്നാൽ അധികംതാമസിയാതെ ഈജിപ്തിലെ മംലൂക്കുകളുടെ ആക്രമണത്തോടെ അവർക്ക് പിൻവാങ്ങേണ്ടിവന്നു. അതേതുടർന്ന് വർഷങ്ങളോളം മംലൂക്കുകളും മംഗോളിയരും തമ്മിൽ സംഘർഷം നിലനിന്നു. 1400ൽ തിമൂർ ലെങ്കിന്റെ നേതൃത്വത്തിൽ മംഗോളിയർ വീണ്ടും അലെപോയും ദമാസ്കസും കീഴടക്കി. ഒട്ടുമിക്ക തദ്ദേശീയരെയും കൊന്നൊടുക്കി. അവർക്ക് ആവശ്യമെന്നുതോന്നിയവരെ മാത്രം മദ്ധ്യേഷ്യയിലെ സമർകന്തിലേക്ക് കൊണ്ടുപോയി. 15-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ചൈനയിലേക്ക് ആഫ്രിക്ക വഴി ഒരു കടൽമാർഗം കണ്ടുപിടിച്ചതോടെ കര മാർഗമുള്ള കച്ചവട പാതക്ക് ആവശ്യം കുറയുകയും അങ്ങനെ പ്രദേശത്തെ സംഘർഷങ്ങൾക്ക് അയവുവരുകയും ചെയ്തു.

**ഒട്ടോമാൻ സാമ്രാജ്യവും ആധുനിക സിറിയയും**

തുർക്കിയിലെ ഒട്ടോമൻ മുസ്‌ലിം സാമ്രാജ്യം 1516 ലാണ് സിറിയയിൽ ആധിപത്യം സ്ഥാപിച്ചത്. അതോടുകൂടി ദമാസ്കസിന് വീണ്ടും പ്രാമുഖ്യം കൈവന്നു. ഒട്ടോമൻ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് മക്കയിലേക്ക് പോകുന്ന തീർഥാടകരുടെ പ്രധാന കേന്ദ്രമായി അത് മാറി. 1916ൽ ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും ആ പ്രദേശത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും തങ്ങളുടെ രാഷ്ട്രീയനേട്ടങ്ങൾക്കായി ആ നാടിനെ വിഭജിക്കുകയും ചെയ്തതുവരെ തൽസ്ഥിതി തുടർന്നു.

അതേ സമയം സിറിയക്കുമേൽ നൂറ്റാണ്ടുകളോളം സ്വാധീനം ചെലുത്താൻ പര്യാപ്തമായ പുതിയൊരു ശക്തി രൂപം കൊള്ളുകയായിരുന്നു. ഓട്ടോമൻ സാമ്രാജ്യം കരുത്താർജിച്ചുകൊണ്ടിരുന്നകാലത്ത് അറബ് വിഭാഗത്തിൽപെട്ടശിയാമുസ്‌ലിംകൾ ഒരു രാഷ്ട്രീയ ശക്തിയായിരുന്നില്ല. 1501ൽ ഇസ്മായീലിന്റെ നേതൃത്വത്തിൽ സഫാവിദുകളുടെ പട്ടാളക്കാർ അസർബൈജാനിൽനിന്ന് ഇറാനിലേക്ക് കടക്കുകയും ആദ്യം തബ്‌റീസ് പ്രദേശം കീഴടക്കുകയും ചെയ്തു. ഏകദേശം ഒരു ദശകത്തിനുള്ളിൽ ഇറാൻ പൂർണമായും അവരുടെ നിയന്ത്രണത്തിലായി. ഇറാനിൽ ഭൂരിപക്ഷമായിരുന്ന സുന്നികളുടെമേൽ അവർ ശിയാ വിശ്വാസം അടിച്ചേൽപ്പിച്ചു. പൊടുന്നനെ ഒരു കരുത്തുറ്റ ഇറാനിയൻ ശിയാവിഭാഗത്തിന് വേരോട്ടമായി. പിന്നീട് സിറിയയിലും മറ്റ് അറബ് രാജ്യങ്ങളിലും നൂറ്റാണ്ടുകളോളം ഇറാൻ ഒരു നിർണായക സ്വാധീനമായി നിലകൊണ്ടു.

രണ്ട് ലോകമഹായുദ്ധങ്ങളുടെ ഇടവേളയിൽ, ഫ്രാൻസ് ശക്തിപ്രാപിച്ചുകൊണ്ടിരുന്ന ദേശീയവികാരത്തിനിടയിലും സിറിയയുടെ മേൽ ആധിപത്യം നിലനിർത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ 1946 ൽ സിറിയ സ്വാതന്ത്ര്യം നേടി. പിന്നീടങ്ങോട്ട് സിറിയ ലെബനോണുമായും ഇസ്രായേലുമായും നിരന്തരം സംഘർഷത്തിൽ തുടരുകയാണുണ്ടായത്.

**സിറിയയിലെ പണ്ഢിതർ**

ഇഗ്നേഷ്യസ് (35-98) ആദ്യകാല പാതിരിയും ആന്റിയോക്കിലെ മൂന്നാമത്തെ ബിഷപ്പുമായിരുന്നു. എന്നാൽ അദ്ദേഹത്തെ റോമിലേക്ക് പറഞ്ഞയക്കുകയും അവിടെവെച്ച് ട്രജൻ ചക്രവർത്തിയുടെ ആജ്ഞ പ്രകാരം വധിക്കപ്പെടുകയുമായിരുന്നു. ആന്റിയോക്കിനുസമീപമുള്ള സൈറസിലെ തിയോഡർ (393-458) ഒരു മിതവാദിയായ ബിഷപ്പായിരുന്നു. അലക്സാണ്ട്രിയക്കാരുമായി യേശുവി(അ) ന്റെ പ്രകൃതത്തെകുറിച്ചും വ്യക്തിത്വത്തെകുറിച്ചുമുള്ള സംവാദങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. പല ക്രൈസ്തവരും യേശുവിന് ദിവ്യത്വം കൽപ്പിക്കാൻ തുടങ്ങിയകാലത്തായിരുന്നു അത്. തിയോഡറാകട്ടെ യേശുവിന്റെ മാനുഷിക സത്തയെകുറിച്ചായിരുന്നു പ്രബോധിച്ചിരുന്നത്.

ഇബ്ൻ അൽ നഫീസ് (1213 -1288) ദമാസ്കസിലെ നൂറി ആശുപത്രിയിൽനിന്ന് വൈദ്യശാസ്ത്രം പഠിക്കുകയും ശേഷം മുന്നൂറ് വാല്യങ്ങളുള്ള പ്രസിദ്ധമായൊരു ഗ്രന്ഥം രചിക്കുകയും ചെയ്തു. ഇബ്നുസീനയുടെ ഗവേഷണങ്ങളുടെ ചുവടുപിടിച്ച് അദ്ദേഹം ശ്വാസകോശ സംബന്ധമായ ചികിത്സയിൽ അഗ്രഗണ്യനായി.

സിറിയയിലെ ക്രിസ്തുമത പണ്ഢിതനും കവിയുമായിരുന്ന അബ്ദിഷോ ബർ ബെരിഖ (ഏകദേശം 1318ൽ) ആന്റിയോക്കിലെ നെസ്റ്റോറിയൻ പാരമ്പര്യത്തിൽനിന്നുള്ള വ്യക്തിയായിരുന്നു.

ബൊസാന്റിയയുടെ പ്രാന്ത പ്രദേശത്തു ജനിച്ച ചരിത്രകാരനായിരുന്നു ഇസ്മായിൽ ഇബ്നുകഥീർ (1301-1373). മതനിന്ദയെകുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനുള്ള സമിതിയിലേതുൾപ്പടെ ദമാസ്കസിലെ പല സ്ഥാനങ്ങളും അദ്ദേഹം വഹിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ തഫ്സീർ അൽ ഖുർആനുൽ അളീം എന്ന പേരിലുള്ള വിശുദ്ധഖുർആൻ വ്യാഖ്യാനം വളരെ പ്രസിദ്ധമായിരുന്നു.

പ്രമുഖ ജ്യോതിശാസ്ത്രജ്ഞനായിരുന്ന ഇബ്നു അൽ ശതിർ (1305 -1375) ദമാസ്കസിലാണ് ജനിച്ചുവളർന്നത്. ഗ്രഹങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ പിന്നീട് വന്ന യൂറോപ്പിലെ ഗഗോള ശാസ്ത്രജ്ഞനായിരുന്ന കോപ്പർനിക്കസിനോട് കിടപിടിക്കുന്നവയായിരുന്നു.

**ആധുനിക സിറിയയും മതവും**

വിവിധ മതവിഭാഗങ്ങളെ ഒന്നിപ്പിക്കുന്ന ഒരു തളികയാണ് ആധുനിക സിറിയ. രാജ്യത്ത് 70% വും സുന്നി മുസ്‌ലിംകളാണ്. 12% പേർ ശിയ മുസ്‌ലിം വിഭാഗവും. പ്രമുഖരായ അസദ് കുടുംബത്തിലെ അലാവയ്ത്ത് വിഭാഗവും അതിൽ ഉൾപ്പെടുന്നു. 5% പേർ ക്രിസ്ത്യാനികളാണ്. ബാക്കിയുള്ള 13% ത്തിൽ 3% ഡ്രൂസ് വിഭാഗക്കാരാണ്. ചെറിയ ശതമാനം യഹൂദരുമുണ്ട്. എണ്ണത്തിൽ 25 ലക്ഷം വരുന്ന ക്രിസ്ത്യാനികളിൽ ചാൽസഡോണിയൻ ആന്റിയോക്കൻസ്, മെൽകൈറ്റ്സ്, അർമേനിയൻസ്, സിറിയൻ കത്തോലിക്കർ, കാൽഡിയൻ കത്തോലിക്കർ, റോമൻ കത്തോലിക്കാവിഭാഗം, മരോണൈറ്റ്സ്, അർമേനിയൻ അപ്പോസ്തലിക് ചർച്ച്, സിറിയൻ ഓർത്തഡോക്സ് ചർച്ച് തുടങ്ങിയ ധാരാളം വിഭാഗങ്ങൾ ഉൾപ്പെടുന്നു.

സഹസ്രാബ്ദങ്ങളായി സിറിയൻ ചരിത്രഗതിയുടെ ഭാഗമായിത്തീർന്ന മതങ്ങളെ അവ പ്രതിഫലിപ്പിക്കുന്നു. മറ്റുചില വിഭാഗങ്ങൾ ഇവയാണ്.

ഹദ്റത്ത് അലി (റ) യെ പിൻപറ്റുന്ന ട്വെൽവർഷിയാ പാരമ്പര്യം പിൻതുടരുന്ന അലവികളാണ് ഒരു കൂട്ടർ. ഹദ്റത്ത് അലി (റ) ന് അവർ ദിവ്യത്വം കൽപ്പിക്കുന്നുണ്ടെന്നാണ് ചിലർ പറയുന്നത്. ക്രൈസ്തവരുടെ ത്രിത്വത്തോടുവരെ താരതമ്യം ചെയ്യുന്നവരുമുണ്ട്. ഒരു പക്ഷേ നൂറ്റാണ്ടുകളോളം സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തിയതുകൊണ്ടായിരിക്കാം, അവരുടെ വിശ്വാസങ്ങളിൽ പലതും പുറംലോകത്തിന് അജ്ഞാതമാണ്. അവർ പുനർജന്മത്തിൽ വിശ്വസിക്കുന്നവരാണെന്നും പറയപ്പെടുന്നു. ഇസ്മായീൽ പാരമ്പര്യത്തിന്റെ ശക്തമായ സ്വാധീനം അവരിലുണ്ടെന്നാണ് കരുതപ്പെടുന്നത്. കർമാത്തിയന്മാർ എന്ന രണശൂരരായ വിപ്ലവകാരികളിൽ നിന്ന് അവർ പലതും സ്വാംശീകരിച്ചിരിക്കാം. അവരുടെ വിശുദ്ധ ഗ്രന്ഥമായ കിതാബ് അൽ മജ്മുവിൽ അരിസ്റ്റോട്ടിലിന്റെ രചനകളും ഉൾപ്പെടുന്നുണ്ടെന്നും പറയപ്പെടുന്നു. അവരുടെ പലവിശ്വാസങ്ങളെകുറിച്ചും അതായത്, സ്ത്രീകൾക്ക് ആത്മാവില്ല, മദ്യപാനത്തിനുള്ള അനുവാദം, ക്രിസ്തുമസ്, സൗരാഷ്ട്രരുടെ പുതുവർഷം പോലുള്ള അന്യമതസ്തരുടെ വിശേഷദിവസങ്ങൾ ആഘോഷിക്കൽ തുടങ്ങിയ വിഷയങ്ങളിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നു.

ശ്രദ്ധേയമായ മറ്റൊരു വിഭാഗമാണ് ദ്രൂസ് സമുദായം. അദ്വൈതവാദികളെന്ന് (അൽ മുഹാവുദ്ദീൻ) തങ്ങളെതന്നെ വിശേഷിപ്പിക്കുന്ന ഇക്കൂട്ടർ സിറിയ, ലെബനൺ, ഇസ്രായേൽ, ജോർദാൻ എന്നിവിടങ്ങളിലാണ് വസിക്കുന്നത്. ക്രിസ്തുവർഷം 1016 മുതൽ മതപ്രചരണം നടത്തിയിരുന്ന അദ്-ദരാസിയിൽനിന്നാണ് ഈ പേര് ലഭിച്ചതെന്നാണ് വിശ്വസിക്കുന്നത്. കയ്റോയിലെ ഖലീഫ അൽ-ഹക്കീമിന്റെ ദിവ്യത്വത്തെയാണ് അദ്ദേഹം പ്രചരിപ്പിച്ചിരുന്നത്. ഇസ്മായീലി ശിയാ പാരമ്പര്യത്തിൽനിന്നാണ് ദ്രൂസ് വിഭാഗത്തിന്റെ ആരംഭം. പിന്നീട് ഗ്രീക്ക്, യഹൂദ, ഗ്ണോസ്റ്റിക്ക്സ് ദാർശനികതയുടെ സ്വാധീനം കലർന്നു. ദൈവശാസ്ത്രവിഷയങ്ങളിൽ, ദൈവത്തിന്റെ മനുഷ്യാവതാരത്തെകുറിച്ച്, പ്രത്യേകിച്ച് ഹദ്റത്ത് അലി (റ) യും അനുയായികളെയും സംബന്ധിച്ച്, ദ്രൂസുകളുടെയിടയിൽ തർക്കം നിലനിന്നുപോരുന്നു. റസാഇൽ അൽ-ഹക്കീം എന്ന ഒരു ഗ്രന്ഥമുണ്ടെങ്കിലും അൽവൈത്തു കളെപോലെ ദ്രൂസുകളും അവരുടെ വിശ്വാസങ്ങളെ അധികം വെളിവാക്കാൻ ആഗ്രഹിക്കാത്തവരാണ്. അൽ-ഹക്കീം മഹ്ദിയായി വീണ്ടും അവതരിക്കുമെന്നാണ് അവരുടെ വിശ്വാസം. മതപരിവർത്തനമോ മിശ്രവിവാഹമോ അനുവദിക്കാറില്ല. സമുദായത്തിന്റെ പവിത്രതകാത്തുകൊണ്ട് വിശ്വാസത്തിന്റെ രഹസ്യാത്മകത അവർ നിലനിർത്തിപോരുന്നു.

യൂറോപ്പ്, ഏഷ്യ, പേർഷ്യ, ഈജിപ്ത്, അറേബ്യ തുടങ്ങിയ ദേശങ്ങളുടെ സംഗമവീഥിയെന്ന നിലയിൽ സിറിയക്ക് എക്കാലവും, ചുരുങ്ങിയത് 4000 വർഷത്തോളമായി, ഒരു നിർണായക സ്ഥാനമുണ്ടായിരുന്നു. അനവധി സംസ്കാരങ്ങളുടെയും ദൈവശാസ്ത്രങ്ങളുടെയും കൈമാറ്റത്തിന് സിറിയ സാക്ഷ്യം വഹിച്ചു. വിവിധ വിശ്വാസങ്ങളുടെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് പല സമൂഹങ്ങളും വളർച്ചപ്രാപിച്ചതെന്നത് യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് നിഗൂഢതകൾനിറഞ്ഞ ക്രിസ്ത്യൻ ഗ്ണോസ്റ്റിസിസവും ഇസ്‌ലാമിക് സൂഫിസവും.

ഇബ്നു ജുബയ്യറിനെ പോലെയുള്ള സഞ്ചാരികൾ രേഖപ്പെടുത്തിയതുപോലെ സിറിയയുടെ പ്രതാപകാലത്ത് വിവിധ മതസ്തർ തമ്മിൽ നിലനിന്നിരുന്ന സാഹോദര്യത്തെകുറിച്ച് പര്യാലോചിക്കുക എന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ നിർണായകം. അന്നത്തെ സമൂഹത്തിനുണ്ടായ ഈ സൽപേരിന് കാരണം അവർ അവരുടെ വിശ്വാസങ്ങൾക്കും സമുദായങ്ങൾക്കും ഉപരിയായി ആത്മീയതയെ ഉൾകൊണ്ടിരുന്നു എന്നതാണ്. സിറിയ ഇനിയെങ്കിലും അതേകുറിച്ച് വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് ഒരേ മതസ്ഥർതന്നെ പരസ്പരം യുദ്ധത്തിലേർപ്പെട്ടിരിക്കുകയും നിരപരാധികളായ സ്ത്രീകളുടെയും കുട്ടികളുടേയും ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ വേളയിൽ.

(വിവർത്തനം : അഹ്മദ് ഷാഫി. എച്ച്)

**മാലദ്വീപിലെ സ്വപ്നമത്സ്യം – 4**

# ആധുനിക മാലിയിലേക്ക്

എ. ക്യു മഹ്ദി

**തി**രുവനന്തപുരം എയർപോർട്ടിലെത്തിയപ്പോൾ രാവിലെ 9 മണി. പതിനൊന്നു മണിക്കുള്ള എയർഇന്ത്യ വഴിയാണ് എനിക്കും ഭാര്യയ്ക്കും ടിക്കറ്റ് തന്നിരിക്കുന്നത്. വിമാനത്താവളത്തിൽ വന്നപ്പോഴാണറിയുന്നത് ഫ്ളൈറ്റ് ഒരു മണിക്കൂർ ലേറ്റ്. വിമാനം റൺവേയിൽ വന്നു കിടപ്പുണ്ട്. പൈലറ്റുമായി മാനേജ്മെന്റിനുള്ള ഏതോ പ്രശ്നമാണത്രെ വൈകുന്നതിനു കാരണം.

ഒരു പാക്കേജ് ടൂറിന്റെ ഭാഗമായാണ് ഞങ്ങളീ മാലിയാത്ര ബുക്ക് ചെയ്തിരിക്കുന്നത്. മൂന്നു രാത്രിയും നാലു പകലുമടങ്ങുന്ന പാക്കേജ്. ട്രാവൽകമ്പനി അയച്ചുതന്ന, ഗ്രൂപ്പിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റിൽ നിന്നും ഈ യാത്രയ്ക്ക് ഞങ്ങളുൾപ്പടെ 20 പേരുണ്ടാവുമെന്നു കണ്ടു. പേരുകളിൽ നിന്നും എല്ലാവരും മലയാളികൾ തന്നെയെന്നും വ്യക്തമായി. ദമ്പതികളാണ് അവരൊക്കെയുമെന്ന് പട്ടികയിലൂടെ കണ്ണോടിച്ചപ്പോൾ തോന്നി.

കടമ്പകളൊക്കെ കടന്ന് ഞാനും ഭാര്യയും അവസാനഹാളിലെത്തിയപ്പോൾ മിക്ക സീറ്റുകളും യാത്രക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. ഈ യാത്രയിൽ ഞങ്ങളോടൊപ്പം പങ്കെടുക്കുന്നവർ കൂട്ടത്തിൽ ഇവരിലാരാവുമെന്ന് ഒരു ഊഹവുമില്ല. വിമാനത്തിൽ കയറിയാലും അത് അറിയുക എളുപ്പവുമല്ല. മാലിയിൽ വിമാനമിറങ്ങി, അവിടെ കാത്തുനിൽക്കുന്നുണ്ടാവുന്ന ടൂർമാനേജരുമായി ബന്ധപ്പെടുമ്പോൾ മാത്രമേ അതറിയാൻ കഴിയൂ.

കൂട്ടത്തിൽ പരിചിതമുഖമുള്ള ഒരു ദമ്പതികളെപ്പറ്റി ശബ്ദം താഴ്ത്തി ഭാര്യ സൂചന തന്നപ്പോൾ ഞാനും ശ്രദ്ധിച്ചു. പെട്ടെന്നോർമ വീണുകിട്ടി. 5 വർഷം മുമ്പ് ഞങ്ങളോടൊപ്പം യൂറോപ്പ് യാത്രയിൽ പങ്കെടുത്ത കോട്ടയത്തുകാർ ഡോക്ടർ ദമ്പതികൾ. ഡോക്ടർ ജോസഫും ഭാര്യ മോളിയും.

ഞങ്ങൾ നേരിട്ടുചെന്ന് പരിചയം പുതുക്കിയപ്പോൾ അവർക്കും സന്തോഷം. ഞങ്ങൾക്കു പോകേണ്ട ഇതേ എയർഇന്ത്യ ഫ്ളൈറ്റിൽ തന്നെ അവരും ഒരു ടൂർപാക്കേജിൽ പങ്കെടുത്ത് ശ്രീലങ്കയ്ക്ക് പോകുന്നു. മാലി ടച്ച് ചെയ്ത് കോളമ്പോയ്ക്കു പോകുന്ന വിമാനമാണിതെന്ന് അപ്പോഴാണറിയുന്നത്. ഞങ്ങൾ രണ്ടു കൂട്ടരും ഒരേ ട്രാവൽ ഗ്രൂപ്പുകാരോടൊപ്പമാണ് മാലി/കൊളമ്പോ യാത്രകൾ ഏർപ്പാടാക്കിയിരുന്നത്.

മുംബൈ ആസ്ഥാനമായുള്ള ഇന്ത്യയിലെ ഒരു മുന്തിയ ടൂർപാക്കേജ് കമ്പനിയാണിത്. അത്തരം ഉയർന്ന നിലവാരത്തിലുള്ള ട്രാവൽ സ്ഥാപനങ്ങളുടെ സേവനം എപ്പോഴും വളരെ മുന്തിയതും പ്രശംസാർഹമായ നിലയിലുള്ളതുമായിരിക്കും. നല്ല ഹോട്ടലുകളിൽ താമസം, മെച്ചപ്പെട്ട ഭക്ഷണം, ബ്രോഷറിൽ ഓഫർ ചെയ്ത കാഴ്ചകളൊക്കെ ഒന്നുപോലും ഒഴിവാക്കാതെ കാണിച്ചുതരൽ തുടങ്ങി, യാത്രയിൽ ഏതെങ്കിലും അപകടമോ രോഗാവസ്ഥയോ ഉണ്ടായാൽ ഇൻഷ്വറൻസ് സ്ഥാപനവുമായി ഉടൻ ബന്ധപ്പെട്ട് വേണ്ട നടപടികൾ കൈക്കൊള്ളുകവരെ എല്ലാം ഒന്നൊഴിയാതെ ഇത്തരം കമ്പനികൾ വേണ്ടപോലെ ചെയ്തുകൊള്ളും.

ഈ വിഷയത്തിൽ ഉദാഹരണങ്ങളും അനുഭവങ്ങളുമുണ്ട്. രണ്ടു വ്യത്യസ്ത ലോകയാത്രകളിൽ ഒപ്പമുണ്ടായിരുന്ന രണ്ടു ദമ്പതികൾക്കുണ്ടായ അത്തരം അവസ്ഥയെപ്പറ്റിയും ട്രാവൽ കമ്പനി അതെങ്ങനെ കൈകാര്യം ചെയ്തുവെന്നതിനെപ്പറ്റിയും ഓർമയുണ്ട്.

ഒന്ന് യൂറോപ്പ് യാത്രയിലെ അനുഭവമാണ്. ഒരുമാസം കൊണ്ട് 15 രാജ്യങ്ങൾ സന്ദർശിക്കുന്ന ടൂർപരിപാടിയായിരുന്നു അത്. അന്നും ഇതേ ടൂർ ഗ്രൂപ്പ് വഴി തന്നെയാണ് ബുക്ക് ചെയ്തിരുന്നതും. ഇന്ത്യയിൽ നിന്നും പുറപ്പെട്ട് ആദ്യ യൂറോപ്യൻ രാജ്യമായി ജർമനിയിലെ മ്യൂണിക്കിലെത്തി, തുടർന്ന്, അവസാനത്തെ 15-ാം രാജ്യമായ യു.കെ.യിലെ ലണ്ടനിൽ പ്രവേശിച്ചപ്പോഴാണ്, ഞങ്ങളുടെ സംഘത്തിലെ ഒരു സ്ത്രീയ്ക്ക് ചെറിയൊരപകടം സംഭവിച്ചത്. ആ ട്രിപ്പിലെ ഞങ്ങളുടെ മടക്കയാത്ര ലണ്ടനിലെ ഹീത്രൂ വിമാനത്താവളത്തിൽ നിന്നുമാണ്. ലണ്ടനിൽ നിന്ന് ദുബായിൽ വന്ന് ആ സ്വർണനഗരത്തിൽ ഒരുനാൾ തങ്ങി, പിറ്റേന്ന് മുംബൈ വഴി നെടുമ്പാശ്ശേരിക്കു വരുന്ന രീതിയിലാണ് യാത്രാ പരിപാടി ക്രമീകരിച്ചിരുന്നത്. ലണ്ടനിലെ ഏറ്റവും തിരക്കുള്ള ഹിത്രൂ എയർപോർട്ടിലെ ഒരു എലിവേറ്ററിൽ നിന്നും കാലിടറി വീണാണ് ഞങ്ങളുടെയാ വനിതാ അംഗത്തിന് പരിക്കു പറ്റിയത്. ഭാഗ്യം, ഏകദേശം യാത്രയുടെ അവസാനഘട്ടത്തിലായിരുന്നു ഇത്. അവരുടെ ഇടതുകാലിനാണ് ഒടിവ്. രണ്ടു പൊട്ടലുകൾ. പ്ലാസ്റ്ററിട്ട് കുറച്ചുദിവസം അനങ്ങാതെ കിടക്കണം. യാത്ര തുടരാൻ പറ്റില്ല.

മെഡിക്കൽ ഇൻഷ്വറൻസ് എല്ലാവർക്കുമുണ്ട്. ട്രാവൽ കമ്പനി,

പ്രീമിയം തുക നമ്മോട് മുൻകൂർ വാങ്ങി നിർബന്ധമായും എല്ലാവർക്കും മെഡിക്കൽ ഇൻഷ്വറൻസും എടുക്കാറുണ്ട്. ഇത് ഒരു നിർബന്ധിത കാര്യവുമാണ്.

ടൂർമാനേജർ ഉടൻതന്നെ ഇൻഷ്വറൻസ് കമ്പനിക്കാരെ വിളിച്ചു വരുത്തി. കമ്പനി ഉദ്യോഗസ്ഥൻ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് കൈപ്പറ്റിയിട്ട്, സ്ത്രീ ഉൾപ്പടെ ആ ദമ്പതികളുടെ ചുമതല ഏറ്റെടുത്ത് ഒരു ആംബുലൻസിൽ അവരെ ആശുപത്രിക്കു കൊണ്ടുപോയി. അവർ രണ്ടുപേരെയും മാത്രം ലണ്ടനിലാക്കി ഞങ്ങളുടെ ഗ്രൂപ്പ് ദുബായ് വഴി നാട്ടിലേക്ക് പോരുകയും ചെയ്തു.

തീർത്തും രണ്ടാഴ്ച കഴിഞ്ഞാണ് ലണ്ടനിലെ ആശുപത്രിയിൽ നിന്ന് ആ സ്ത്രീയെ ഡിസ്ചാർജ് ചെയ്തത്. അതുവരെ ഭർത്താവും ഇൻഷ്വറൻസ് കമ്പനി ചിലവിൽ ഒപ്പം നിന്നു. കഷ്ടിച്ച് എഴുന്നേറ്റ് നടക്കാൻ പാകമായപ്പോൾ ആ സ്ത്രീയെയും ഭർത്താവിനെയും ട്രാവൽ കമ്പനിക്കാർ നാട്ടിലേക്ക് വിമാനം കയറ്റി വിടുകയും ചെയ്തു. മോശമല്ലാത്ത ഒരു തുകതന്നെ ഇൻഷ്വറൻസ് കമ്പനിക്ക് ചെലവായിട്ടുണ്ടാവണം.

മറ്റൊരു അനുഭവമുണ്ടായി എന്നു പറഞ്ഞത് ശാരീരികമായ അപകടമോ രോഗാവസ്ഥയോ ഒന്നുമായിരുന്നില്ല. പേരിലെ ഒരക്ഷരത്തിൽ വന്ന പിഴവ്, ഒരു സ്പെല്ലിങ്ങ് മിസ്റ്റേക്ക് കാരണം ഒരു ഭർത്താവിന്റെ യാത്ര മുടങ്ങിപ്പോയ സംഭവമാണ്.

ഈജിപ്റ്റ് സഞ്ചാരത്തിനിടെ, മടക്ക യാത്രയിൽ കെയ്റോ എയർപോർട്ടിൽ വച്ചുണ്ടായ അനുഭവം. എറണാകുളം നിവാസിയായ വലിയൊരു വ്യവസായിയും ഭാര്യയും ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു. മദ്ധ്യവയസ് പ്രായമുള്ള ദമ്പതികൾ. രണ്ടുപേരും നല്ല രസികൻ കഥാപാത്രങ്ങൾ.

കെയ്റോയിൽ നിന്നും ചെന്നൈയ്ക്കുള്ള എയർഇന്ത്യ ഫ്ളൈറ്റിന് ബോർഡിങ്ങ് പാസ്സും വാങ്ങി എല്ലാവരും ക്യൂ ആയി വിമാനത്തിനടുത്തേയ്ക്ക് നീങ്ങുകയാണ്. വ്യവസായിയുടെ ഭാര്യ എന്റെ മിസ്സിസ്സിനോടൊപ്പം മുമ്പേ നടന്ന് ഫ്ളൈറ്റിൽ കയറിക്കഴിഞ്ഞു. തുടർന്ന് ഞങ്ങളെല്ലാം ഉള്ളിൽ കയറി സീറ്റുകളിലിരുന്നു.

വ്യവസായിയെ കാണുന്നില്ല. അദ്ദേഹം മാത്രമേ ഗ്രൂപ്പിൽ നിന്നും ഇനി വന്നു കയറാനുള്ളൂ. മൂപ്പരുടെ ഭാര്യക്ക് ആശങ്കയായി. പതിനഞ്ചു മിനിറ്റിനകം വിമാനത്തിന്റെ വാതിലടയ്ക്കും. പിന്നെ ഇറങ്ങാനും കയറാനും ഒന്നുമൊക്കില്ല.

മിസ്സിസ്സ് വ്യവസായി കരച്ചിലിന്റെ വക്കിലെത്തി നിൽക്കുന്നു. ഞാനവരെ ആശ്വസിപ്പിക്കാൻ ശ്രമം നടത്തി. ഒടുവിൽ വിവരം അറിയാനായി, അപ്പോഴും എയർപോർട്ടിൽ തന്നെ ഉണ്ടാവാനിടയുള്ള ടൂർമാനേജരെ ഞാൻ മൊബൈലിൽ വിളിച്ചു.

ചെറിയൊരു പ്രശ്നമുണ്ട്, ടൂർമാനേജർ പറഞ്ഞു. വ്യവസായിയുടെ പേരായ ഫ്രാൻസിസ് എന്നതിലെ ഒന്നു രണ്ടക്ഷരം ടൈപ്പിങ്ങ് മിസ്റ്റേക്കാവാം, അങ്ങോട്ടുമിങ്ങോട്ടും മാറിപ്പോയിരിക്കുന്നു. ഈ ഒരൊറ്റക്കാരണം കൊണ്ട് കമ്പ്യൂട്ടർ, ബോർഡിങ്ങ് പാസ്സ് ഇഷ്യൂ ചെയ്യുന്നില്ല. മനുഷ്യരുടേതു മാതിരി ദയാദാക്ഷിണ്യമൊന്നും യന്ത്രം കാണിക്കുകയില്ലല്ലൊ. ആ യന്ത്രം ബോർഡിങ്ങ് പാസ്സ് നൽകിയാലേ ഫ്രാൻസിസിനു യാത്ര ചെയ്യാനാവൂ.

ഈ വിവരം മൊബൈൽ ഫോണിലൂടെ ടൂർമാനേജർ എന്നോടു പറഞ്ഞു കൊണ്ടിരുന്നപ്പോൾ, തൊട്ടരികിലുണ്ടായിരുന്ന ഫ്രാൻസിസ് ഫോൺ വാങ്ങി എന്നോട്, അദ്ദേഹത്തിന്റെ ഭാര്യയെയും ഒപ്പം കൂട്ടി നെടുമ്പാശ്ശേരി എയർപോർട്ടിൽ ഇറക്കണമെന്നും വീട്ടിൽ നിന്നും ഡ്രൈവർ വന്ന് കൂട്ടിക്കൊണ്ടു പോകുമെന്നും അറിയിച്ചു. താൻ പിന്നീട് വന്നുകൊള്ളാമെന്നദ്ദേഹം ഭാര്യയോടും പറഞ്ഞു. അവർ അർധമനസ്സോടുകൂടി അതു സമ്മതിക്കയും, ഭർത്താവിനെ കെയ്റോയിൽ വിട്ടിട്ട് ഞങ്ങളോടൊപ്പം പുറപ്പെടുകയും ചെയ്തു.

ഇനി ഫ്രാൻസിസിന് എന്തു സംഭവിച്ചുവെന്ന് വായനക്കാർ അറിയുക. മൂന്നു ദിവസം കഴിഞ്ഞ് ചെന്നൈ വഴി നാട്ടിലെത്തിയ വ്യവസായി എന്നോട് ഫോണിൽ ഒക്കെയും പറഞ്ഞു.

കമ്പ്യൂട്ടറിൽ തലതിരിഞ്ഞുപോയ പേര് നേരെയാക്കിക്കിട്ടാൻ വെരിഫിക്കേഷനും മറ്റുമായി ഒരു ദിവസം കടന്നു പോയി. പിറ്റേന്നാകട്ടെ ഫ്ളൈറ്റിൽ സ്ഥലമില്ല. മൂന്നാംനാൾ സീറ്റ് തരപ്പെടുത്തി നാട്ടിലേക്ക് പോന്നു.

ഇതിനിടെയുള്ള കെയ്റോയിലെ ദിനങ്ങൾ സന്തോഷകരമായിരുന്നുവെന്ന് ഫ്രാൻസിസ് സാക്ഷ്യപ്പെടുത്തി. ട്രാവൽ കമ്പനി ഒരു സ്റ്റാർ ഹോട്ടലിൽ മുറിയെടുത്തു നൽകി. തന്റെ ഉടുത്തു മാറ്റേണ്ട വസ്ത്രങ്ങളൊക്കെ ആദ്യഫ്ളൈറ്റിൽ കയറി സ്ഥലം വിട്ടതിനാൽ കമ്പനി പുതിയ വസ്ത്രങ്ങൾ വാങ്ങി നൽകി. കൂടാതെ ദിവസവും 100 ഡോളർ വീതം (5000 രൂപ) അലവൻസും അനുവദിച്ചു.

രസകരമായ മറ്റൊരു നേട്ടവു ഉണ്ടായി എന്ന് ഫ്രാൻസിസ് ചിരിച്ചുകൊണ്ട് പറഞ്ഞതോർക്കുന്നു. ഇവയൊക്കെ കൂടാതെ പുറത്തു മാർക്കറ്റിൽ നിന്നും എന്തെങ്കിലും അത്യാവശ്യ വസ്തുക്കൾ വാങ്ങണമെങ്കിൽ അതും കമ്പനിച്ചെലവിൽ ആവാമെന്ന് ടൂർമാനേജർ അറിയിച്ചത്രെ. പക്ഷേ ബിൽ ഹാജരാക്കണമെന്നു മാത്രം.

കെയ്റോ നഗര സന്ദർശത്തിനിടെ വലിയൊരു ഷോപ്പിങ്ങ് മാളിൽ, വാങ്ങാനാഗ്രഹിച്ച് കൊതിച്ചിട്ട്, വില കൂടുതലായി തോന്നിയതിനാൽ ഒഴിവാക്കിയ ഒരു ലതർ ജായ്ക്കറ്റ് അദ്ദേഹം സ്വന്തമാക്കിയത്രെ. ജായ്ക്കറ്റ് ഫ്രഞ്ച് നിർമ്മിതമായിരുന്നു. വില 300 യു.എസ്സ്.ഡോളർ അഥവാ 15000 ഇന്ത്യൻ രൂപ. എല്ലാംകൊണ്ടും ലാഭക്കച്ചവടം.

തിരുവനന്തപുരം എയർ പോർട്ടിൽ മാലിഫ്ളൈറ്റിന്റെ എയർ ഇന്ത്യ അനൗൺസ്മെന്റ് എന്നെ ചിന്തയിൽ നിന്നും ഉണർത്തി. ഞങ്ങൾ ഫ്ളൈറ്റിലേക്ക് പോകാൻ എഴുന്നേറ്റു.

# ശ്രീകൃഷ്ണൻ: ഒരു മുസ്‌ലിം പുനർവായന

ഗ്രന്ഥകർത്താവ്: **കെ.പി.എ പുന്നോൽ**
വൈറ്റ്ബേർഡ് പബ്ളിക്കേഷൻസ് കോഴിക്കോട്

**പി. കെ വേണുഗോപാൽ, കൂടാളി**

**കാ**ലദേശ പരിധിയില്ലാതെ സകലരേയും സ്നേഹിക്കാൻ പഠിപ്പിക്കുക എന്നതാണ് എല്ലാമതങ്ങളുടേയും ധർമം. പ്രപഞ്ചത്തിനാകെ കാരുണ്യമായി വന്നഇസ്‌ലാം ശാന്തിയുടെ മഹാ ചൈതന്യമാണ്.

പക്ഷേ ഇന്ന് ഏറെ തെറ്റിദ്ധരിക്കപ്പെട്ട മതവും ഇസ്‌ലാം തന്നെയാണ്. ജിഹാദിനെക്കുറിച്ച് തെറ്റായി ധരിച്ച മുസ്‌ലിംകളുടെ നിഷ്ഠുര ചെയ്തികൾ, 19-ാം നൂറ്റാണ്ടിലെ ഓറിയന്റലിസ്റ്റുകളുടെ ഇസ്‌ലാമിക വിമർശനങ്ങൾ, ജമാഅത്തെഇസ്‌ലാമിയുടെ സ്ഥാപകനായ അബുൽ അഅ്ലാ മൗദൂദി മുന്നോട്ട് വെച്ച ആശയങ്ങൾ, ഹുകൂമത്തെ ഇലാഹി (ദൈവത്തിന്റെ ഭരണം) തുടങ്ങിയ ആശയ സങ്കൽപ്പങ്ങൾ ഇസ്‌ലാം മതം തെറ്റിദ്ധരിക്കപ്പെടുന്നതിന് കാരണങ്ങളായി. ശാന്തി എന്ന് അർഥം വരുന്ന ഇസ്‌ലാം എന്ന വാക്ക് ഭീകരതയുടെ പര്യായമായി ഇന്ന് ചർച്ചചെയ്യപ്പെടുകയാണ്.

സമീപകാലത്ത് എനിക്ക് വായിക്കാൻ അവസരം ലഭിച്ച ശ്രദ്ധേയമായ ഒരു കൃതിയാണ് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഖലീഫ മിർസാ ത്വാഹിർ അഹ്മദ് സാഹിബിന്റെ 'മതത്തിന്റെ പേരിൽ മനുഷ്യഹത്യ'. മതത്തെ അറിയാൻ ശ്രമിക്കുന്നവർക്ക് അദ്ദേഹം കുറിച്ച ചില വരികൾ ഞാനിവിടെ ആവർത്തിക്കുന്നു.

*'മതം എന്നത് സങ്കുചിത വിധേയത്വമുള്ള ഒരു ദേശീയതയല്ല. അത് ഭൂപരിധി നിർണയിക്കപ്പെട്ട ഒരു രാഷ്ട്രവുമല്ല. അത് ഹൃദയങ്ങളുടെ പരിവർത്തനമാണ്. പർവതങ്ങളെവാളുകൊണ്ട് ചലിപ്പിക്കാനോ ഹൃദയങ്ങളെ ശക്തി കൊണ്ട് മാറ്റിയെടുക്കാനോ സാദ്ധ്യമല്ല... മതങ്ങളെല്ലാം തന്നെ അവയുടെ നാമങ്ങൾ എന്തുമാകട്ടെ നിരപരാധികളായ മനുഷ്യരേയും സ്ത്രീകളേയും കുഞ്ഞുങ്ങളേയും ദൈവത്തിന്റെ പേരിൽ ചോരയിൽ മുക്കിക്കൊല്ലാൻ അനുവദിക്കുന്നില്ല.'*

സങ്കുചിത മനോഭാവവും അസഹിഷ്ണുതയും മുസ്‌ലിം രാജ്യങ്ങളിലെ പുരോഹിത വർഗത്തിന്റെ മുഖമുദ്രയാണ്. ഇതിന് മുൻപന്തിയിൽ സൗദി അറേബ്യയാണ്. അവരുടെ പെട്രോഡോളറിന്റെ വൻശേഖരം പാശ്ചാത്യ ബാങ്കുകളിൽ കുമിഞ്ഞു കൂടുന്നു. അതിന്റെ ഒഴുക്കാണ് സൗദി അറേബ്യൻ പൗരോഹിത്യത്തിന്റെ പതിപ്പിലുള്ള പണ്ഡിതന്മാരെ വാർത്തെടുക്കാൻ പ്രയോജനപ്പെടുന്നത്. മുസ്‌ലിം പണ്ഡിതന്മാർ ചേരിതിരിഞ്ഞ് പരസ്പരം പോരടിച്ച് ജിഹാദിന് ഇറങ്ങേണ്ടത് പാശ്ചാത്യ താൽപര്യങ്ങളുടെ സുപ്രധാന ഘടകമാണ്.

ഇത്തരം ഒരു സാഹചര്യത്തിൽ ശാന്തിയുടെയും സമാധനത്തിന്റെയും മതമായ ഇസ്‌ലാം തെറ്റിദ്ധരിക്കപ്പെടുന്നതിൽ അദ്ഭുതപ്പെടാനില്ല. ഖുർആന്റെ സന്ദേശവും തിരുനബിയുടെ ജീവിതചര്യയും ശരിയായ അർഥത്തിൽ ഉയർത്തിപ്പിടിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനുതകുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി അഹ്മദിയ്യാ പ്രസ്ഥാനം സമാധാന സന്ദേശം പകരുന്ന പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ശ്രീനാരായണ ഗുരു ഉരുവിട്ടത് പോലെ 'വാദിക്കാനും ജയിക്കാനുമല്ല; അറിയുവാനും അറിയിക്കാനും' നടത്തുന്ന ശ്രമങ്ങൾ സമുദായങ്ങൾ തമ്മിലുള്ള അടുപ്പം വർധിപ്പിക്കും സ്പർധ ഇല്ലായ്മ ചെയ്യും. സ്നേഹവും സമാധാനവും വളർത്തും.

അന്യമതങ്ങളിൽ പിറന്ന പുണ്യപുരുഷന്മാരെ പ്രവാചകന്മാരായി കരുതി ആദരിക്കുന്നരീതി അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ പ്രത്യേകതയാണ്. '***എല്ലാ സമുദായങ്ങളിലും നാം ദൈവദൂതരെ അയച്ചിട്ടുണ്ട്***' എന്ന വചനം ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. ഈ വചനമാണ് ശ്രീ. കെ.പി.എ പുന്നോലിന്റെ **ശ്രീകൃഷ്ണൻ- ഒരു മുസ്‌ലിം പുനർവായന'** എന്ന ലഘു ഗ്രന്ഥത്തിന് പ്രേരണയെന്ന് നിശ്ചയമായും കരുതാം, കോഴിക്കോട്ട് വൈറ്റ് ബേർഡ് പബ്ലിക്കേഷനാണ് ഇതിന്റെ പ്രസാധകർ. 49 പേജുകൾ മാത്രമുള്ള ഈ പുസ്തകം കമനീയമാണ്. മതങ്ങൾ തമ്മിലുള്ള അകലം കുറച്ച് മതസൗഹാർദം ലക്ഷ്യം വെക്കുന്ന ഹൈന്ദവ മുസ്‌ലിം സഹോദരന്മാർക്കാണീ പുസ്തകം സമർപ്പിച്ചിരിക്കുന്നത്. ഉള്ളടക്കം പതിനൊന്ന് അദ്ധ്യായങ്ങളിൽ ഒതുക്കിയിരിക്കുന്നു.

സജ്ജനങ്ങളെ സംരക്ഷിക്കാനും ധർമം നിലനിർത്താനുമായി യുഗം തോറും ഞാൻ അവതരിക്കുന്നു (ധർമസംസ്ഥാപനാർത്ഥായ സംഭവാമിയുഗേ യുഗേ) എന്ന ഗീതാ ശ്ലോകവും ഏക ദൈവത്തെ ആരാധിക്കുകയും ദുർജനങ്ങളെ നിരാകരിക്കുകയും ചെയ്യുവിൻ എന്ന ഉദ്ദേ

ശത്തോടെ 'നാം എല്ലാ സമുദായ ങ്ങളിലും പ്രവാചകന്മാരെ നിയോഗി ച്ചിട്ടുണ്ട്' എന്ന വിശുദ്ധ വചനവും ശ്രീകൃഷ്ണന്റെ മഹത്വവും ഉദ്ഘോ ഷിക്കുവാൻ 'ശ്രീകൃഷ്ണൻ' എന്ന തലക്കെട്ടിലുള്ള ഒന്നാമദ്ധ്യായ ത്തിൽ പ്രതിപാദിക്കുന്നു

ഹിന്ദുക്കൾ വിഷ്ണുവിന്റെ ഒമ്പ താമത്തെ അവതാരമായിട്ടാണ് ശ്രീകൃഷ്ണനെ സങ്കൽപ്പിക്കുന്നത്. ദുഷ്ട ശക്തികളുടെ നിഗ്രഹമാണ് ശ്രീകൃഷ്ണന്റെ അവതാരോദ്ദേശ്യം. ദ്വാപരയുഗത്തിലാണ് ശ്രീകൃഷ്ണൻ അവതരിച്ചത്. അച്ഛനായ ഉഗ്ര സേന രാജാവിനെ തടവിലാക്കി മധുര ഭരിച്ചിരുന്ന കംസനെ ശ്രീകൃഷ്ണൻ നിഗ്രഹിച്ചു. കംസൻ ശ്രീകൃഷ്ണന്റെ മാതുലനാണ്. അവതാരോദ്ദേശ്യം പൂർത്തീകരിച്ച ശ്രീകൃഷ്ണനെ കുറിച്ച് മുഹമ്മദ് നബി നൽകിയ സൂചന 'ഇന്ത്യയിൽ കാർവർണനായ ഒരു നബിയു ണ്ടായിരുന്നു അദ്ദേഹത്തിന്റെ പേർ കാഹിന (കണ്ണൻ)എന്നായിരുന്നു.' എന്നാണ്. രണ്ടാമത്തെ അദ്ധ്യായ ത്തിൽ പ്രവാചകന്റെ ഈ വരികൾ തന്നെ സാക്ഷ്യപ്പെടുത്തുന്നത് ഇതര മതാചാര്യന്മാരോടുള്ള ഇസ്ലാ മിന്റെ കാഴ്ച്ചപാടാണ്. അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ഉൾപെട്ടവരാണ് ഇത് ഏറെ പറയുന്നവരും.

മൂന്നാമത്തെ അദ്ധ്യായത്തിൽ ഏകദൈവ വിശ്വാസത്തിന്റെ പ്ര ഘോഷണമാണ്. ഗോലാപകൃഷ് ണനും ഗോപികമാരും എന്ന നാലാം അദ്ധ്യായത്തിൽ പുതിയ വ്യാഖ്യാന ങ്ങൾ ഗ്രന്ഥകാരൻ അവതരിപ്പിക്കു ന്നു. ഗോപികമാരുടെ രക്ഷിതാവും പരിപാലകനുമായതിനാലാണ് കണ്ണൻ ഗോപാലനായത് എന്ന് സിദ്ധാന്തിക്കുന്നു. അക്കാലത്തെ സമ്പത്ത് ഗോക്കളായിരുന്നു. ഗോ ക്കളെ പാലിക്കുന്നവൻ ഗോപാലൻ. ഗോപൻ എന്ന പദത്തിന്റെ സ്ത്രീ ലിംഗമാണ് ഗോപിക. ഗോപാലിക എന്ന ഒരു വംശം ഉണ്ടെന്നും കരു തപ്പെടുന്നു. ഈ വംശത്തിന്റെ തൊഴിൽ പശുപരിപാലനമാണ്. യാദവകുലത്തിൽ പിറന്ന ശ്രീകൃ ഷ്ണൻ ഇവരുടെ നായകനായിരു ന്നു. എന്നാൽ ഗ്രന്ഥകർത്താവ് ജന നായകനാണെന്ന് സൂചിപ്പിക്കുന്നു. സത്യവിശ്വാസികളെ ഗോക്കളായും പ്രതീകവത്ക്കരിക്കുന്നു.

അഞ്ചാമദ്ധ്യായത്തിൽ രാധാ കൃഷ്ണന്മാരുടെ പ്രേമം, സർവേ ശ്വരനുവേണ്ടി സർവവും ത്യജിക്കു ന്ന ദിവ്യ പ്രേമമായി ചൂണ്ടിക്കാണി ക്കപ്പെടുന്നു. ആറാം അദ്ധ്യായ ത്തിൽജലക്രീഡയിൽലയിച്ചിരി ക്കുന്നഗോപികമാരുടെ ഉടയാടകൾ അപഹരിച്ചത് തന്റെ മനോധർമമനു സരിച്ച് വ്യാഖ്യാനം നൽകാനാണ് ശ്രീ. കെ. പി എ. പുന്നോൽ ശ്രമിച്ചി ട്ടുള്ളത്. പശു, ആട്, പാൽ, വെള്ളം, വൃക്ഷം എന്നീ പദങ്ങളെ ദിവ്യഉപമ കളായി കാണുന്നു. കാളിയ മർദനം ശത്രുസംഹാരമായും വെണ്ണ മോഷണം ധർമസ്വീകരണമായും സമർഥിക്കുന്നു.

സംഗീതം മുസ്ലിംകൾക്ക് നിഷി ദ്ധമാണ് എന്ന അൽപ്പബുദ്ധിക ളുടെ ചിന്തക്ക് നല്ല പ്രഹരമാണ് പുല്ലാങ്കുഴലും സൂറെന്ന കൊമ്പും എന്ന അദ്ധ്യായം. ഉപകരണത്തിന്ന് സ്വന്തമായി സംഗീതമില്ല. അത് വാദനം ചെയ്യുന്നവന്റെ താളാത് മകമായ വായുപ്രവാഹത്തിന്റെ അനുരണം സൃഷ്ടിക്കുക മാത്ര മാണ് ചെയ്യുന്നത്. അതാണ് ജനം ശ്രവിക്കുന്നത് എന്നത് നല്ല ഒരു നിരീക്ഷണം തന്നെ

എന്നാൽ 'പതിനാറായിരത്തിന്റെ പരമാർഥം' അറിയാൻ ഗവേഷണം തുടരേണ്ടി വരും. യുദ്ധത്തിൽ വധി ക്കപ്പെട്ട പുരുഷന്മാരുടെ വിധവ കളായ സ്ത്രീകളുടെ സംരക്ഷ ണാർഥം ഭാര്യമാരായി സ്വീകരി ക്കുന്ന രീതി പല ദേശങ്ങളിലും പണ്ടു കാലത്ത് ഉണ്ടായിരുന്നു. പതിനാറായിരം ഭാര്യമാരെ സ്വീക രിച്ചില്ലെങ്കിലും പതിനാറായിരം സ്ത്രീകളുടെ സംരക്ഷണം ഏറ്റെടു ത്താലും പിൽക്കാലത്തെ വ്യാ ഖ്യാന വൈകൃതങ്ങളിൽ ഭാര്യമാരാ യികൂടെന്നില്ല.

49 പേജ് മാത്രം വരുന്ന ഈ കൊച്ചു കൃതി ആറായിരം വർഷ ങ്ങൾക്കപ്പുറത്തേക്കുള്ള ഗതകാല ചരിത്രത്തിലേക്ക് ഓടിച്ചു പോകാ നുള്ള ഒരു പാലമാണ് നിർമിച്ചിരി ക്കുന്നത്. അതുകൊണ്ട് തന്നെ 'ചെറുതാണ് മനോഹരം' എന്ന ചൊല്ലിനെ സാധൂകരിക്കുന്നതാണ് ഈ കൃതി. ഇതിന്റെ സമർപ്പണ ത്തിൽ സൂചിപ്പിച്ചത് പോലെ മതങ്ങൾ തമ്മിലുള്ള അകലം കുറച്ച് മതസൗഹാർദം ലക്ഷ്യം വെക്കുന്ന ഹൈന്ദവമുസ്ലിം സഹോദര ന്മാർക്ക് തീർച്ചയായും ഈ പുസ്തകം പ്രയോജനകരമാണ്. ഗ്രന്ഥകാരന്റെ ഇനിയുള്ള പരിശ്രമ ങ്ങളും ഇത്തരം സൽക്കർമങ്ങൾക്ക് പ്രേരകവും പ്രോത്സാഹനവുമായി തീരട്ടെ എന്ന് ആശംസിക്കുന്നു.

അവനത്രെ എന്നെ സൃഷ്ടിച്ചത്. എന്നിട്ട് അവൻ എന്നെ നേർവഴിയിൽ നടത്തുന്നു, എനിക്ക് ആഹാരവും പാനീ യവും നല്കുന്നവനുമാണവൻ, ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു, എന്നെ മരിപ്പിക്കുകയും പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനുമാ ണവൻ, പ്രതിഫലം നൽകുന്നനാളിൽ എന്റെ പാപങ്ങൾ അവൻ എനിക്ക് പൊറുത്തുതരുമെന്ന് ഞാൻ പ്രത്യാശി ക്കുകയും ചെയ്യുന്നു. (അങ്ങനെയുള്ളവനുമാണവൻ)
(വിശുദ്ധ ഖുർആൻ : 26 : 79–83)

കുറിപ്പുകൾ

# മാപ്പിന്റെ മഹാസാഗരമായി മാറിയ ഒരു മാതാവ്



മുസാഫിർ

ഇറാനിൽ അബ്ദുല്ല എന്ന യുവാവിനെ തെരുവു സംഘട്ടനത്തിൽ കൊലപ്പെടുത്തിയ കേസിൽ പ്രതിയാണ് ബിലാൽ. ഇറാനിയൻ കോടതി ബിലാലിനെ തുക്കിക്കൊല്ലാൻ വിധിച്ചിരിക്കയാണ്. തൂക്കി കൊല്ലാനുള്ള കഴുമരം ഒരുങ്ങിക്കഴിഞ്ഞു. കഴുമരത്തിന് താഴെ കറുത്ത തുണി കൊണ്ട് കണ്ണ് മൂടികെട്ടി ബിലാലിനെ കൊണ്ട് വന്ന് നിർത്തിയിരിക്കുന്നു. കഴുമരത്തിൽ തൂങ്ങി നിന്ന കയർ കുരുക്ക് കാവൽക്കാർ ബിലാലിന്റെ കഴുത്തിൽ അണിയിച്ചു കഴിഞ്ഞു. അടുത്ത നിമിഷം ബിലാൽ നിൽക്കുന്ന പീഠം തട്ടിമാറ്റിയാൽ കഴുത്തിൽ കയർ മുറുകി അയാൾ കയറിൽ പിടഞ്ഞു മരിക്കും. ശിക്ഷ നടപ്പാക്കുന്നത് കാണാൻ ബിലാലിന്റെ ബന്ധുക്കളടക്കംവലിയൊരു ജനക്കൂട്ടം ശ്വാസമടക്കിനിൽക്കുകയാണ്. ആശങ്കയുടെയും ഉദ്വേഗത്തിന്റേയും സ്തോഭജനകമായ നിമിഷങ്ങൾ. പെട്ടന്നതാ ബിലാൽ വധിച്ച അബ്ദുല്ലയുടെ മാതാവ് സമീറാ അലി നെജാദ് ഉയർത്തി കെട്ടിയ കഴുമര വേദിയിൽ പ്രത്യക്ഷയാവുന്നു. തന്റെ മകന്റെ ഘാതകനായ ബിലാലിന് മാപ്പ് നൽകിയതായി പ്രഖ്യാപിക്കുന്നു. ബിലാലിന്റെ മുഖത്ത് കയ്യോങ്ങി അടിച്ചുകൊണ്ട് കഴുത്തിൽ മുറുകാൻ കാത്തുനിന്ന കൊലക്കയർ കുരുക്ക് അവർ തന്നെ അഴിച്ചുമാറ്റുന്നു. തന്റെ മൃദുതാഡനത്തിൽ ബിലാലിനുള്ള സകല ശിക്ഷയും ആ വന്ദ്യമാതാവ് പ്രതീകാത്മകമായി ഒതുക്കുകയായിരുന്നു. നാടകത്തേക്കാൾ നാടകീയമായ വികാര തീവ്രമായ രംഗങ്ങളാണ് അവിടെ അരങ്ങേറിയത്. ഇസ്‌ലാമിക നിയമം അനുവദിക്കുന്ന മാപ്പിന്റെയും പൊറുമയുടെയും ശക്തികണ്ട് ലോകം ഞെട്ടി. ആ ഉമ്മയുടെ പൊറുമക്ക് മുമ്പിൽ മരണം ജീവിതമായി മാറി. ജീവൻ പിരിഞ്ഞ് അടുത്ത നിമിഷം ഒരു ജഢമായി കയറിൽ തുങ്ങിനിൽക്കുമായിരുന്ന ബിലാൽ വീണ്ടും



ബിലാലിനെ കൊലമരത്തിലേക്ക് കൊണ്ടുപോകുന്നു



മാപ്പ് കൊടുത്തതിനുശേഷം മുഖത്ത് മൃദുവായി അടിക്കുന്നു

ജീവനുള്ള മനുഷ്യനായിമാറി. ബിലാലിനാൽ കൊലചെയ്യപ്പെട്ട അബ്ദുല്ലയുടെ മാതവിനാകട്ടെ തന്റെ മറ്റൊരു മകൻ വാഹന അപകടത്തിൽ മരിച്ചതുമാണ്.

ബിലാലിന് വധശിക്ഷ വിധിച്ച തിൽ അബ്ദുല്ലയുടെ മാതാവ് സമീറ അലി നെജാദിന് യാതൊരു പരിഭ വവുമുണ്ടായിരുന്നില്ല. അബ്ദുല്ലയുടെ മരണം ആ മാതാ വിനെ അത്രക്ക് ദുഃഖിപ്പിച്ചിരുന്നു. വധശിക്ഷയുടെ ദിനങ്ങൾ അടുക്കു ന്തോറും അവർക്കുണ്ടായ ചില സ്വപനാനുഭവങ്ങളാണ് അവരുടെ തീരുമാനത്തെ മാറ്റിമറിച്ചത്. സമീറ അലി നെജാദ് ഗാർഡിയൻ പത്രറി പ്പോർട്ടറോട് തനിക്കുണ്ടായ ഒരു സ്വപ്നം വിശദീകരിക്കുകയു ണ്ടായി. അതായത് ബിലാലിന്റെ വധശിക്ഷ നടപ്പാക്കു ന്നതിന് പത്ത് ദിവസം മുമ്പ് തന്റെ മകൻ അബ്ദുല്ല സ്വപ്നത്തിൽ വന്ന് പ്രതികാരം ചെയ്യാൻ പാടില്ലെന്ന് തന്നോട് പറഞ്ഞു. വധശിക്ഷ നടപ്പാ ക്കുന്നതിന് രണ്ട് ദിവസം മുമ്പും വീണ്ടും എന്റെ മകൻ സ്വപ്നത്തിൽ വന്നു. പക്ഷേ ഇത്തവണ അവൻ എന്നോട് ഒന്നും സംസാരിച്ചില്ല. ഇതെല്ലാമാണ് ബിലാലിന് മാപ്പ് നൽകാനുള്ള തീരുമാനമെടുക്കാൻ എന്നെ പ്രേരിപ്പിച്ച കാരണമെന്ന് അവർ പറഞ്ഞു. കഴുമരത്തിൽ നിന്നും കൊലക്കയർ മാറ്റി സമിറാ അലി നെജാദ് താഴെവന്നപ്പോൾ ബിലാലിന്റെ മാതാവ് ഖുബ്റ് ജനക്കൂട്ടത്തെ വകഞ്ഞുമാറ്റി അവ രുടെ അടുത്തേക്ക് ഓടിയെത്തി. പൊട്ടിക്കരഞ്ഞു കൊണ്ട് കെട്ടി പിടിച്ചു അവരുടെ പാദങ്ങളിൽ വീഴുന്നത് അവർ കൈ കൊണ്ട് തടഞ്ഞു.'എന്നെ പോലെ അവളും ഒരു മാതാവല്ലേ' എന്നായിരുന്നു ആ വന്ദ്യമാതാവിന്റെ പ്രതികരണം. സമിറാ അലി നെജാദ് ഇപ്പോൾ ഇറാനിലെ എല്ലാവരുടെയും ഉമ്മ യായി മാറിയിരിക്കുന്നതായി പത്ര ങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഈസ്റ്റർ ദിനങ്ങളിൽ ഇറാനിൽ നടന്ന മാപ്പു കൊടുക്കലിന്റെ ഈ പവിത്ര വാർ ത്ത ലോകം മുഴുവനുമുള്ള മാധ്യമ ങ്ങളിൽ ക്രിസ്തുവിന്റെ പീഠാനു ഭവ കഥക്കൊപ്പം വായിക്കപ്പെട്ടു.



ബിലാലിന്റെ മാതാവ് മാപ്പ് നൽകിയ സമീറ അലി നെജാദിനെ കെട്ടിപിടിച്ച് കരയുന്നു

ഇസ്ലാമിക നിയമത്തിന്റെ ചല നാത്മകവും ആർദ്രപൂരിതവുമായ മാനവീയത സൃഷ്ടിച്ച യഥാർഥ ജീവിത നാടകമാണ് ഇറാനിലെ കഴുമരത്തിന് ചുവട്ടിൽ നാം കണ്ടത്. അതായത് കൊലപാത കത്തിന് തതുല്യമായ ശിക്ഷ നൽക ണമെന്നാണ് ഖുർആന്റെ നിർദേശം. അതേ സമയം വധശിക്ഷക്ക് വിധി ക്കപ്പെട്ടവന് മാപ്പ് നൽകാൻ കൊല്ല പ്പെട്ടയാളുടെ അടുത്ത ബന്ധു ക്കൾക്ക് വിശുദ്ധഖുർആൻ അവ സരം നൽകുകയും ചെയ്യുന്നു. (വി. ഖുർആൻ 2:178,179) കൊലപാത കിക്ക് നിരുപാധികമായോ അല്ലെ ങ്കിൽ നഷ്ടപരിഹാരം നൽകിയോ മാപ്പ് നൽകാം. മറ്റു രാജ്യങ്ങളിലെ നിയമ വ്യവസ്ഥകളിൽ സ്റ്റേറ്റി നാണ് ആ അധികാരം നൽകുന്നത്. കൊലയാളി ചെയ്ത നിഷ്ഠുര തയുടെ എല്ലാനഷ്ടവും സഹിക്കു ന്ന അവന്റെ ഏറ്റവും അടുത്ത ബന്ധു, വധശിക്ഷക്ക് വിധിക്കപ്പെട്ട് മരണം കാത്തുകഴിയുന്ന കൊലപാ തകിക്ക് മാപ്പ് നൽകുമ്പോൾ അത് ഒരു പുതിയ മനുഷ്യന് ജന്മം നൽകുകയും സമൂഹത്തെയാക മാനം ആർദ്രവികാരം കൊണ്ട് തരളിതമാക്കുകയും ചെയ്യും. നി യമത്തിന്റെ പേരിൽ ഏറെ പഴികേൾ ക്കുന്ന ഇറാനിൽ സംഭവിച്ചത് അതാണ്. അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നു:

***'അവർ മാപ്പു നൽകുകയും വിട്ടു വീഴ്ച്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്ത് തരണമെന്ന് നിങ്ങൾ ആഗ്രഹിക്കു ന്നില്ലേ? അല്ലാഹു സർവദാ പൊറു ക്കുന്നവനും സർവജ്ഞനുമാകു ന്നു' (24: 23)***

പേജ് 24 ൽ നിന്നും തുടർച്ച

ങ്ങളിൽപെട്ടവനായിരിക്കും. എന്നാൽ ബാഹ്യമായ സന്താന ങ്ങളിൽ നിന്നായിരിക്കില്ല. എന്തെ ന്നാൽ ഒരു സന്താനവും ഉണ്ടായി ട്ടില്ലാത്തഭാര്യയിൽ നിന്നായിരിക്കും അദ്ദേഹം ജനിക്കുക എന്ന് എഴുത പ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ശൈത്വാനുമായി അവസാന യുദ്ധമുണ്ടായിരിക്കും. യുദ്ധം വളരെ ഭയാനകമാണെ ന്നും മലക്കുകളെ ഇറക്കണമെന്നും അദ്ദേഹം ദൈവത്തോട് കേണപേ ക്ഷിക്കും.അപ്പോൾ ദൈവം തന്റെ മാലാഖമാരെ ഇറക്കുന്നതാണ്. അവസാനം ശൈത്വാൻ യുദ്ധം ചെയ്തു ക്ഷീണിക്കുന്നതാണ്. അന്നേരം ആ നബി മലക്കുകളുടെ സഹായത്താൽ ശൈത്വാനുമേൽ അവസാന ആക്രമണം നടത്തു കയും അങ്ങനെ ഭയാനകമായ ആ യുദ്ധ ത്തിൽ ശൈത്വാൻ പരാജയ പ്പെടുന്നതുമാണ്. അവൻ പിടി ക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതാണ്. അതിനുശേഷം സമാധാനമായിരിക്കും. ഈ ലോകം ഒരുപാട് വ്യാപിക്കുന്നതാണ്. കാര ണം, മരിപ്പിക്കുന്ന ശൈത്വാൻ തന്നെ സ്വയം മരിച്ച സ്ഥിതിക്ക് ആരും മരിക്കുകയില്ലല്ലോ.

ഈ കാര്യങ്ങളെല്ലാം തന്നെ ഒരു നബിയുടെ വാക്കുകളായാണ് തോന്നുന്നത്. എന്തെന്നാൽ, അവ യെല്ലാം സത്യമായി പുലർന്നിരി ക്കയാണ്; പുലർന്നുകൊണ്ടിരിക്കു കയുമാണ്. മൊസ്യൂസർ ബഹ്മി (അനുഗൃഹീത മസീഹ്) വന്നു കഴിഞ്ഞു. വിവരിക്കപ്പെട്ട എല്ലാ അടയാളങ്ങളോടും കൂടിയാണ് അദ്ദേഹം വന്നത്. മാത്രമല്ല, ശൈ ത്വാനുമായി അവസാന യുദ്ധം ഉണ്ടായിരിക്കുമെന്ന് മറ്റു പ്രവാ ചകന്മാരും പറഞ്ഞിട്ടുണ്ട്. അതി പ്പോൾ നടന്നുകൊണ്ടിരിക്കയാണ്. ജനങ്ങളെ സത്യമതത്തിൽ നിന്നു പിന്തിരിപ്പിക്കാനും ദൈവത്തെ ഉപേ ക്ഷിക്കാനുമുള്ള ശ്രമങ്ങൾ എല്ലാ വിധത്തിലും നടന്നു കൊണ്ടി രിക്കുന്നു. അതിനെതിരിൽ ജന ങ്ങളെ ദൈവവുമായി ബന്ധിപ്പി ക്കാനുള്ള ശ്രമങ്ങളും നടന്നു കൊ ണ്ടിരിക്കുകയാണ്. അങ്ങേയറ്റം അപകടകരമായ യുദ്ധമാണിത്.

ആകാശത്തു നിന്നും മലക്കു കളെ ആവശ്യപ്പെടുമെന്ന കാര്യ വും പൂർത്തിയായിരിക്കുന്നു. വാഗ്ദത്ത മസീഹ്(അ) ദൈവ ത്തോട് ഒരു ലക്ഷം മലക്കുകളെ ആവശ്യപ്പെട്ടതായും ആയ്യായിരം മതി, ഒരുലക്ഷം അധികമാണ് എന്ന് അല്ലാഹു പറഞ്ഞതായുമുള്ള ഒരു കശ്ഫ് (ജാഗ്രതാ സ്വപ്നം) വാഗ്ദത്ത മസീഹിന്റേതായുണ്ട്. (തദ്കിറ) ഖുർആനിൽ അയ്യായിരം മലക്കുകളെ കുറിച്ച് പരാമർശ മുള്ളതു കൊണ്ടാണ് അത്രയും നൽകപ്പെട്ടത്. ഈ പ്രവചനം പൂർത്തിയായിരിക്കുന്നുവെന്ന് സാരം. (തുടരും)

വിവ. ബി.എം. ആരിഫ് മുഹമ്മദ് ശാഹിദ്




മജ്‌ലിസ് അൻസാറുല്ലാ എറണാകുളം ജില്ലാ റിഫ്രഷർ കോഴ്‌സ് ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ്സാ ഹിബ് ഉദ്ഘാടനം ചെയ്യുന്നു



അത്തിയത്തുൽ ഹയ്യ്

ദേശീയ തലത്തിൽ A3 Grade with Scholarship (LKG) ലഭിച്ച അത്തിയത്തുൽ ഹയ്യ്. കടലായി ജമാഅ ത്തിലെ സമീർ അഹ്മദ് സാഹിബിന്റെയും ഫെമിന സമീർ സാഹിബയുടെയും മകളാണ്.

## നിസാർ അഹ്മദ് സാഹിബ് ജില്ലാജഡ്ജി



കെ. ടി. നിസാർ അഹ്മദ്

കൊടിയത്തൂർ ജമാഅത്തിലെ മർഹൂം കെ. ടി. ഹുസൈൻ സാഹിബിന്റെയും ആയിശകുട്ടി സാഹിബയുടേയും പുത്രനായ കെ. ടി. നിസാർ അഹ്മദ് സാഹിബിന് ജില്ലാ ജഡ്ജിയായി നിയമനം ലഭിച്ചു. ഹൈസ്കൂൾ വരെ കൊടിയത്തൂരിൽ പഠിച്ച അദ്ദേഹം ദേവഗിരി സെന്റ് ജോസഫ് കോളേജിൽ നിന്നും ബി. എസ്. സി. ബോട്ടണിയും കോഴി ക്കോട് ഗവ. ലോകോളേജിൽ നിന്ന് 86-89 കാലത്ത് നിയമ ബിരുദവുമെടുത്തു. ഇപ്പോൾ ബത്തേരി സബ് ജഡ്ജിയായി സേവന മനുഷ്ഠിക്കുകയാണ്. ഭാര്യ ബോബി നിസാർ, മക്കൾ നിഹാൽ നിസാർ, അമൽ നിസാർ, അക്മൽ നിസാർ

## ഉന്നതവിജയം കരസ്ഥമാക്കി

**എസ്. എസ്. എൽ. സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും A+ നേടിയവർ**

**നേഹനാസർ കൊടിയത്തൂർ:** അരിഞ്ചീരിനാസറിന്റെയും ആബിദ സാഹിബദയുടെയും മകൾ.

**റോഷൻ സത്താർ കൊടിയത്തൂർ:** അരിഞ്ചീരി സത്താറിന്റെയും റംലാ സാഹിബയുടേയും മകൻ.

**മന്യ സുധീർ കൊടിയ ത്തൂർ:** എ. എം. സുധീറിന്റെയും ശാനിസുധീറിന്റെയും മകൾ

**ഹിമ തഹ്സിൻ കൊടിയത്തൂർ:** അക്ബർ സാഹിബിന്റെയും ഷജീല സാഹിബയുടെയും മകൾ. നാലു പേരും കൊടിയത്തൂർ P.T.M. ഹൈസ്കൂളിലെ വിദ്യാർഥികളാണ്.

**അലൻ ബഹർ മണ്ണാർക്കാട് :**
മണ്ണാർക്കാട് ബഹർ സാഹിബിന്റെ മകനാണ്. എം.ഇ.റ്റി. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർഥിയാണ്.



അലൻ ബഹർ



റോഷൻ സത്താർ




കരുളായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന തബ്‌ലീഗ് സമ്മേളനത്തിൽ മൗലവി എം. നാസിർ അഹ്മദ് സാഹിബ് പ്രസംഗിക്കുന്നു



ചാവക്കാട് നടന്ന ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് ജില്ലയുടെ നേതൃത്വ പരിശീലന ക്യാമ്പ്


# അനുസ്മരണം

## സി.കെ. കോയമുട്ടി സാഹിബ്



കൊടിയത്തൂർ ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽ ഒരാളായിരുന്ന ടി. കെ. കോയമുട്ടി സാഹിബ് (93) മാർച്ച് 26 ന് വഫാത്തായി (ഇന്നാലില്ലാഹി...) ജമാഅത്തിന്റെ മജ്‌ലിസെ ആമിലയിൽ വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്. ഊർജസ്വലനായിരുന്ന വ്യക്തിത്വമായിരുന്നു. മൂസിയാ യിരുന്ന അദ്ദേഹത്തെ ഖാദിയാൻ ബഹ്ശ്തീ മഖ്ബറയിൽ കബറടക്കി.

## കെ. കെ അബ്ദുല്ലാ സാഹിബ്



എറണാകുളം: എറണാകുളം ജമാഅത്ത് വൈസ് പ്രസിഡന്റ് കിഴക്കേത്താഴത്ത് വീട്ടിൽ കെ.കെ അബ്ദുല്ലാ സാഹിബ്(80) ഏപ്രിൽ 27 ന് പുലർച്ചെ വഫാത്തായി(ഇന്നാലില്ലാഹി..) അദ്ദേഹം ദീർഘകാലം എറണാകുളം ജമാഅത്ത് പ്രസിഡന്റായും സേവന മനുഷ്ഠിച്ചിട്ടുണ്ട്. ജമാഅത്തിന്റെ ഔദ്യോഗിക പദവികളിൽ വളരെ സ്തുത്യർഹമായും കണിശമായും അദ്ദേഹം പ്രവർത്തിച്ചു. എല്ലാവരോടും സൗഹൃദത്തോടെപ്രവർത്തിച്ചിരിന്ന അബ്ദുല്ലാ സാഹിബ് മരണം വരെ ജമാഅത്തുമായി സജീവബന്ധം പുലർത്തിയിരുന്നു. എറണാകുളത്തെ ആദ്യത്തെഅഹ്മദിയായ മൗലവി മുഹമ്മദ് അശ്റഫ് സാഹിബ് ഇദ്ദേഹത്തിന്റെ സഹോദരീ ഭർത്താവാണ്. ഭാര്യ: ഫോർട്ട് കൊച്ചി സ്വദേശി എം. എം. സുബൈദ. മക്കൾ: കെ.എ.നിസാർ അഹ്മദ്, കെ.എ നിസാം അഹ്മദ്. മരുമക്കൾ: വഹീദാ നിസാർ, റെയ്ഹാന നിസാം. അല്ലാഹു കുടുംബാംഗങ്ങൾക്ക് ക്ഷമയും പരേതന് ജന്നത്തിൽ ഉയർന്ന സ്ഥാനങ്ങളും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

ബി.എ. മുഹമ്മദ്നജീബ്,
എറണാകുളം

Published on 7 May 2014 Vol: 86 Issue.5
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14 Price Rs. 20/-
Licence No. KL/CR/EKM/WPP-21/2012-14, Licensed to Post Without Prepayment
The Sathyadoothan Monthly

ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും
ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും
ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം




# വെളിപാട് യുക്തി ജ്ഞാനം സത്യം

ഗ്രന്ഥകർത്താ:
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
വിവർത്തനം
എ. എം. മുഹമ്മദ് സലീം

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ
സമഗ്രമായ ഇൻഡക്സ്

ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

**1800 425 2020 Toll Free**
**(9 am to 9 pm)**